# ഉള്ളടക്കം

## മലയാളം - I
## കേരള പാഠാവലി


| | യൂണിറ്റ് | പാഠങ്ങൾ |
|---|---|---|
| 1. | കാലിലാലോലം ചിലമ്പുമായ് | ചെറുതായില്ല ചെറുപ്പം<br>മുരിഞ്ഞപ്പേരീം ചോറും |
| 2. | ഇരുചിറകുകളൊരുമയിലങ്ങനെ | ഇവൾക്കുമാത്രമായ്<br>സാഹിത്യത്തിലെ സ്ത്രീ<br>യാത്രാമൊഴി |
| 3. | അശാന്തിപർവ്വങ്ങൾക്കപ്പുറം | ഗാന്ധാരീവിലാപം<br>പട്ടാളക്കാരൻ<br>അർജുനവിഷാദയോഗം |
| 4. | കായിൻപേരിൽ പൂ മതിക്കുവോർ | ഉതുപ്പാന്റെ കിണർ<br>അടുത്തൂൺ<br>കടലിന്റെ വക്കത്ത് ഒരു വീട് |
| 5. | ദേശപ്പെരുമ | പൊന്നാനി<br>തട്ടകം<br>കടമ്മനിട്ട<br>ഉരുളികുന്നത്തിന്റെ ലുത്തിനിയ |

# യൂണിറ്റ് - 1

## 1. ചെറുതായില്ല ചെറുപ്പം

**പാഠങ്ങൾ**

ചെറുതായില്ല ചെറുപ്പം-ഉണ്ണായിവാര്യർ, മുരിഞ്ഞപ്പേരീം ചോറും-വി.ആർ. കൃഷ്ണചന്ദ്രൻ, ആർട്ട് അറ്റാക്ക് - എം. മുകുന്ദൻ.

കല, വെറും ഉപഭോഗസംസ്കാരത്തിന്റെ ഭാഗമായിക്കാണുന്ന ആധുനികകാലഘട്ടത്തിൽ ജീവിക്കുന്ന നമ്മളോട്, കലകൾ എങ്ങനെ നമ്മുടെ സാംസ്കാരിക വളർച്ചയുടെ ഭാഗമായി നിന്നിരുന്നു എന്നു വ്യക്തമാക്കുന്നതും കലാപാരമ്പര്യത്തെ വ്യക്തമാക്കിത്തരുന്നതുമായ യൂണിറ്റാണിത്.

| പാഠഭാഗം | സാഹിത്യരൂപം | എഴുത്തുകാരൻ | മറ്റ് കൃതികൾ |
|---|---|---|---|
| ചെറുതായില്ല ചെറുപ്പം | ആട്ടക്കഥ | ഉണ്ണായിവാര്യർ | ഗിരിജാകല്ല്യാണം, രാമപഞ്ചശതി |
| മുരിഞ്ഞപ്പേരീം ചോറും | കൂത്ത് | വി.ആർ. കൃഷ്ണചന്ദ്രൻ | പുരുഷാർത്ഥക്കൂത്ത്, (വിദൂഷകക്കൂത്ത്) |
| ആർട്ട് അറ്റാക്ക് | ചെറുകഥ | എം. മുകുന്ദൻ | ഡൽഹി, ഹരിദ്വാറിൽ മണിമുഴങ്ങുന്നു, നൃത്തം, കേശവന്റെ വിലാപങ്ങൾ, ദൈവ-ത്തിന്റെ വികൃതികൾ. |

## 1. ചെറുതായില്ല ചെറുപ്പം - ഉണ്ണായിവാര്യർ

പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഉണ്ണായി വാര്യർ രചിച്ചതാണ് നളചരിതം ആട്ടക്കഥ. നാലു ദിവസമായിട്ടാണ് ആടിത്തീർക്കൽ. സംസ്കൃതവും മണിപ്രവാളവും ശുദ്ധമലയാളപദങ്ങളും കവി ഉപയോഗിച്ചിരിക്കുന്നു. കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. നളചരിതം ഒന്നാം ദിവസത്തിൽ നിന്നെടുത്തതാണ് പാഠഭാഗം. നളനെക്കുറിച്ച് കേട്ടറിഞ്ഞ് മനസ്സിളകി നിൽക്കുന്ന ദമയന്തിയെ കളിയാക്കുന്നതോഴിമാർ. അനുരാഗിണിയായ ദമയന്തിയുടെ മുന്നിലേക്ക് പറന്നിറങ്ങുന്ന ഹംസം. ദമയന്തിയുടെ മാനസീകാവസ്ഥ വ്യക്തമാക്കുന്ന ഉദ്യാനവർണ്ണന. ഹംസത്തിന്റെ സൗന്ദര്യം വ്യക്തമാക്കുന്ന വിവരണം. ദമയന്തിയുമായി ചങ്ങാത്തം കൂടി ദൂതദൗത്യം പാലിക്കുന്ന ഹംസം. ഇതാണ് പാഠത്തിന്റെ ആശയം.

**ഔചിത്യം**

'ചെറുതായില്ല ചെറുപ്പം' എന്ന ശീർഷകം എത്രമാത്രം ഉചിതമാണ്.

- ☞ ചെറുതാകുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, കുറയുക, ഇല്ലാതാകുക.
- ☞ ചെറുപ്പം എന്ന വാക്കിന്റെ അർത്ഥവും ആശയവും
- ☞ കുട്ടിത്തം (അവൻ ചെറുപ്പമാണ്)
- ☞ യൗവനം (ചെറുപ്പക്കാരൻ, ചെറുപ്പക്കാരി)
- ☞ ചെറുപ്പം കുറഞ്ഞില്ല, കുട്ടിത്തം വിട്ടുമാറിയില്ല.

ഈ ആശയത്തിൽ നിന്ന് ശീർഷകം പരിശോധിക്കാം.

- ☞ അഭിപ്രായം പ്രകടിപ്പിക്കുന്ന സന്ദർഭം കണ്ടെത്തണം.
- ☞ യൗവനത്തിലേക്കെത്തിയിട്ടും കുട്ടിക്കളിവിട്ടുമാറാത്ത ദമയന്തി
- ☞ മറ്റുള്ളവർ പരിഹസിക്കുമെന്ന ഉപദേശം നൽകുന്ന ഗുണകാംക്ഷി (ഹംസം)
- ☞ അഭിപ്രായം പ്രകടിപ്പിച്ച ആളുടെ ഉദ്ദേശ്യം വ്യക്തമാക്കണം (നല്ല ചിന്ത/മോശം ചിന്ത)

**ശ്രദ്ധിക്കേണ്ടവ**

- ശീർഷകത്തിന്റെ അർത്ഥവും ആശയവും കണ്ടെത്തണം.
- സ്വന്തം നിരീക്ഷണവും വിലയിരുത്തലും നടക്കണം.
- അനുയോജ്യത/ചേർച്ച വ്യക്തമാക്കണം.

പാഠാശയത്തിന്റെ പൊരുൾ വ്യക്തമാക്കി ശീർഷകത്തിന്റെ പ്രത്യേകതയും സമയവും സ്കോറും പരിഗണിച്ച് എഴുതണം.

**വിശകലനം**

'ചലദളിഝങ്കാരം ചെവികളിലംഗാരം
കോകിലകൂജിതങ്ങൾ കൊടിയ കർണ്ണശൂലങ്ങൾ
കുസുമസൗരഭം നാസാകുഹരസരസ്സൈരിഭ-
മതിദു:ഖകാരണമിന്നാരാമസഞ്ചരണം'

നൽകിയിരിക്കുന്ന വരികളുടെ സന്ദർഭവും ആശയവും വ്യക്തമാക്കണം.

- ☞ നളനോടുള്ള പ്രണയത്തിനാൽ മനസ്സിളകിയവളായ ദമയന്തിയുടെ അവസ്ഥ.
- ☞ വണ്ടുകളുടെ മൂളൽ ചെവിക്ക് അംഗാരം (തീക്കനൽ), കുയിലുകളുടെ കൂകൽ ചെവിയിൽ ശൂലം കുത്തിയിറക്കുന്ന അനുഭവം, പൂക്കളുടെ ഗന്ധം പോത്തുകൾ ഇറങ്ങി കലക്കിയ കുളത്തിൽ നിന്നുയരുന്ന ചെളിയുടെ ദുർഗന്ധമായി അനുഭവപ്പെടൽ.
- ☞ ഈ മാനസീകാവസ്ഥയാൽ ആരാമസഞ്ചരണം (ആരാമം-പൂന്തോട്ടം) നൽകുന്ന ദു:ഖം.

- വരികളുടെ പ്രയോഗസവിശേഷതകൾ തിരിച്ചറിയണം.
  - ☞ നല്ല ശബ്ദങ്ങൾ മോശമായി അനുഭവപ്പെടൽ
  - ☞ സുഗന്ധം ദുർഗന്ധമായി തോന്നൽ.
  - ❍ സന്തോഷമുണ്ടാക്കുന്ന കാര്യങ്ങളൊക്കെ ദു:ഖം നൽകുന്നവയായിത്തീരൽ

വരികളിലെ ശബ്ദസവിശേഷതകൾ തിരിച്ചറിയൽ

☞ ത്ധങ്കാരം-അംഗാരം, ചലദളി-ചെവികളിൽ തുടങ്ങിയ പദഭംഗി

☞ കോകിലം, കൂജ്ജിതം, കൊടിയ, കർണം, കുസുമം, കൂഹരം തുടങ്ങിയ പദങ്ങളിലെ വർണഭംഗി. ('ക' വർണത്തിന്റെ ആവർത്തനം) എന്നിവ തിരിച്ചറിയണം.

കൂടുതൽ ശബ്ദസവിശേഷതകൾ കണ്ടെത്തൂ

- സ്വന്തം നിരീക്ഷണം വിശകലനം
  - ☞ മനസ്സിളകിയിരിക്കുന്നവർക്ക്, മറ്റുള്ളവർക്ക് ആഹ്ലാദം നൽകുന്നവ വിപരീതാനുഭവം നൽകുന്നു.

**പ്രയോഗഭംഗി/വർണ്ണനാപാടവം**

'മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ?
വിധുമണ്ഡലമിറങ്ങി ക്ഷിതിയിലേ പോരികയോ?
സ്വർണവർണമാമന്നം പറന്നിങ്ങു വരികയോ?
കണ്ണുകൾക്കിതു നല്ല പീയൂഷത്ധരികയോ?'

- കാവ്യഭാഗത്തിന്റെ സന്ദർഭം വ്യക്തമാക്കണം.
  - ☞ നളനോടുള്ള സ്നേഹത്തിനാൽ മനസ്സിളകിയവളായ ദമയന്തിയുടെ അവസ്ഥ
  - ☞ പൂന്തോട്ടത്തിലേക്കുള്ള യാത്ര നൽകുന്ന അനുഭവം
- ഹംസത്തിനെ അവതരിപ്പിച്ചിരിക്കുന്നതിലെ കവിയുടെ ഭാഷാപ്രയോഗ പാടവം
  - ☞ മിന്നൽക്കൊടി, വിധുമണ്ഡലം, സ്വർണവർണമാമന്നം, പീയൂഷത്ധരിക
- പറന്നിറങ്ങുന്ന ഹംസത്തിന്റെ വർണ്ണന കാവ്യഭാഗത്തിന് നൽകുന്ന ഭംഗി
  - ☞ ഹംസത്തെ പലതായി കാണുക  മിന്നൽക്കൊടി, വിധുമണ്ഡലം
  - ☞ മിന്നൽക്കൊടി, വിധുമണ്ഡലം എന്നിവയുമായി ഹംസത്തിനുള്ള സാമ്യം - ഹംസത്തിന്റെ സൗന്ദര്യം, പറന്നിറങ്ങുന്നതിന്റെ വേഗത
  - ☞ ദമയന്തിയുടെ മനസ്സിലുണ്ടാക്കിയ വിസ്മയം.
- ഭാഷാപരമായ സവിശേഷതകൾ കണ്ടെത്തൽ
  - ☞ ഹംസത്തിന്റെ വരവ് മിന്നിൽക്കൊടിയായും ചന്ദ്രമണ്ഡലത്തിന്റെ ഇറങ്ങിവരവായും കല്പിച്ചതിലെ സാദൃശ ഭംഗി.
  - ☞ 'പീയൂഷത്ധരികയോ' എന്ന പ്രയോഗം കാഴ്ചയുടെ അനുഭവത്തെ പകരൽ
  - ☞ മന്നിലേ വരിക, ക്ഷിതിയലേ പോരിക, പറന്നിങ്ങ് വരിക എന്നീ ക്രിയാപദങ്ങൾ കാണിക്കുന്ന ഹംസത്തിന്റെ ചടുലചലനം കാവ്യഭാഗത്തിന് നൽകുന്ന ഭംഗി.
- ഈ കാര്യങ്ങളും സമയവും സ്കോറും പരിഗണിച്ച് ആശയം അവതരിപ്പിക്കണം.

**നിരീക്ഷണം/വിലയിരുത്തൽ**

- 'ഉത്തമനായ ദൂതനുണ്ടാകേണ്ടുന്ന ഗുണങ്ങൾ തികഞ്ഞ ദൂതനാണ് ഹംസം.' ഈ പ്രസ്താവനയെ വിലയിരുത്തുക.

- ഹംസം ദൂതുവഹിക്കേണ്ടിവന്ന സന്ദർഭം വ്യക്തമാക്കണം. (നളനുമായുള്ള കരാർ)
- ദൂതനുണ്ടാകേണ്ടുന്ന പ്രത്യേക സവിശേഷതകൾ തിരിച്ചറിയണം.
    - വിശ്വാസം, ഉത്തരവാദിത്ത്വം, വിനയം, ആത്മവിശ്വാസം, ഇടപെടലുകളിലെ കൗശലം, വാക്പാടവം, ആകർഷണവൈഭവം
- കാവ്യഭാഗത്ത്, ഹംസം ദമയന്തിയുടെ വിശ്വാസം നേടിയെടുക്കുന്ന പ്രത്യേകതകൾ കണ്ടെത്തണം.
- അനുയോജ്യമായ സമയത്ത് സന്ദേശം ധരിപ്പിക്കുന്നതിലുള്ള ഹംസത്തിന്റെ സാമർത്ഥ്യം വ്യക്തമാക്കണം.

**ഭാഷാസവിശേഷതകൾ**

ചാരൂപൻ - ചാരുവായ രൂപത്തോടുകൂടിയവൻ

വിധുമണ്ഡലം -

ചെവികളിലംഗാരം -

പൂർണേന്ദുവദന -

കാതര നയന -

മാതൃകപോലെ മാറ്റിയെഴുതുക, കൂടുതൽ പദങ്ങൾ കണ്ടെത്തിയെഴുതുക.

## 2. മുരിഞ്ഞപ്പേരീം ചോറും - വി.ആർ. കൃഷ്ണചന്ദ്രൻ

കഥകളിയേക്കാൾ പ്രാചീനമായ കലാരൂപമാണ് കൂടിയാട്ടം. "സുഭദ്രാധനഞ്ജയം" കൂടിയാട്ടത്തിലെ വിദൂഷകന്റെ പുറപ്പാടും പുരുഷാർത്ഥവിവരണവുമടങ്ങുന്ന വിദൂഷക നിർവ്വഹണം ചാക്യാന്മാർ അവതരിപ്പിക്കുന്നതാണ് പുരുഷാർത്ഥക്കൂത്ത്. പുരുഷാർത്ഥക്കൂത്തിലെ വിദൂഷകപുറപ്പാട് എന്ന ഭാഗത്തിൽ നിന്നെടുത്തതാണ് പാഠഭാഗം. കൗണ്ഡിന്യൻ എന്ന വിദൂഷകനെ ധർമ്മപുത്രരുടെ സേവകനാകാൻ ഗ്രാമപ്രമുഖർ തെരഞ്ഞെടുക്കുന്നു. കൗണ്ഡിന്യൻ ദാരിദ്ര്യദു:ഖം പറഞ്ഞ് ധർമ്മപുത്രരുടെ ആശ്രിതനാകുന്നു. വിദൂഷകന്റെ കഥപറച്ചിലിന്റെ സവിശേഷത ഹാസ്യമാണ്. നിർദ്ദോഷഹാസ്യവും ബോധപൂർവ്വമുള്ള ഹാസ്യവും ആക്ഷേപഹാസ്യവും പ്രയോഗിക്കുന്നു. ചാക്യാരുടെ ഈ സവിശേഷത പിന്നീട് നമ്പ്യാരും സ്വീകരിച്ചിരുന്നു. വാമൊഴിയുടെ സൗന്ദര്യവും ഉച്ചാരണത്തിലെ നീട്ടിക്കുറുക്കലുകളിലൂടെയുള്ള ശൈലീപ്രയോഗവും ചാക്യാരുടെ സവിശേഷതകളാണ്. സാമൂഹ്യവിമർശനം നടത്തുന്ന ചാക്യാർ, അധികാരസ്ഥാനത്തിരിക്കുന്നവരുടെയും ഉയർന്ന ജാതിക്കാരുടെയും സാംസ്കാരികജീർണ്ണതയും ജീവിതാധപ്പത:നവും തുറന്നുകാണിക്കുന്നു. പുരാണകഥകളിലൂടെയാണ് ചാക്യാർ സമകാലി കാവസ്ഥയെ അവതരിപ്പിക്കുന്നത്. കുഞ്ചൻ നമ്പ്യാരെ ഈ രീതി സ്വാധീനിച്ചിട്ടുള്ളതായി കാണാം.

**വിശകലനം**

'അതിന്നാരാന്നാ തീരുമാനിച്ചേ.... പാച്ചോ, നീലാണ്ഠനോ അതോ എളധളധളംപള്ള്യോ?'

നൽകിയിരിക്കുന്ന ഭാഗത്തിലെ പേരുകളുടെ സവിശേഷതകളും പ്രയോഗസവിശേഷതകളും വിശകലനം ചെയ്യുക.

- ☞ വിദൂഷകൻ പ്രയോഗിച്ചിരിക്കുന്ന പേരുകളുടെ പ്രത്യേകതകൾ തിരിച്ചറിയണം.
  - ☞ സാധാരണക്കാരുടെ പേരുകൾ
  - ☞ വ്യക്തിനാമമല്ലാത്തത്, വീട്ടുപേരാകാം.
  - ☞ സമൂഹത്തിലെ ഉന്നതർ വീട്ടുപേരിലും (തറവാടിത്തം കാണിക്കാൻ) അറിയപ്പെടാറുണ്ട്.
  - ☞ എളധളധളംപള്ളി എന്ന പ്രയോഗത്തിലെ ആഢ്യത്വം, മഹിമ.
- പേരിൽ അർത്ഥമില്ലെങ്കിലും ആഢ്യത്തം മതിയെന്ന ഉന്നതരുടെ രീതിയെ പരിഹസിക്കൽ.
- ഈ ആശയങ്ങളോട് നിങ്ങൾ കണ്ടെത്തിയ കാര്യങ്ങളും കൂട്ടിച്ചേർത്ത് സമയവും സ്കോറും പരിഗണിച്ച് കുറിപ്പ് തയ്യാറാക്കണം.

**താരതമ്യക്കുറിപ്പ്**

'കാളപെറ്റെന്നു കേട്ടാൽ കയറെടുക്കുക' - പഴഞ്ചൊല്ല്

'താമസിച്ചാൽ ആളെ മാറ്റ്യാലോ. അങ്ങനെ വന്നാൽ കുതിരപ്പുറം കുന്താവും. കുറച്ചുദൂരം ചെന്നപ്പഴാ ഓർത്തത്, ഏത് രാജാവിന്റെ അടുത്തേക്കാ പോണ്ടത്ന്നൊന്നും ചോദിക്യണ്ടായില്യാന്ന്.' മുരിഞ്ഞപ്പേരീം ചോറും.

- പഴഞ്ചൊല്ലിന്റെ ആശയം വിശദമാക്കണം.
  - ☞ മുൻപിൻ നോക്കാതെ ചാടിപ്പുറപ്പെടുന്ന പ്രകൃതം.
  - ☞ തിരിച്ചറിവ് ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യം
- എവിടേക്കാണ് പോകേണ്ടതെന്ന് മനസ്സിലാക്കാതെ ചാടിപ്പുറപ്പെട്ട കൗണ്ഡിന്യനിൽ (വിദൂഷകനിൽ) കാണാൻ കഴിയുന്ന പ്രത്യേകത.
  - ☞ കുടുംബത്തിലെ ദാരിദ്ര്യം
- ഏറ്റുപറയുന്നതിലൂടെ വെളിപ്പെടുന്ന ഹാസ്യത്തിന്റെതലം
  - ☞ സാമൂഹ്യവിമർശനം, ആക്ഷേപഹാസ്യം, ആത്മപരിഹാസം
- കൂടുതൽ കൂട്ടിച്ചേർക്കലുകളോടെ, സ്കോറും സമയവും പരിഗണിച്ച് വിശദീകരിക്കുക.

**ശ്രദ്ധിക്കേണ്ടത്**

- പഴഞ്ചൊല്ലിന്റെ ആശയം കണ്ടെത്തണം.
- തന്നിരിക്കുന്ന ഭാഗവുമായി ആശയം ബന്ധിപ്പിക്കാൻ കഴിയണം.
- സ്വന്തം നിരീക്ഷണവും വിശ കലനശേഷിയും

**നിരീക്ഷണം/വിലയിരുത്തൽ**

- 'നന്ന്യല്ല, എന്റെ രസികത്തം ഇഷ്ടപ്പെട്ടിട്ടോ എന്തോ, അദ്ദേഹത്തിന്റെ സേവകന്മാരിലൊരാളായി നിയമിച്ചു. പിന്നവിടൊരു താമസുണ്ടായിട്ടുണ്ട്, അയ്യാ........... തേച്ചുകുളി, ചതുർവിധഭോജ്യരസങ്ങളോടുംകൂടിയ ഭക്ഷണം, സുഖായ ഉറക്കം, നേരംപോക്ക് പറയല്. ഇങ്ങനങ്ങ്ട് കഴിയാൻ തുടങ്ങി.'
  സമകാലിക ജീവിതചിത്രം വിദൂഷകന്റെ വെളിപ്പെടുത്തലിൽ എത്രമാത്രം തെളിയുന്നുണ്ട്. നൽകിയിരിക്കുന്ന ഗദ്യഭാഗം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.
- ഗദ്യഭാഗത്തുനിന്നും കണ്ടെത്താവുന്നത്.
  - ☞ ആരുടെ വാക്കുകളാണിത്?
    കൗണ്ഡിന്യൻ എന്ന വിദൂഷകന്റെ
  - ☞ അദ്ദേഹത്തിനുകൈവന്ന നേട്ടം?
    ധർമ്മപുത്രരുടെ സേവകനായിത്തീർന്നു.

☞ കൗണ്ഡിന്യന്റെ മുൻ ജീവിതാവസ്ഥ?
ദാരിദ്ര്യം

☞ രാജസേവകനായിത്തീർന്നപ്പോഴുണ്ടായ മാറ്റം?
കഷ്ടപ്പാടുകൾ തീർന്നു. തേച്ചുകുളിച്ചും നല്ല ഭക്ഷണം കഴിച്ചും ഉറങ്ങിയും നേരമ്പോക്ക് പറഞ്ഞും സുഖമായി ജീവിക്കാൻ കഴിഞ്ഞു.

**ശ്രദ്ധിക്കേണ്ടത്**
- വിദൂഷകന്റെ വാക്കുകളിലെ ആശയം തിരിച്ചറിയണം.
- സമകാലിക സമൂഹത്തിലെ അവസ്ഥകൾ മനസ്സിലാക്കണം.
- രണ്ടിലെയും പൊതുഅവസ്ഥകൾ ഗ്രഹിക്കണം.
- രണ്ട് സാമൂഹികാവസ്ഥകളെയും ഉചിതമായി ബന്ധിപ്പിക്കണം.

☞ പുതിയ നേട്ടങ്ങളിലൂടെ വിദൂഷകൻ ധ്വനിപ്പിക്കുന്ന പരിഹാസം?
കടമകളും ഉത്തരവാദിത്വങ്ങളും മറന്ന് രാജസേവകപദവിയിൽ സുഖിച്ച് കഴിയുക.

☞ വിദൂഷകന്റെ പരിഹാസത്തെ ഇന്നത്തെ സാമൂഹികാവസ്ഥയിൽ കാണാൻ കഴിയുന്നുണ്ടോ?
ഇന്നത്തെ സമൂഹത്തിലും തൊഴിലില്ലാതെ ഏറെ കഷ്ടപ്പെട്ട് സർക്കാർ ജോലിയോ മറ്റോ ലഭിച്ചാൽ വിദൂഷകന്റെ സ്വഭാവം കാണിക്കുന്നവരെ കാണാൻ കഴിയും.

- ഇത്തരത്തിലുള്ള കൂടുതൽ ആശയങ്ങൾ കണ്ടെത്തുക. സമയവും സ്കോറും പരിഗണിക്കുക.

**അർത്ഥസവിശേഷതകൾ**

കുതിരപ്പുറത്തുകയറുക

കുതിര കയറുക

ഈ രണ്ടുവാക്യങ്ങൾ നൽകുന്ന അർത്ഥ സവിശേഷതകൾ കണ്ടെത്തുക.

☞ കുതിരപ്പുറത്തു കയറുക എന്നതിന്റെ അർത്ഥം ആരോ കുതിരപ്പുറത്തു കയറുന്നു എന്നാണ്.
കുതിര പുറം എന്നീ പദങ്ങളുടെ ചേർച്ചയാണ് ഭാഷാപരമായ പ്രത്യേകത.

☞ 'കുതിരകയറുക' എന്നത് ഒരു ശൈലിയാണ്. കടിഞ്ഞാണില്ലാത്ത കുതിരയുടെ യാത്രയിൽ നിന്നാവാം ഇത് വന്നത്. ചിന്തയില്ലാത്ത പ്രവൃത്തിയെയാണ് ഇത് സൂചിപ്പിക്കുന്നത്.

## 3. ആർട്ട് അറ്റാക്ക് - എം മുകുന്ദൻ

കല കമ്പോളചരക്കാകുകയും ആഡംബരത്തിന്റെ ചിഹ്നമായി മാറുകയും ചെയ്തുകൊണ്ടിരിക്കുന്ന ആധുനിക കാലത്ത്, കലാകാരന്മാരനുമാത്രമല്ല; യഥാർത്ഥ കലാസ്വാദകനും അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളെ അവതരിപ്പിക്കുകയാണ് 'ആർട്ട് അറ്റാക്ക്' എന്ന കഥയിലൂടെ എം. മുകുന്ദൻ. പത്രസ്ഥാപനത്തിൽ കലാനിരൂപകനാണ് ശിവരാമൻ. ജനപ്രിയകലകൾക്ക് പിറകെപ്പായാതെ നല്ല കലകളെ നെഞ്ചോട് ചേർക്കുന്നയാൾ. പത്രത്തിന്റെ കാഴ്ചപ്പാടിൽ മാറ്റമുണ്ടാകുന്നു. മികവിനായി അവർ ജനപ്രിയകലകൾക്ക് പ്രാധാന്യം നൽകുന്നു. കലാനിരൂപകനായ ശിവരാമനോട് ഫാഷൻഷോ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം അതിനു തയ്യാറാകാത്തതിനാൽ, എഴുതിക്കൊടുത്ത കലാനിരൂപണം പത്രം പ്രസിദ്ധീകരിക്കുന്നില്ല. നിരാശനായി വീട്ടിലെത്തുന്ന ശിവരാമനെ മകൾ, തനിക്ക് ചിത്രരചനയ്ക്ക് സമ്മാനം

കിട്ടിയ ചിത്രം കാണിക്കുന്നു. കുറെ വരകളും വൃത്തങ്ങളുമിട്ട് 'എന്റെ അച്ഛൻ' എന്നുപേരിട്ട ചിത്രം. യാഥാർത്ഥകലയിലും കള്ളനാണയങ്ങളുണ്ടെന്ന തിരിച്ചറിവിലേക്ക് ശിവരാമൻ എത്തുന്നു. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ഡൽഹി, ഹരിദ്വാറിൽ മണിമുഴങ്ങുന്നു, ദൈവത്തിന്റെ വികൃതികൾ, കേശവന്റെ വിലാപങ്ങൾ മുകുന്ദന്റെ മറ്റ് കൃതികൾ.

**ശീർഷകത്തിന്റെ ഔചിത്യം**

- 'ആർട്ട് അറ്റാക്ക്' എന്ന ശീർഷകം കഥയ്ക്ക് എത്രമാത്രം യോജിക്കുന്നു.
  - ശീർഷകം നൽകുന്ന അർത്ഥങ്ങളും ആശയവും
    - ☞ ഹാർട്ട് അറ്റാക്ക്
    - ☞ ആക്രമണം
    - ☞ കലയ്ക്ക് നേരെയുള്ള ആക്രമണം
    - ☞ കലയുടെ മരണം
  - ശീർഷകം വിശകലനം ചെയ്യുമ്പോൾ
    - ☞ കലയെ ജീവതുല്ല്യം സ്നേഹിക്കുന്നവരുടെ ദുരന്തം
    - ☞ കലയിൽ കള്ളനാണയങ്ങളുടെ കടന്നുകയറ്റം
    - ☞ യഥാർത്ഥ കലയ്ക്ക് സ്ഥാനമില്ലാത്ത അവസ്ഥ
  - യഥാർത്ഥ കലാസ്വാദകന്റെ അവസ്ഥ
    - ☞ യഥാർത്ഥ കലാസ്വാദകനും നാശം സംഭവിക്കുന്നു.
    - ☞ യഥാർത്ഥകല തിരിച്ചറിയപ്പെടാത്ത അവസ്ഥയുണ്ടാകുന്നു.
    - ☞ കലാരംഗത്തും കള്ളനാണയങ്ങൾ പെരുകുന്നു.

○ ഈ ആശയങ്ങളും കൂടുതൽ കണ്ടെത്തലുകളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ കുറിപ്പ് തയ്യാറാക്കുക.

**പ്രതികരണക്കുറിപ്പ്**

- 'ഹേ മനുഷ്യാ, പേനയ്ക്ക് ശക്തിവേണമെങ്കിൽ ഇറച്ചിയും മീനും തിന്നണം'

  ആധുനിക കാലത്തെ മനുഷ്യരുടെ ചിന്തയാണിത്. മാനുഷീകതയുടെ സ്ഥാനത്ത് പ്രൊഫഷനിലിസം കടന്നുവന്നപ്പോൾ ചിന്താഗതിയിലും മാറ്റം വന്നു. ഇത്തരം കാഴ്ചപ്പാടിനോട് എങ്ങനെ പ്രതികരിക്കും.

  - ഭക്ഷണം ഒരു സംസ്കാരമാണെന്ന ചിന്ത മാറിയത്.

**ശ്രദ്ധിക്കേണ്ടത്**
- ആശയം വ്യക്തമായി ഗ്രഹിക്കണം.
- നിരീക്ഷണത്തിലെ വ്യക്തത
- വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തൽ

- ☞ ഭക്ഷണം ശാരീരികാവശ്യത്തിനുള്ളതാണെന്ന കാര്യം
- ☞ ശാരീരികക്ഷമതയുള്ളവർക്ക് മാത്രമേ ശക്തമായി പ്രതികരിക്കാൻ കഴിയൂ എന്ന തെറ്റിദ്ധാരണ
- ☞ ഇറച്ചിയും മീനും മാത്രമാണ് നല്ല ഭക്ഷണമെന്ന ചിന്താഗതി.

❍ ഭക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യരെ വേർതിരിക്കൽ

- ☞ ഇറച്ചിയും മീനും കഴിക്കുന്നവർക്കേ ശക്തിയുണ്ടാകൂ എന്ന കാഴ്ചപ്പാട്
- ☞ ഇത്തരം ഭക്ഷണം കഴിക്കാൻ കഴിയാത്തവരുടെ നേരെയുള്ള പരിഹാസം

- കൂടുതൽ ആശയങ്ങളും നിരീക്ഷണങ്ങളും ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക

**പൊരുൾ കണ്ടെത്തൽ**

'കയ്യേറ്റക്കാർക്കാണ് ഇന്ന് സമൂഹത്തിൽ സ്ഥാനം'

മുരിഞ്ഞപ്പേരീം ചോറും എന്ന പാഠത്തിലെ വിദൂഷകന്റെ ഈ പ്രസ്താവന 'ആർട്ട് അറ്റാക്ക് എന്ന കഥയിലെ ശിവരാമന്റെ ജീവിതവുമായി എത്രമാത്രം യോജിക്കുന്നുണ്ട്.?'

- ☞ പ്രസ്താവനയുടെ പൊരുൾ തിരിച്ചറിയൽ
- ☞ മാനവസമൂഹം നേരിടുന്ന വ്യത്യസ്തങ്ങളായ കൈയ്യേറ്റങ്ങൾ
- ☞ രാജ്യങ്ങൾക്കുമേൽ, ഭാഷകൾക്കുമേൽ, പ്രകൃതി വിഭവങ്ങൾക്കുമേൽ, മനുഷ്യാവകാശങ്ങൾക്കുമേൽ.

**ശ്രദ്ധിക്കേണ്ടത്**

- പ്രസ്താവനയുടെ പൊരുൾ കണ്ടെത്തിയിട്ടുണ്ട്.
- പ്രസ്താവനയുടെ ശിവരാമന്റെ ജീവിതത്തിന്റെ ബന്ധം തിരിച്ചറിഞ്ഞിട്ടുണ്ട്.

- ശിവരാമന്റെ നേരെയുള്ള കൈയ്യേറ്റം ഏതുതരത്തിലുള്ളതാണ്?

- ☞ മനുഷ്യാവകാശത്തിനുനേരെയുള്ള കൈയ്യേറ്റം

❍ ശിവരാമന്റെ ജീവിതത്തിൽ കൈയ്യേറ്റം നടത്തിയവർ

- ☞ ഡെപ്യൂട്ടി എഡിറ്റർമാരായ ഗിരിരാജൻ, രവിഭൂഷൺ, പത്രത്തിൽ ട്രെയിനിയായി ചേർന്ന ജീൻസിട്ട പെൺകുട്ടി.

❍ കൈയ്യേറ്റങ്ങളുടെ ഫലമായി ശിവരാമന് നേരിടേണ്ടിവന്നത്.

- ☞ തൊഴിൽ നഷ്ടമായി, കൈയ്യേറ്റക്കാർ അത് പിടിച്ചെടുത്തു.

കൂട്ടുകാരുമായി ചർച്ചചെയ്ത് കൂടുതൽ കാര്യങ്ങൾ കണ്ടെത്തി പ്രവർത്തനത്തിനുള്ള ഉത്തരം തയ്യാറാക്കുമല്ലോ.

**ഉപന്യാസം**

പുതിയ കാലഘട്ടത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് മാറാൻ തയ്യാറാകാത്തതാണ് ശിവരാമന്റെ പരാജയത്തിന് കാരണം. ഈ പ്രസ്താവനയെ ശിവരാമന്റെ ജീവിതവുമായി ബന്ധപ്പെടുത്തി സമർത്ഥിക്കുക.

- ആർട്ട് അറ്റാക്ക് എന്ന കഥയുടെ പ്രമേയം

- കല കച്ചവടവൽക്കരിക്കപ്പെടുന്ന ആധുനിക കാലം.
  - ☞ കലകൾ ഏതൊക്കെ തരത്തിൽ കച്ചവടവൽക്കരിക്കപ്പെടുന്നുണ്ട്?
  - ☞ കലാമൂല്യത്തിന് പ്രാധാന്യം നൽകാതെ പരസ്യങ്ങളാക്കുക.

**ശ്രദ്ധിക്കേണ്ടത്**
- ഘടന (ഉചിതശീർഷകം, ആമുഖം, അപഗ്രഥനം, ഉപസംഹാരം) പാലിക്കണം.
- പ്രമേയം മനസ്സിലാക്കണം. ഉചിത ഭാഷയിൽ അവതരണം

- ശിവരാമന്റെ കുടുംബജീവിതത്തിന്റെ പരാധീനതകളായി കണ്ടെത്താവുന്നവ
  - ☞ ദാരിദ്ര്യം, ഭാര്യയുടെ അസുഖം
- കലയോടുള്ള ശിവരാമന്റെ മനോഭാവം എങ്ങനെയുള്ളതാണ്?
  - ☞ ജനപ്രിയ കലയുടെ പിറകെപ്പോകാതെ യഥാർത്ഥ കലയെ സ്നേഹിക്കുന്ന കലാനിരൂപകൻ.
  - ☞ യഥാർത്ഥകലയെ സ്നേഹിക്കുന്നതിനാൽ തൊഴിൽ നഷ്ടപ്പെടുമ്പോഴും കീഴടങ്ങാത്ത സ്വഭാവം.
- കലയേയും കച്ചവടമായി കാണുന്ന മറ്റുള്ളവർ
  - ☞ പത്രത്തിന്റെ മഹത്വമറിയാതെ ഏതിനും വാർത്തകൾ തയ്യാറാക്കാൻ നിൽക്കുന്ന പുതിയ എഴുത്തുകാർ.
- എന്തൊക്കെ മാറ്റങ്ങളാണ് സ്ഥാപനത്തിൽ വന്നത്?
  - ☞ കമ്പ്യൂട്ടർവൽക്കരണം, എയർകണ്ടീഷനിങ്ങ്
- ശിവരാമന് തൊഴിൽ നഷ്ടപ്പെടാനിടയായ സാഹചര്യം എന്തായിരുന്നു?
  - ☞ ജനപ്രിയ കലാരൂപമായ ഫാഷൻ ഷോയ്ക്ക് വാർത്താകുറിപ്പ് തയ്യാറാക്കി നൽകാത്തത്.

കൂടുതൽ കണ്ടെത്തലുകൾ നടത്തിയ സമയം, സ്കോർ എന്നിവ പരിഗണിച്ച് ഉപന്യാസം തയ്യാറാക്കുക.

**പ്രഭാഷണം**

- കലകളിലെ കള്ളനാണയങ്ങൾ യഥാർത്ഥകലകൾക്ക് ഭീഷണിയോ? ഈ വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.
- കലകളുടെ ഉത്ഭവം, വ്യത്യസ്ത കലകൾ
  - ചരിത്രാതീതകാലം, ഗുഹാചിത്രങ്ങൾ, അജന്ത എല്ലോറ
  - നാടോടിക്കലകൾ
- കലയുടെ വളർച്ച
  - ക്ഷേത്രകലകൾ, ശാസ്ത്രീയകലകൾ
  - കലാസംരക്ഷണ പ്രവർത്തനങ്ങൾ
- പുതിയ കലാരൂപങ്ങളുടെ വരവ്
  - സിനിമാറ്റിക്ക് ഡാൻസ്

**ശ്രദ്ധിക്കേണ്ടത്**

- പ്രഭാഷണത്തിന്റെ ഘടന പാലിക്കണം (അഭിസംബോധന, വിഷയാവതരണം)
- ആശയക്രമീകരണം
- ഉള്ളടക്കം

കൂടുതൽ വസ്തുതകൾ കണ്ടെത്തുകയും കൂട്ടുകാരുമായി ചർച്ചചെയ്തും ആശയവ്യക്തത വരുത്തി പ്രഭാഷണം തയ്യാറാക്കുമല്ലോ.

***

# യൂണിറ്റ് - 2

## ഇരു ചിറകുകളൊരുമയിലങ്ങനെ

| പാഠഭാഗം | രചയിതാവ് | വിഭാഗം | മറ്റു കൃതികൾ |
|---|---|---|---|
| ഇവൾക്കുമാത്രമായ് | സുഗതകുമാരി | കവിത | മുത്തുച്ചിപ്പി, സ്വപ്നഭൂമി, പാതിരാപ്പൂക്കൾ, പാവം മാനവഹൃദയം, ഇരുൾചിറകുകൾ, അമ്പലമണി, രാധയെവിടെ |
| സാഹിത്യത്തിലെ സ്ത്രീ | ജോസഫ് മുണ്ടശ്ശേരി | ലേഖനം | മാനദണ്ഡം, മാറ്റൊലി, കാവ്യപീഠിക, പ്രയാണം, നാടകാന്തം, കവിത്വം, രൂപഭദ്രത, പാറപ്പുറത്ത് വിതച്ച വിത്ത്, കൊഴിഞ്ഞ ഇലകൾ |
| യാത്രാമൊഴി | കുമാരനാശാൻ | ഖണ്ഡകാവ്യം | കരുണ, ലീല, നളിനി, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, പ്രരോദനം, വീണപൂവ് |

സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ സ്ത്രീക്കും പുരുഷനും തുല്യപ്രാധാന്യമുണ്ട്. തൊഴിൽ, വിദ്യാഭ്യാസം, കുടുംബം, പൊതുപ്രവർത്തനം, രാഷ്ട്രീയം, കലാസാഹിത്യം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ അനുഭവിക്കുന്ന വിവേചനം സാമൂഹ്യസമത്വത്തെ അസാധ്യമാക്കുന്നു. സമൂഹത്തിൽ ലിംഗനീതിയും ലിംഗസമത്വവും ഉറപ്പുവരുത്താൻ ഏറ്റെടുക്കേണ്ട കാര്യങ്ങളെക്കുറിച്ച് ധാരണയുണ്ടാകുന്നു.

സ്ത്രീകളുടെ പ്രശ്നങ്ങൾ കവിതകളിലൂടെ അവതരിപ്പിക്കുന്ന സാമൂഹ്യപ്രവർത്തകകൂടിയായ ശ്രീമതി സുഗതകുമാരിയുടെ കവിതയാണ് 'ഇവൾക്കുമാത്രമായ്'. ഈ കവിതയിൽ കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾ അനുഭവിക്കുന്ന പാർശ്വവത്ക്കരണത്തെ തുറന്നുകാട്ടുന്നു. ലോകസാഹിത്യത്തിലെ ശ്രദ്ധേയമായ രചനകളിൽ സ്ത്രീകൾക്കുള്ള സ്ഥാനം വിശകലനം ചെയ്യുകയാണ് മുണ്ടശ്ശേരി 'സാഹിത്യത്തിലെ സ്ത്രീ' എന്ന ലേഖനത്തിൽ. ഇതിഹാസ കഥാപാത്രമായ സീതയുടെ ജീവിതത്തിലെ ഹൃദയാവർജ്ജകമായ ഒരു മുഹൂർത്തത്തെ അടർത്തിയെടുത്ത് അവതരിപ്പിക്കുകയാണ് 'ചിന്താവിഷ്ടയായ സീത' യിൽ ആശാൻ ചെയ്യുന്നത്. ഈ ഖണ്ഡകാവ്യത്തിന്റെ അവസാന ഭാഗമായ സീതയുടെ 'യാത്രമൊഴി' ആണ് പാഠഭാഗം.

**ഇവൾക്കുമാത്രമായ് - സുഗതകുമാരി**

വിരുദ്ധഭാവങ്ങൾ കോർത്തിണക്കുക എന്നത് രചനാതന്ത്രമായി പലരും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 'ഇവൾക്കുമാത്രമായ്' എന്ന കവിതാഭാഗത്ത് സ്ത്രീക്ക് സമൂഹത്തിൽ നൽകുന്ന സ്ഥാനം നിർണയിക്കുമ്പോൾ, കവയിത്രി ഈ തന്ത്രം വളരെ ഫലപ്രദമായി ഉപയോഗിച്ചതായി കാണാം. കവിതയിലെ ഇത്തരം ദ്വന്ദ്വഭാവങ്ങൾ കണ്ടെത്തി കൂട്ടുകാരോടൊപ്പം വിശകലനം ചെയ്യൂ.

**സ്ത്രീ**

- കടലോളം കണ്ണീർ കുടിച്ചവൾ X ചിങ്ങവെയിലൊളിപോലെ ചിരിപ്പവൾ
- ചവിട്ടേൽക്കുന്നവൾ X പൂജിക്കപ്പെടുന്നവൾ
- പരക്കെ പുച്ഛിക്കപ്പെടുന്നവൾ X കൂടെ കൈകോർത്തു നടക്കുന്നവൾ
- പരിത്യജിക്കപ്പെടുന്നവൾ X മക്കളെ നെഞ്ചേറ്റി ലാളിക്കുന്നവൾ

ഇത്തരം ദ്വന്ദ്വങ്ങൾ അവതരിപ്പിക്കുന്നതിലൂടെ കവിതയുടെ ഭാവതലം ഉയരുന്നുണ്ടോ?

- വൈകാരികതീവ്രത അനുഭവവേദ്യമാകുന്നു.
- താരതമ്യ വിശകലനത്തിന് അവസരം ലഭിക്കുന്നു.

**ഉപന്യാസം തയ്യാറാക്കുക.**

'അടുക്കളയിൽ തേഞ്ഞുതീരുന്ന വീട്ടുപക-
രണമാണു ഞാൻ
ശ്വസിക്കുന്നതിനാൽ നടക്കുകയും
നടക്കുന്നതിനാൽ കിടക്കുകയും ചെയ്യുന്ന
പാചകങ്ങൾക്കൊപ്പം വാചകങ്ങൾ വിളമ്പുന്ന
സങ്കീർണത ഒട്ടുമില്ലാത്ത ഒരുപകരണം'

*പ്രതിഷ്ഠ - സാവിത്രി രാജീവൻ*

'ഇവൾക്കുമാത്രമായ് കടലോളം കണ്ണീർ
കുടിച്ചവൾ, ചിങ്ങവെയിലൊളിപോലെ ചിരിപ്പവൾ

..........................................................................................

ചവിട്ടാൻ, നിങ്ങൾക്കു ചിലപ്പോൾ പൂജിക്കാൻ
പരക്കെപുച്ഛിക്കാൻ, പരിത്യജിക്കുവാൻ
തുണയ്ക്ക് കൈകോർത്തുനടക്കാൻ, മക്കളെ
പിടയ്ക്കുംനെഞ്ചത്തു കിടത്തിപോറ്റുവാൻ

ഇവർക്കുമാത്രമായൊരു ജന്മം'

*(ഇവൾക്കുമാത്രമായി - സുഗതകുമാരി)*

ഈ രണ്ടു കവിതാ ശകലങ്ങളിലും കാണുന്ന സ്ത്രീ തന്നെയാണോ സമകാലിക സമൂഹത്തിലെ സ്ത്രീ. രണ്ടുകവിതയിലേയും വരികൾ പരിഗണിച്ച് ഉപന്യസിക്കുക.

- ☞ അടുക്കളയിൽ തേഞ്ഞുതീരുകയാണോ ഇന്നും സ്ത്രീ.
- ☞ സ്ത്രീ മറ്റാർക്കും വേണ്ടാത്ത ഒരു ജന്മമാണോ?
- ☞ കണ്ണീർകുടിക്കുകയും ചവിട്ടേൽക്കുകയും, പരിത്യജിക്കപ്പെടുകയും ചെയ്യപ്പെടുന്ന സ്ത്രീകൾ നിങ്ങളുടെ ചുറ്റുപാടും ഉണ്ടോ?

കൂടുതൽ നിരീക്ഷണങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഉപന്യാസം തയ്യാറാക്കൂ.

## സാഹിത്യത്തിലെ സ്ത്രീ - ജോസഫ് മുണ്ടശ്ശേരി

വിശകലനക്കുറിപ്പ് തയ്യാറാക്കുക.

"യത്ര നാര്യസ്തു പൂജ്യന്തേ
രമന്തേ തത്ര ദേവതാ
യത്രൈദാസ്തു ന പൂജ്യന്തേ
സർവ്വ സ്തത്രാഫലാക്രിയ"

(സ്ത്രീ എവിടെയാണോ മാനിക്കപ്പെടുന്നത് അവിടെ ദേവതകൾ സന്തോഷത്തോടെ വസിക്കുന്നു. സ്ത്രീ എവിടെ മാനിക്കപ്പെടുന്നില്ലയോ, അവിടെ നടത്തപ്പെടുന്നതെല്ലാം നിഷ്ഫലമാകുന്നു)

ഭാരതീയ ഇതിഹാസങ്ങളിൽ സ്ത്രീകൾക്ക് നൽകിയിട്ടുള്ള ഈ പരിഗണന തുടർന്നുള്ള സാഹിത്യകൃതികളിൽ കിട്ടിയിട്ടുണ്ടോ? 'സാഹിത്യത്തിലെ സ്ത്രീ' എന്ന ലേഖനത്തിന്റെ അടിസ്ഥാനത്തിൽ വിശകലനക്കുറിപ്പ് തയ്യാറാക്കാം.

**എന്തൊക്കെ പരിഗണിക്കാം?**

കാളിദാസന്റെ കൃതികളിലെ സ്ത്രീകൾ

ശകുന്തള, ഉർവ്വശി, പാർവ്വതി, ദു:ഖഭാഗിനികൾ, പുരുഷനുവേണ്ടി ത്യാഗങ്ങൾ സഹിക്കുന്നവർ, ഷേക്സ്പിയറിന്റെ നായികമാർ,

ഡെസ്ഡമോണ, കോർഡീലിയ, ബിയാട്രിസ്....

ഹൃദയാവർജകങ്ങളാണെങ്കിലും മനസ്സലിയിക്കുന്നവരും പുരുഷന്മാർക്ക് വേണ്ടി ത്യാഗങ്ങൾ സഹിക്കുന്നവർ തന്നെയാണവരും.

- കുമാരനാശാന്റെ നളിനി, ലീല തുടങ്ങിയ നായികമാർ, വായനക്കാരന്റെ സഹതാപം നേടുന്നവർ ദുരവസ്ഥയിലെ സാവിത്രിയും ചിന്താവിഷ്ടയായ സീതയിലെ സീതയും സ്വതന്ത്രമായ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നു.

മുണ്ടശ്ശേരി സൂചിപ്പിക്കുന്ന മറ്റുനായികമാരെ പാഠഭാഗത്തുനിന്ന് കണ്ടെത്തി കൂട്ടിച്ചേർത്ത് വിശകലനക്കുറിപ്പ് പൂർത്തിയാക്കുമല്ലോ?

**സംവാദം**

'കണ്ണുനീർത്തുള്ളിയെ സ്ത്രീയോടുപമിച്ച
കാവ്യഭാവനേ'

- വയലാർ രാമവർമ്മ

'നാരികൾ നാരികൾ വിശ്വവിപത്തിന്റെ
നാരായ വേരുകൾ'

- ചങ്ങമ്പുഴ

സ്ത്രീ, ഇതുപോലെ അബലയും വിപത്തും ഒക്കെ മാത്രമായി കാണിക്കുന്ന രചനകൾ നിങ്ങളും വായിച്ചിരിക്കും. സമകാലിക സാഹിത്യവും പുരുഷകേന്ദ്രീകൃതവും സ്ത്രീവിരുദ്ധവുമാണോ?

ഈ വിഷയത്തിൽ അന്താരാഷ്ട്ര വനിതാദിവസത്തിൽ (മാർച്ച് 8) സ്കൂളിൽ നടക്കുന്ന സംവാദത്തിൽ പങ്കെടുക്കാൻ പാകത്തിൽ കുറിപ്പ് തയ്യാറാക്കൂ.

☞ ഗ്രൂപ്പുകളായി ചർച്ചചെയ്യൂ.

സമൂഹത്തിൽ എല്ലാ രംഗങ്ങളിലും സ്ത്രീ തന്റെ സാന്നിധ്യമറിയിച്ചിട്ടുണ്ടോ?

എല്ലാരംഗത്തും സ്ത്രീക്ക് പ്രാതിനിധ്യം ലഭിക്കുന്നില്ലെങ്കിൽ അതിന്റെ കാരണമെന്തായിരിക്കും?

ഈ വിഷയത്തിൽ അനുകൂലമായും പ്രതികൂലമായും ഉയരുന്ന പ്രതികരണങ്ങളെ രണ്ടുഗ്രൂപ്പുകളായി കണ്ടെത്തി പട്ടികപ്പെടുത്തൂ.

ചില സൂചനകൾ താഴെ ചേർക്കുന്നു. കൂടുതൽ മേഖലകൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കൂ.

| **അനുകൂലമായ പ്രതികരണങ്ങൾ** | **പ്രതികൂലമായ പ്രതികരണങ്ങൾ** |
|---|---|
| ● പെൺകുട്ടികൾക്കും സ്ത്രീകൾക്കും വീടുകളിൽ മുമ്പത്തെക്കാൾ സ്വാതന്ത്ര്യവും പരിഗണനയും ലഭിക്കുന്നു.<br>● പുതിയ തൊഴിൽ മേഖലകളിലേക്ക് സ്ത്രീകൾ ധാരാളമായി കടന്നുവരുന്നുണ്ട്. | ● പെൺകുട്ടികളെയും സ്ത്രീകളെയും അടുക്കളയിലും വീടുകളിലും തളയ്ക്കപ്പെടുന്നു.<br>● അധ്യാപനം ഒഴിച്ചുള്ള തൊഴിൽ മേഖലകളിൽ ഇപ്പോഴും പുരുഷാധിപത്യം നിലനിൽക്കുന്നു. |

| | |
|---|---|
| • വിദ്യാഭ്യാസ മേഖലയിൽ മുഴുവൻ പെൺകുട്ടികളും സ്കൂളിൽ പ്രവേശനം നേടുന്നു. | • വിദ്യാഭ്യാസം പൂർത്തിയാകാതെ കൊഴിഞ്ഞുപോകുന്നത് കൂടുതലും പെൺകുട്ടികളാണ്. ഉന്നതവിദ്യാഭ്യാസമേഖലയിൽ സ്ത്രീകൾ തഴയപ്പെടുന്നു. |
| • ഭരണരംഗത്ത്, സംവരണത്തിലൂടെ പ്രാതിനിധ്യം സ്ത്രീകൾക്ക് ലഭ്യമായിട്ടുണ്ട്. | • വിവാഹകമ്പോളത്തിൽ സ്ത്രീകൾക്ക് വിലപറയുന്നു. |

ഇനിയെന്തൊക്കെ? ചർച്ചചെയ്ത് കണ്ടെത്തൂ.

**യാത്രാമൊഴി - കുമാരനാശാൻ**

"ഇനി യാത്ര പറഞ്ഞിടട്ടെ ഹാ ദിനസാമ്രാജ്യപതേ-

......................................................................................................"

യാത്രപറയുമ്പോൾ സീത ആദ്യം സൂര്യനെ തെരഞ്ഞെടുക്കാൻ കാരണമെന്താകാം?

☞ സീതയുടെ ജീവിതത്തിലെ പ്രകാശപൂരിതമായ ഓർമ്മകളെ ഉണർത്തുവാൻ

☞ സൂര്യവംശജനായ ഭർത്തൃപിതാവിനെ ഓർത്താകാം

☞ സൂര്യതുല്യനായ ഭർത്താവിനെ ഓർത്താകാം.

.............................................................................

ചന്ദ്രനെ വണങ്ങി യാത്ര പറയുമ്പോൾ സീത ഉപയോഗിക്കുന്ന വിശേഷണങ്ങൾ കാവ്യഭംഗിക്കു മാറ്റുകൂട്ടുന്നുണ്ടോ?

ഭസിതസ്നാതൻ - ഭസ്മത്തിൽ കുളിച്ചുനിൽക്കുന്നവൻ

ലസിത സ്മിതൻ - പ്രസന്നമായി പുഞ്ചിരിക്കുന്നവൻ

ബിസിനീതന്തു മരീചികേശൻ - താമരനൂൽപോലെ മുടിയുള്ളവൻ

സുസിതാംബരൻ - വെള്ള വസ്ത്രം ധരിച്ചവൻ

☞ എല്ലാ വിശേഷണങ്ങളും ചാന്ദ്രശോഭയ്ക്കിണങ്ങുന്നതല്ലേ?

☞ മറ്റാർക്കെങ്കിലും ഇണങ്ങുന്നുണ്ടോ ഈ വിശേഷണങ്ങൾ?

☞ ചന്ദ്രവംശജനായ സ്വപിതാവ് ജനകനെ ഓർമ്മിപ്പിക്കുന്നില്ലേ ഈ വിശേഷണങ്ങൾ?

☞ വാല്മീകി മഹർഷിയുടെ രൂപവും ഈ വിശേഷണങ്ങളിൽ തെളിയുന്നില്ലേ?

**വിശകലനം**

'ചിന്താവിഷ്ടയായ സീത' ഖണ്ഡകാവ്യമെന്നതിനേക്കാൾ ഭാവഗീതമാണെന്ന് മുണ്ടശ്ശേരി അഭിപ്രായപ്പെടുന്നു.

'യാത്രാമൊഴി' എന്ന പാഠഭാഗത്തെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യൂ.

☞ സീതയുടെ ചിന്തകൾ വികാരതീവ്രതയോടെ അവതരിപ്പിച്ചിരിക്കുന്നു.

☞ വായനക്കാരന്റെ ഹൃദയത്തെ സീതയുടെ വേദനയിൽ കൊരുത്തിടുന്ന രീതിയിലുള്ള ആശാന്റെ അവതരണം.

കവിതയിലുടനീളം സീതയുടെ അഭിസംബോധനകൾ ശ്രദ്ധിക്കൂ. അതിന്റെ ഔചിത്യം പരിശോധിച്ച് നോക്കാം.

ദിനസാമ്രാജ്യപതേ ........................ ദിവസ്പതേ...............

ചന്ദ്രികാഭസിതസ്നാത .................... മൃഗാങ്ക................

പ്രിയ സന്ധ്യേ ......................

രമണീയ വനങ്ങളേ ....................

ജനയിത്രി വസുന്ധരേ .................. പ്രസുവേ..............

പ്രിയ രാഘവ! അജപൗത്രാ.......................

ഓരോ സന്ദർഭത്തിനും ഉചിതമായ വാക്കുകൾ തെരഞ്ഞെടുക്കുന്നതിലെ കവിയുടെ വൈദഗ്ധ്യം വിലയിരുത്തൂ.

☞ പിതൃതുല്യരും ഔന്നത്യങ്ങളിൽ വിരാചിക്കുന്നവരും പ്രപഞ്ചചൈതന്യങ്ങളുമായ സൂര്യചന്ദ്രന്മാരെ അർഹിക്കുന്ന ബഹുമാനത്തോടെ..........

☞ തന്റെ സഹോദരിയെ പോലെയും കൂട്ടുകാരിയെ പോലെയും കാണുന്ന സന്ധ്യ - പ്രിയ സന്ധ്യയാകുന്നു.

ഇന്ദുമതി വിയോഗത്തിൽ മരണം വരിച്ച അജന്റെ പൗത്രനായ രാമൻ - അജപൗത്രാ....... എന്നത് സംബോധനയിൽ മാത്രം ലഭിക്കുന്ന ഒരർത്ഥസൂചനയാണെന്ന് കാണാം.

ഈ യൂണിറ്റിൽ പരിചയപ്പെട്ട സ്ത്രീകഥാപാത്രങ്ങളും (ശകുന്തള, സുഭദ്ര, സീത.....) മുൻക്ലാസുകളിൽ പരിചയപ്പെട്ട സ്ത്രീകഥാപാത്രങ്ങളെയും താരതമ്യം ചെയ്ത് നോക്കൂ.

ഒറോത, കുഞ്ഞുപാത്തുമ്മ, ഭുവന, മാതംഗി....

ഈ സ്ത്രീകഥാപാത്രങ്ങൾ 'ചിന്താവിഷ്ടയായ സീത'യിലെ സീതയുമായി എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

പുരുഷന്റെ ഭുജശാഖ വിട്ടുയരാൻ കൊതിക്കുന്ന സീത-

പുരുഷനെക്കാൾ മുമ്പെ ലക്ഷ്യത്തിലെത്തുമെന്ന് പ്രഖ്യാപിക്കുന്ന സീത

ഞാൻ ഒരു പാവയല്ലെന്ന് തറപ്പിച്ചുപറയുന്നത്....

## യൂണിറ്റ് 3

## അശാന്തിപർവ്വങ്ങൾക്കിടയിൽ

| എഴുത്തുകാരൻ | കൃതി | സാഹിത്യശാഖ |
|---|---|---|
| എഴുത്തച്ഛൻ | രാമായണം കിളിപ്പാട്ട്<br>മഹാഭാരതം കിളിപ്പാട്ട് | കാവ്യങ്ങൾ |
| തകഴിശിവശങ്കരപ്പിള്ള | ഏണിപ്പടികൾ, രണ്ടിടങ്ങഴി<br>തോട്ടിയുടെ മകൻ | നോവൽ |
| കുട്ടികൃഷ്ണമാരാർ | രാജാങ്കണം, കൈവിളക്ക്<br>ദന്തഗോപുരം, ഭാരതപര്യടനം | നിരൂപണം |

### ഗാന്ധാരിവിലാപം

**വിശകലനം**

'കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ

കൊല്ലിക്കയത്രേ നിനക്ക് രസമെടോ' - ഗാന്ധാരീവിലാപം

വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- ☞ വരികളുടെ ആശയം കണ്ടെത്തണം.
- ☞ ആരുടെ വാക്കുകളാണിത്?

  ഗാന്ധാരിയുടെ
- ☞ ആരോടാണ് ഇങ്ങനെ പറയുന്നത്?

  ശ്രീകൃഷ്ണനോട്
- ☞ ഇങ്ങനെ പറയാനിടയായ സന്ദർഭം?

  കുരുക്ഷേത്രയുദ്ധം

  ❍

  ❍

  കൂടുതലായി നിങ്ങൾക്ക് എന്തൊക്കെ കണ്ടെത്താൻ കഴിയുന്നുണ്ട്.

  നിങ്ങളുടെ നിരീക്ഷണം വ്യക്തമാക്കണം.
- ☞ ഗാന്ധാരിയുടെ വാക്കുകളിൽ തെളിയുന്ന വികാരം?

  ദു:ഖം, പ്രതിഷേധം, അമ്മയുടെ ശാപം (ഇടശ്ശേരിയുടെ പൂതത്തെ ഓർക്കുക)

  -

  -

– രക്ഷകനാകേണ്ടവൻ ഒന്നും ചെയ്യാതെ നിൽക്കുമ്പോൾ ആർക്കാണ് സഹിക്കുക. ഒരമ്മയ്ക്ക് അത് ഈശ്വരനായാൽപ്പോലും ക്ഷമിക്കാൻ കഴിയില്ല എന്ന് ഈ ഭാഗത്തിന്റെ വർണ്ണനയിലൂടെ എഴുത്തച്ഛൻ നമ്മളോട് പറഞ്ഞ് തരുന്നു.

നിങ്ങളുടെ വിശകലനങ്ങളിൽ ഇത്തരം കണ്ടെത്തലുകൾ കൂട്ടിച്ചേർത്ത് കുറിപ്പ് പൂർണ്ണമാക്കുക.

**പ്രയോഗഭംഗി**

'കല്ലുകൊണ്ടോമനം താവകമാകില-

ക്കല്ലിനുമാർദ്രതയുണ്ടിതു കാണുമ്പോൾ'

വരികളുടെ പ്രയോഗഭംഗി കണ്ടെത്തി കുറിപ്പ് തയ്യാറാക്കൂ.

☞ വരികളുടെ ആശയം കണ്ടെത്തണം.

☞ ആരുടെ മനസ്സാണ് കല്ലിന് തുല്ല്യം?

ശ്രീകൃഷ്ണന്റെ

☞ ശ്രീകൃഷ്ണന്റെ മനസ്സ് കല്ലിനുതുല്ല്യം എന്ന് ആക്ഷേപിച്ചതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്?

യുദ്ധഭൂമിയിലെ കാഴ്ചകൾ കണ്ടിട്ടും അലിവ് തോന്നുന്നില്ല എന്ന ചിന്തയുള്ളതിനാൽ.

☞ മനസ്സിനെ കല്ലിനോട് ചേർത്ത് പറഞ്ഞതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്?

മനസ്സിന്റെ ഉറപ്പ്

☞ അത്തരം ആളുകളുടെ സ്വഭാവസവിശേഷതയിൽ കാണാൻ കഴിയുന്നത്?

അനുകമ്പയില്ലായ്മ

സ്നേഹമില്ലായ്മ

○

☞ അവന്റെ മനസ്സ് കല്ലാണ് തുടങ്ങിയ പ്രയോഗങ്ങൾ ശ്രദ്ധിക്കുക.

☞ സവിശേഷപ്രയോഗം തിരിച്ചറിയണം.

○ മനസ്സ് ആർദ്രവികാരങ്ങളുള്ളതാണ്.

○ കല്ല് അചേതനമാകയാൽ അത് വികാരമില്ലാത്തതാണ്.

○ ചേതനയില്ലാത്തതിനുപോലും വൈകാരികതയുണ്ടാകുക (കല്ല് ആർദ്രമാകുക)

ഇത്തരം കൂടുതൽ പ്രത്യേകതകൾ കണ്ടെത്താൻ ശ്രമിക്കൂ. നിങ്ങളുടെ അഭിപ്രായം കൂട്ടുകാരുമായി ചർച്ചചെയ്ത് കൂടുതൽ വ്യക്തത ഉണ്ടാക്കുക.

'കുണ്ഡലമേറ്റതാ വേറെ കിടക്കുന്നു

ഗണ്ഡസ്ഥലമതാ പിന്നെയും മിന്നുന്നു'

○ വരികളിൽ തെളിയുന്ന ഭാഷാപരമായ ഏതെങ്കിലും പ്രത്യേകതകൾ കുറിക്കുക.

- ദ്വിതീയാക്ഷരപ്രാസം (രണ്ടാമത്തെ അക്ഷരത്തിന്റെ ആവർത്തനം)
- കിടക്കുന്നു, മിന്നുന്നു എന്ന പ്രയോഗത്തിലൂടെ ലഭിക്കുന്ന ശബ്ദഭംഗി
- 'പിന്നെയും മിന്നുന്നു' എന്ന പദച്ചേരുവയിലൂടെ ലഭിക്കുന്ന അർത്ഥഭംഗി.

ഇത്തരം വരികൾ കൂടുതൽ കണ്ടെത്തുക.

- ധൃഷ്ടതയുള്ള ധൃഷ്ടദ്യുമ്നനേറ്റവും
  ശിഷ്ടനായോരു ഗുരുവിനെക്കൊല്ലുവാൻ
- ലക്ഷണമുള്ളൊരു പൈതലാമെന്നുടെ
  ലക്ഷണാ നീയും ചതിച്ചിതോ ഞങ്ങളെ?
- കണ്ണുകൊണ്ടിങ്ങനെ കാണേണമെന്നതു-
  മുണ്ണികളെയെനിക്കെന്തിതു തോന്നുവാൻ?
- പട്ടുകിടക്കമേലെ കിടക്കുന്ന നീ
  പട്ടുകിടക്കുമാറായിതോ ചോരയിൽ!

ഇത്തരം വരികളിലെ ശബ്ദഭംഗി, അർത്ഥഭംഗി, പ്രയോഗഭംഗി എന്നിവ ചർച്ചചെയ്യുക.

സൂചന : ധൃഷ്ടതയുള്ള ധൃഷ്ടദ്യുമ്നൻ

ധൃഷ്ടത, ശിഷ്ടൻ

- ലക്ഷണമുള്ള ലക്ഷ്മണൻ
  - കണ്ണുകൊണ്ടിങ്ങനെ കാണുക
  - കണ്ണുകൊണ്ട്, ഉണ്ണികളെ
- പട്ടുകിടക്ക
  പട്ടുകിടക്കുക
- പട്ടുകിടക്കുമാറയിതോ ചോരയിൽ

ഉത്തരം കണ്ടെത്തി കുറിപ്പെഴുതുക.

## പട്ടാളക്കാരൻ - തകഴി ശിവശങ്കരപ്പിള്ള

പട്ടാളക്കാരൻ എന്ന കഥ പൂർണമായും വായിച്ചു കഴിഞ്ഞല്ലോ?

പട്ടാളക്കാരൻ അനുഭവിക്കുന്ന എന്തൊക്കെ പ്രശ്നങ്ങളാണ് തകഴി വിവരിക്കുന്നത്.

- കുടുംബങ്ങളിൽ നിന്നും കുറെകാലം മാറി നിൽക്കേണ്ട അവസ്ഥ
- ക്ലേശകരമായ പരിശീലനം
- പുതിയ സ്ഥലങ്ങളിൽ നിന്നും പുതിയ സ്ഥലങ്ങളിലേക്കുള്ള യാത്ര
- മരണത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവൃത്തി
- ....................................................................................................

☞ കഥയിലെ പ്രധാനകഥാപാത്രങ്ങൾ ആരെല്ലാം?

രാമൻനായർ, നാണി, അമ്മ

**കഥാപാത്രനിരൂപണം**

☞ കഥാപാത്രനിരൂപണത്തിൽ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?

- കഥയിൽ കഥാപാത്രത്തിന്റെ സ്ഥാനം
- കഥാസന്ദർഭവുമായി ഇണങ്ങിച്ചേരൽ
- ഇതരകഥകളുമായി താരതമ്യം
- ഇതിവൃത്തവുമായി ബന്ധം
- കഥാപാത്രത്തിന്റെ സവിശേഷ വ്യക്തിത്വം
-

'രാമൻ നായർ' എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്?

- സമൂഹത്തിൽ ഒറ്റപ്പെടുന്ന അവസ്ഥ
- അനാഥത്വം
- സ്വന്തം പേരും നാടും വീടുമറിയാത്ത കഥാപാത്രം

☞ കഥാപാത്രത്തെ തകഴി എങ്ങനെ അവതരിപ്പിക്കുന്നു.

- പട്ടാളക്യാമ്പിൽ
- ഭ്രാന്തുപിടിച്ച നഗരത്തിൽ
- നാട്ടിൻപുറത്തെ വീട്ടിൽ

ഇത്തരം വസ്തുതകൾ ഉപയോഗിച്ച് രാമൻനായർ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക. കൂട്ടുകാരുമായി ചർച്ചചെയ്ത് മെച്ചപ്പെടുത്തുമല്ലോ?

രാമൻനായരെപ്പോലെത്തന്നെ കഥയിൽ നിറഞ്ഞുനിൽക്കുന്ന കഥാപാത്രമാണ് വൃദ്ധ.

- ബന്ധങ്ങൾ സ്ഥാപിക്കാനുള്ള മനുഷ്യന്റെ അടങ്ങാത്ത ദാഹം വൃദ്ധയിൽ കാണാം.
- വൃദ്ധ കുറച്ചുകൂടി വിളമ്പി. വേണ്ടെന്നു വിലക്കിയിട്ടും തടഞ്ഞു.
- ആ വൃദ്ധയുടെ മന്ദഹാസം ഒരിക്കലും മറക്കാൻ സാധ്യമല്ല.
- ആ വൃദ്ധ അമ്പരന്നു നിന്നു.

ഇത്തരം സൂചനകളിൽ നിന്നും വൃദ്ധ എന്ന കഥാപാത്രത്തെക്കുറിച്ചുകൂടി എഴുതി നോക്കൂ.

**വിശകലനം**

തീവ്രമായ യുദ്ധാനുഭവമാണ് 'പട്ടാളക്കാരൻ' എന്ന കഥ. കഥയിലെ സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

☞ കഥയെ വിശകലനത്തിനു വിധേയമാക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?

പ്രധാന സന്ദർഭങ്ങൾ കണ്ടെത്തുക

ചുരുക്കി അവതരിപ്പിക്കുക.

**സന്ദർഭങ്ങൾ കണ്ടെത്തണം.**

- പട്ടാളക്യാമ്പിലെ അവസ്ഥ
- സ്വന്തം മേൽവിലാസമറിയാതെ ഭ്രാന്തമായ നഗരത്തിലെ അവസ്ഥ
- നാട്ടിൻപുറത്തെ വീട്ടിലെത്തിയപ്പോഴും തിരിച്ചുപോകേണ്ട അവസ്ഥ.

ഈ സന്ദർഭത്തിൽ കഥാപാത്രം അനുഭവിക്കുന്ന വികാരങ്ങൾ സൂചിപ്പിക്കുക.

തകഴി യുദ്ധത്തിന്റെ ഭീകരത ഓരോ സന്ദർഭങ്ങളിലും അവതരിപ്പിക്കുന്ന ഭാഗം കണ്ടെത്തുക.

വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ഭാഷാപ്രയോഗങ്ങൾ**

ഭാഷ ഉചിത സന്ദർഭങ്ങളിൽ ഉചിതമായ രീതിയിൽ പ്രയോഗിക്കുമ്പോൾ സവിശേഷമായ അർത്ഥം കൈവരുന്നു. ഇതുതന്നെയാണ് ഭാഷയുടെ സൗന്ദര്യവും. ഇത്തരം പ്രയോഗങ്ങൾ പഠിക്കേണ്ടതല്ലേ?

അർത്ഥവ്യത്യാസം കണ്ടെത്തൽ

പ്രയോഗസവിശേഷത

പ്രത്യേകതകൾ - എന്നിവ മനസ്സിലാക്കേണ്ടതാണ്.

ഉദാ:- 1) ആ വൃദ്ധ അമ്പരന്നു<u>നിന്നു</u>

അവൻ എഴുന്നേറ്റു<u>നിന്നു</u>

അടിവരയിട്ട പദങ്ങൾ ഒരേ അർത്ഥത്തിലാണോ പ്രയോഗിച്ചത്?

2) ജീപ്പിൽ വന്നിറങ്ങുന്ന നഗരം (അടുത്തൂൺ)

ഭ്രാന്തുപിടിച്ച നഗരം (പട്ടാളക്കാരൻ)

നഗരത്തെ വ്യത്യസ്തരീതിയിൽ അവതരിപ്പിക്കുന്നു. നഗരത്തിന്റെ പ്രത്യേകതകൾ വായിച്ചെടുക്കുവാൻ വിശേഷണങ്ങൾക്ക് കഴിയുന്നുണ്ടോ? എത്രമാത്രം?

കൂട്ടുകാരുമായി ചർച്ചചെയ്യൂ.

3) ഒരാഴ്ചയ്ക്കുശേഷം പതിനായിരം രൂപയുടെ ഒരു ചെക്ക് അവൾക്ക് ലഭിച്ചു. പിന്നീട് പ്രതിമാസമുള്ള മണിയോർഡറുകളുമില്ല.

കഥാകൃത്ത് എന്താണ് ഇതിൽ നിന്നും സൂചിപ്പിക്കുന്നത്?

ഇങ്ങനെ എഴുതുമ്പോഴുണ്ടാകുന്ന സവിശേഷതയെന്ത്?

4) അമ്പലത്തിലിന്നും കൂത്ത് കാണുവാൻ പോകണം

ഇതാകൂത്ത്! ആകെ നാഴിയൂരി അരിയേ വെച്ചുള്ളൂ

രണ്ട് വാക്യങ്ങളിലും 'കൂത്ത്' എന്ന പദം നൽകുന്ന അർത്ഥവ്യത്യാസം കുറിക്കുക. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി ചർച്ചചെയ്യുക.

## കുറിപ്പ്

'അനാഥനായിരുന്നവരെ പിടിച്ചുകൊണ്ടുപോയി ആഹാരവും പണവും പുതിയ ബോധവും നൽകിയവരാണ് അധികാരികൾ. പുതിയൊരു ബന്ധമുണ്ടാക്കിയതോടെ രാമന് കാത്തിരിക്കുവാൻ ഒരാളുണ്ടാവുകയാണ്. എന്നാൽ അവളും വൈകാതെ അനാഥയാവുന്നു. ഇത്തരത്തിൽ അനാഥത്വത്തിന്റെ മൂകവേദനകളാണ് കഥയ്ക്കുള്ളിൽ വിങ്ങുന്നത്.'

☞ നിങ്ങളുടെ അഭിപ്രായം കുറിപ്പായി എഴുതുക.

- യുദ്ധത്തിന്റെ തീവ്രത അനുഭവിപ്പിക്കുകയാണ് തകഴി
- ഒരു യുദ്ധവും ഒന്നും നേടിത്തന്നിട്ടില്ല, യുദ്ധത്തെക്കുറിച്ചുപറയാതെത്തന്നെ അതിന്റെ തീവ്രത കഥയിൽ നിന്നുവായിച്ചെടുക്കാൻ കഴിയുന്നു.
- മറ്റു കഥകൾ താരതമ്യത്തിനുപയോഗിക്കാം.

☞ ഇത്തരം ആശയങ്ങൾ ചർച്ചയിലൂടെ രൂപപ്പെടുത്തുക.

☞ കുറിപ്പ് ചുരുക്കിയെഴുതാൻ കഴിയണം.

## അർജുനവിഷാദയോഗം - കുട്ടികൃഷ്ണമാരാർ

മഹാഭാരതകഥയെ ആസ്പദമാക്കി കുട്ടികൃഷ്ണമാരാർ ഭാഷയിലൂടെ നടത്തുന്ന പര്യടനം തന്നെ 'ഭാരതപര്യടനം' എന്ന കൃതി. ഇതൊരു നിരൂപണമാണ്. ഭാരതയുദ്ധത്തിലെ സർവ്വനാശത്തിനുശേഷം ദിഗ്വിജയത്തിനു പുറപ്പെട്ട അർജ്ജുനന്റെ അടുക്കൽ സഹോദരിയായ ദുശ്ശള തന്റെ പേരക്കുട്ടിയെയും എടുത്ത് അതിന്റെ ജീവനെങ്കിലും തരണേ എന്നു കരഞ്ഞുകൊണ്ടുവന്ന് നിന്നത് മാരാരുടെ മനസ്സിനെ പിടിച്ചിരുത്തി ചിന്തിപ്പിച്ചു. ഇതാണ് 'അർജുനവിഷാദയോഗം' എന്ന പാഠഭാഗം.

## തലക്കെട്ട്

തലക്കെട്ടിന്റെ സവിശേഷാർത്ഥം പരിശോധിക്കാം.

'അർജ്ജുന വിഷാദയോഗം' എന്നത്

☞ അർജ്ജുനന് വിഷാദിക്കാനുള്ള യോഗമുണ്ടായി, ഇത് വിധിയാണ്.

☞ യോഗം എന്ന പദം വിധി എന്നർത്ഥത്തിലല്ലേ പ്രയോഗിച്ചത്

‘എഴുപതുകാരുടെ യോഗം’ എന്നതിൽ ‘യോഗം’ കൂടിച്ചേരലാണ് എഴുപതു വയസ്സുള്ളവരുടെ കൂടിച്ചേരലിൽ ‘യോഗം’ ചേർച്ച എന്നർത്ഥത്തിലാണ് പ്രയോഗിച്ചത്.

### വിശകലനക്കുറിപ്പ്

യഥാർത്ഥജീവിതം ആരംഭിക്കുന്നത് എല്ലാ ആയുധങ്ങളും പരാജയപ്പെടുമ്പോഴാണ്.

പാഠസന്ദർഭങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.

### വിശകലനം ചെയ്യപ്പെടേണ്ട സന്ദർഭങ്ങൾ

പാണ്ഡവൻമാർക്ക് നിഷ്കണ്ടകമായ രാജാധിപത്യം കൈവന്നു. അഭിമന്യുപുത്രനായി ഒരു വംശാങ്കുരവും, ഒരുവിധം ചത്തും ജീവിച്ചും കൊണ്ടു ജനിച്ചു.

☞ അർജ്ജുനന്റെ അടുക്കലേയ്ക്ക് പെരുമുറെ കരഞ്ഞുകൊണ്ട് എത്തിച്ചേരുന്ന ദുശ്ശള.

☞ മുള്ളിലവിൻ തടിപോലെ അനേകം കൂരാണികൾ എഴുന്നു നിൽക്കുന്ന ഒരായുധം കൊണ്ട് നെഞ്ചിൽ ആഞ്ഞടിക്കപ്പെട്ടാലത്തെപ്പോലെ അർജ്ജുനന്റെ ഹൃദയത്തിലുണ്ടാകുന്ന ചിന്തകൾ.

☞ ‘വീരകർമ്മ’ങ്ങളുടെ ഫലമായാണ് ഇന്ന് ഈ സഹോദരി കേവലം അനാഥയായി വെറും പിച്ചക്കാരിയെപ്പോലെ തന്റെ മുമ്പിൽ നിന്നുകേഴുന്നത്.

☞ ഭാരതകഥയുടെ അവസാനം അഗാധമായ വിഷാദത്തിലാണ്. യുദ്ധത്തിനുശേഷമുള്ള എല്ലാ സംഭവങ്ങളും അതിനെ വളർത്തികൊണ്ടുവരികയേ ചെയ്തിട്ടുള്ളൂ.

☞ അമ്പുകൾക്കോ ഭൃത്യന്മാർക്കോ ബന്ധുക്കൾക്കോ ഒന്നും ചെയ്യാനില്ലാത്ത, താനൊറ്റയ്ക്കു തന്നെ നിന്നു പൊരുതേണ്ടുന്ന ഒരു യുദ്ധമാണ്.

സന്ദർഭങ്ങൾ ഓരോന്നും കൂട്ടുകാരുമായി ചർച്ച ചെയ്യുക. ലഘുകുറിപ്പ് തയ്യാറാക്കി നോക്കൂ.

### ഉപന്യാസം

‘അർജ്ജുനൻ വില്ലുവച്ചു ദൈന്യത്താൽ തലകുനിച്ച് സഹോദരിയോട് എന്തുവേണമെന്നു ചോദിച്ചു. അവൾ തന്റെ പിഞ്ചുപൈതലിന് മുത്തച്ഛനും അച്ഛനും മരിച്ചുപോയ ആ അനാഥാത്മാവിന് അഭയം യാചിപ്പാൻ വന്നിരിക്കയാണെന്നു പറഞ്ഞു.’

– *അർജ്ജുനവിഷാദയോഗം*

പാഠഭാഗത്തെ ആശയം കൂടി പ്രയോജനപ്പെടുത്തി ഉപന്യാസം തയ്യാറാക്കുക.

**ശ്രദ്ധിക്കേണ്ടവ**

പാഠസന്ദർഭങ്ങളുടെ ആശയങ്ങൾ
- വിശകലന സാധ്യത
- സ്വന്തം നിരീക്ഷണം
- ഘടന
- ഉചിതമായ ഭാഷ

## യൂണിറ്റ് 4

# കായിൻപേരിൽ പൂ മതിക്കുവോർ

| പാഠഭാഗങ്ങൾ | രചയിതാവ് | പ്രധാനകൃതികൾ |
|---|---|---|
| വിണ്ടകാലടികൾ | പി. ഭാസ്കരൻ | ഓർക്കുക വല്ലപ്പോഴും<br>ഒറ്റക്കമ്പിയുള്ള തമ്പുരു<br>നാഴിയൂരിപ്പാല്... |
| ഉതുപ്പാന്റെ കിണർ | കാരൂർ നീലകണ്ഠപ്പിള്ള | മരപ്പാവകൾ, പൊതിച്ചോറ്<br>പൂവമ്പഴം, തെരഞ്ഞെടുത്ത കഥകൾ |
| അടുത്തൂൺ | അക്കിത്തം അച്യുതൻ നമ്പൂതിരി | ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം<br>ഇടിഞ്ഞുപൊളിഞ്ഞ ലോകം,<br>അക്കിത്തം കവിതകൾ, ബലി ദർശനം,<br>അന്തിമഹാകാലം... |
| കടലിന്റെ വക്കത്ത് ഒരു വീട് | മാധവിക്കുട്ടി | പക്ഷിയുടെ മണം, നരിച്ചീറുകൾ<br>പറക്കുമ്പോൾ, നഷ്ടപ്പെട്ട<br>നീലാംബരി, ബാല്യകാല<br>സ്മരണകൾ, എന്റെ കഥ, നീർമാതളം<br>പൂത്തകാലം... |

**മാവ്**

'കായ്ച്ചു എന്ന ഒറ്റക്കുറ്റത്തിന്
ഒരു മാവ് ഏറു കൊള്ളുകയാണ്
ദയവു പാടില്ല
എത്ര ഏറുകൊണ്ടാലും പഠിക്കില്ല
എല്ലാവർഷവും കായ്ക്കും
മിണ്ടാതെ നിന്ന് ഏറുകൊള്ളും'

**- വിഷ്ണുപ്രസാദ്**

എത്ര ഏറുകൊണ്ടാലും വർഷാവർഷം പൂക്കുകയും കായ്ക്കുകയും ചെയ്യുന്ന മാവിനെപ്പോലെ നമ്മുടെ സമൂഹത്തിലും ചിലരെങ്കിലുമുണ്ടാവും. ദശാബ്ദങ്ങൾക്കിടയ്ക്കെങ്കിലും. അവരെ ജീവിതകാലത്ത് നാം ഭ്രാന്തരെന്നു വിളിക്കും. മരണശേഷം മഹാന്മാരെന്നും.

പ്രയോജനമുള്ളതിന് മാത്രം മൂല്യം കല്പിക്കുന്ന പുതിയ സാമൂഹ്യ കാഴ്ചപ്പാട് മൂല്യങ്ങളെ കടപുഴക്കിക്കളയാനേ സഹായകമാവൂ. മനസ്സിനു സ്വാസ്ഥ്യം ലഭിക്കണമെങ്കിൽ മൂല്യ ങ്ങൾക്കൊപ്പം നിന്നാലേ മതിയാവൂ. നന്മയുടെ വഴിയിൽ ആളുകൾ കുറഞ്ഞുപോയാലും ഒറ്റയ്ക്കു നിന്നു പോരാടാനുള്ള കരുത്തു നേടാൻ നമുക്കു കഴിയണം. ഭൗതികനേട്ടങ്ങൾക്കപ്പുറം ജീവിതത്തിന് വലിയ അർത്ഥങ്ങളും ലക്ഷ്യങ്ങളുമുണ്ടെന്ന തിരിച്ചറിവാണ് ഈ യൂണിറ്റ് നമുക്ക് നൽകുന്നത്.

## വിണ്ടകാലടികൾ

കവിയും സുഹൃത്തായ ഭിഷഗ്വരനും തമ്മിലുള്ള സംഭാഷണവും തുടർന്ന് കവിയുടെ ഓർമ്മയിലേക്ക് കടന്നുവരുന്ന സംഭവപരമ്പരയുമാണ് ഈ കവിതയിൽ ആവിഷ്ക്ക രിക്കപ്പെടുന്നത്.

കവിയോട് ഭിഷഗ്വരൻ നിർദ്ദേശിക്കുന്നതെന്തൊക്കെയാണ്?

- ചെരിപ്പോ ഷൂസോ സോക്സോ ധരിക്കാതെ നടക്കരുത്.
- വിണ്ട കാലുകളനാരോഗ്യത്തിൻ ലക്ഷണം

അതിനു കവിയുടെ മറുപടിയെന്താണ്?

- എന്റെ ശക്തിയും ശുദ്ധിയും ആരോഗ്യവും ഈ വിണ്ടപാദങ്ങളാണ്.
- ........................
- ........................

കവിയുടെ ത്യാഗോജ്വലമായ ജീവിതം എങ്ങനെയാണ് കവിതയിൽ വിവരിക്കപ്പെട്ടിരിക്കുന്നത്?

- പൊള്ളുന്ന വെയിലേറ്റിട്ടെത്രയോ ദൂരം താണ്ടി
  അല്ലിന്റെയിരുൾക്കുത്തിലെത്രയോ കാതം നീങ്ങി
- .......................
- .......................

സമരപോരാളികളോട് ഗ്രാമീണർക്കുള്ള സ്നേഹം എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്?

- ആതിഥേയനാം കൃഷിക്കാരന്റെ ചൂടുള്ളതാ-
  മാദര സൗഹൃദങ്ങളോട്ടുകിണ്ണത്തിനുള്ളിൽ
  കഞ്ഞിയായ് നിറഞ്ഞപ്പോൾ...

കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്ന ഗ്രാമീണ ദൃശ്യങ്ങൾ കണ്ടെത്താം.

- പാടത്തിൻ വക്കിലുള്ള കിണറ്റിൻതെളിവെള്ളം
  ത് ലായയിൽ തേവിത്തേവിക്കുളിച്ചു സന്തുഷ്ടനായ്
- ..................................................................

പോരാട്ടകഥകൾ പറയുന്നതിന് കവി സ്വീകരിച്ച തന്ത്രങ്ങൾ വ്യക്തമാക്കുന്ന വരികൾ ഏതൊക്കെ?

- ഇടവപ്പാതിക്കാറ്റു കല്പദ്രുമങ്ങൾ തൻ

  ............................................................

പുതിയ കാലത്തെ ആവിഷ്ക്കരിക്കാൻ കവി പ്രയോഗിച്ചിരിക്കുന്ന പദങ്ങൾ പട്ടികപ്പെടുത്താം.

- സോക്സ്, ലഞ്ച്, ..........................

സമരപോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച കാലത്തെ കവി അവതരിപ്പിച്ചിരിക്കുന്നത് ഏതൊക്കെ പദങ്ങളിലൂടെയാണ്?

ചേറണി വരമ്പ്, ചുമ്മാട്, ........................

ആസ്വാദനപരമായ മറ്റെന്തൊക്കെ കാര്യങ്ങൾ കൂടുതലായി നിങ്ങൾക്ക് കണ്ടെത്താൻ കഴിയും.

- ............................

ഇനി ചില പ്രവർത്തനങ്ങൾ ചെയ്തുനോക്കാം.

1. 'ആതിഥേയനാം കൃഷിക്കാരന്റെ ചൂടുള്ളതാ-
മാദര സൗഹൃദങ്ങളോട്ടുകിണ്ണത്തിനുള്ളിൽ
കഞ്ഞിയായ് നിറഞ്ഞപ്പോൾ...'

വരികളിലെ കാവ്യസൗന്ദര്യം വിശകലനം ചെയ്യുക.

> സ്വാതന്ത്രസമരകാലത്ത് ഒളിവിൽ കഴിഞ്ഞ പോരാളികളെ ഗ്രാമീണരായ കൃഷിക്കാരും മറ്റു സാധാരണജനങ്ങളും ആദരവോടെയായിരുന്നു സ്വീകരിച്ചതും അവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തതും. അത്തരം സന്ദർഭങ്ങൾ എത്രമാത്രം ആത്മാർത്ഥവും സൗഹൃദപൂർണവുമായിരുന്നെന്ന് ഈ വരികളിൽ നമുക്ക് കാണാം. ഓട്ടുകിണ്ണത്തിൽ നൽകിയ കഞ്ഞിയുടെ ചൂട് അവരുടെ സ്വീകരണത്തിലെ ഊഷ്മളതയെ ആവിഷ്ക്കരിക്കുന്നു. മനസ്സ് നിറഞ്ഞ് നിൽക്കുന്ന ഭക്ഷണത്തിന്റെ സ്വാദ് ഏറെക്കാലത്തിനു ശേഷവും കവി അനുഭവിക്കുന്നതും ഈ വരികളിൽ തുടിച്ചുനിൽക്കുന്നു. ഇത്തരം നിരീക്ഷണങ്ങൾ ഉത്തരത്തിൽ ഉണ്ടായിരിക്കണം.

2. 'കൊള്ളിയാൻവെട്ടം വെറും തെങ്ങിൻചൂട്ടൊളിയായി
അല്ലിലെപ്പെരുമാരി കുളിർനീരുറവായി'

സ്വാതന്ത്ര്യസമര പോരാളികളുടെ പോരാട്ടവീര്യം ഈ വരികളിൽ തെളിയുന്നതെങ്ങനെ?

കൊള്ളിയാൻവെട്ടം (മിന്നൽ) ഭൂമിയിൽ പതിക്കുമ്പോൾ വലിയ അപകടങ്ങൾ സംഭവിക്കാം. ജീവനാശം പോലും. എന്നാൽ അത്രയും വലിയ പ്രകൃതി പ്രതിഭാസത്തെ വെറും ചൂട്ടിന്റെ വെളിച്ചം മാത്രമായി കാണുന്നതിലൂടെ സ്വാതന്ത്ര്യസമരസേനാനികൾ എതിർപ്പുകളെ എങ്ങനെ തൃണവൽഗണിച്ചു എന്നു വ്യക്തമാവുന്നു. സമരത്തെ എതിർത്തു തോല്പിക്കാൻ ശ്രമിക്കുന്നവരോടുള്ള അവരുടെ മനോഭാവം ഇവിടെ പ്രകടമാവുന്നു. അവരുടെ സ്ഥൈര്യവും ധൈര്യവും ഇവിടെ വെളിവാക്കപ്പെടുന്നു. തുടങ്ങിയ കാര്യം ഉത്തരത്തിൽ ഉൾപ്പെടുത്തണം. പെരുമഴയെ കുളിർനീരുറവായി കാണുന്നതിനെയും പോരാട്ടവുമായി ബന്ധിപ്പിക്കാം.

3. 'മദിച്ച മലനാടൻ വേനലിൻ മാറിൽ കേറി
കുതിച്ചു നടന്നൊരു പാദങ്ങളെൻ പാദങ്ങൾ'

കവിയുടെ ഏത് മാനസികാവസ്ഥയാണ് ഇവിടെ ആവിഷ്ക്കരിക്കപ്പെടുന്നത്. നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

കവിയുടെ ഓർമ്മകളുടെ ആവേശം ഈ വരികളിൽ തുടിച്ചുനിൽക്കുന്നുണ്ട്. തന്റെ പാദങ്ങളെക്കുറിച്ച് ഡോക്ടർ നടത്തിയ നിരീക്ഷണങ്ങളാണല്ലോ കവിയെ പോരാട്ടക്കാലത്തേക്ക് കൂട്ടിക്കൊണ്ടു പോയത്. തന്റെ പാദങ്ങൾ കാലഘട്ടത്തോട് പോരാടിയവയാണെന്ന് കവി ആത്മാഭിമാനത്തോടെയാണ് ചൂണ്ടിക്കാട്ടുന്നത്. വേനലിന്റെ കാഠിന്യത്തെ വകവെക്കാതെ സമരരംഗത്ത് ഉറച്ചുനിൽക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യം കവിയിൽ കാണാം. വേനലിന്റെ മാറിൽ കേറി, കുതിച്ചുനടന്നു എന്നീ പ്രയോഗങ്ങൾ കവിയുടെ ആവേശത്തെ ശക്തമായി അവതരിപ്പിക്കാൻ സഹായിക്കുന്നു.

## ഉതുപ്പാന്റെ കിണർ

വിഷ്ണുപ്രസാദിന്റെ മാവ് എന്ന കവിത ഒരിക്കൽ കൂടി വായിക്കൂ. മാവുമായി ഉതുപ്പാന് എന്തെങ്കിലും ബന്ധം കണ്ടെത്താനാവുമോ?

ഏതൊക്കെ സന്ദർഭങ്ങളിൽ ഇത് സാധിക്കും?

ഉതുപ്പാനു നേരെയുള്ള കല്ലേറുകളെന്ന് വിളിക്കാവുന്ന സന്ദർഭങ്ങൾ ഏതൊക്കെ?

- ☞ ഇവനെന്തു പ്രാന്തനാ...
- ☞ വല്ല നിധിയും കിട്ടുമെന്ന് വച്ചാ പാവം പാടുപെടുന്നത്
- ☞ കുട്ടികൾ കല്ലെടുത്തിട്ട് മാറ്റൊലികേട്ടു രസിച്ചു.
- ☞ .......................................
- ☞ ......................................

എത്ര ഏറുകൊണ്ടാലും പിന്നെയും കായ്ക്കുന്ന മാവായി ഉതുപ്പാനെ കാണാം. സന്ദർഭങ്ങൾ കണ്ടെത്താം.

- കിണർ താണുവന്ന ക്രമത്തിന് ഉതുപ്പാന്റെ ഉത്സാഹം ഉയർന്നു.
- ആ അറ്റകുറ്റം തീർത്തല്ലാതെ അടുത്ത ദിവസം അയാൾ പള്ളിയിൽ പോയില്ല.
- ..............................
- ..............................

(കണ്ടെത്തിയ ആശയങ്ങൾ ഉപയോഗപ്പെടുത്തി താരതമ്യക്കുറിപ്പ് തയ്യാറാക്കുമല്ലോ)

ഉതുപ്പാനും കിണറും തമ്മിലുള്ള ആത്മബന്ധം കഥയിൽ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെയാണ്?

- പുത്രിക്ക് വരൻ മംഗല്യസൂത്രം ചാർത്തുന്ന മുഹൂർത്തം....
- ആ കിണർ ജനയിതാവിന്റെ മേൽ വെള്ളം തൂവി.
- ....................................................

ഉതുപ്പാന്റെ അന്ത്യം ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?

'ആ തെളിനീർ അയാളെ മാറോടണച്ചു. ആ കിണർ .................

................. വിശ്വസ്തതയോടെ ഗോപനം ചെയ്തു'

ഉതുപ്പാനും കിണറും തമ്മിലുള്ള ബന്ധം ഈ സന്ദർഭത്തിൽ എങ്ങനെ വായിച്ചെടുക്കാം.

- ഉതുപ്പാന്റെ മകളാണ് കിണർ
- മകളുടെ മടിയിൽ കിടന്ന് അന്ത്യശ്വാസം വലിക്കുന്നു.
- മകൾ പിതാവിനെ കെട്ടിപ്പിടിച്ച് കരയുന്നു.
- .......................................................

(ഉതുപ്പാനും കിണറും തമ്മിലുള്ള സവിശേഷതകൾ വ്യക്തമാക്കാനുള്ള ഏതു ചോദ്യത്തിനും ഈ ആശയങ്ങൾ ഉപയോഗപ്പെടുത്താമല്ലോ)

'കിണർ താണുവരുന്ന ക്രമത്തിൽ ഉതുപ്പാന്റെ ഉത്സാഹവും ഉയർന്നു'

ഈ പ്രയോഗത്തിന്റെ സവിശേഷതയെന്താണ്?

കിണർ താഴുമ്പോൾ ഉത്സാഹം ഉയരുന്നു - താഴുക, ഉയരുക എന്നീ വാക്കുകൾ വിപരീതാർത്ഥമുള്ളതാണ്. എന്നാൽ ഉതുപ്പാന്റെ സന്തോഷത്തിന്റെ വലുപ്പം കാട്ടാൻ ഇവക്കാവുന്നു. ഇത്തരം പ്രയോഗങ്ങൾ ധാരാളമായി കഥയിൽ നിന്നു കണ്ടെത്താനാവും. അവയും ഇതുപോലെ വിശകലന വിധേയമാക്കണം.

- അവന്റെ ഹൃദയത്തിന്റെ അടിത്തട്ടു കാണാനെന്നവണ്ണം കിണർ ചുഴിഞ്ഞിറങ്ങി
- കിണർ അടിവരെ താഴ്ന്നതോടെ ഉതുപ്പാന്റെ മടിശ്ശീലയുടെ നെല്ലിപ്പലകയും കണ്ടു.
- പട്ടണത്തിലെ വാപി കൂപങ്ങൾ അന്തർധാനം ചെയ്തു. ഉതുപ്പാന്റെ കുഴിഞ്ഞ കണ്ണുകൾ ആ സ്ഥാനം വഹിച്ചു.

- ......................................

കഥാപാത്രനിരൂപണം തയ്യാറാക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം.

- കഥാപാത്രസവിശേഷതകൾ
- കഥാപാത്രത്തിന്റെ കഥയിലെ സ്ഥാനം
- മറ്റു കഥാപാത്രങ്ങളുമായും അവർക്ക് തിരിച്ചുമുള്ള ബന്ധം
- അവരുടെ നിലപാടുകൾ

ഇത്രയുമായാൽ മികച്ച കഥാപാത്രനിരൂപണം തയ്യാറാക്കാൻ സാധിക്കും.

ഉതുപ്പാനെക്കുറിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ഉൾപ്പെടുത്തണം?

- ഉതുപ്പാന്റെ സ്വഭാവ സവിശേഷതകൾ
- ഉതുപ്പാനോടുള്ള സമൂഹത്തിന്റെ നിലപാടുകൾ
- ഉതുപ്പാന്റെ പ്രവർത്തനങ്ങളുടെ സാമൂഹിക/കാലിക പ്രസക്തി
- .............................................

ഇത്രയും കാര്യങ്ങൾ നാം കഥാ വിശകലനത്തിന്റെ ഭാഗമായി ആദ്യ ഭാഗത്ത് ചർച്ചചെയ്തത് ഒന്നുകൂടി വായിച്ചതിനുശേഷം കഥാപാത്രനിരൂപണം തയ്യാറാക്കുക.

പത്താംക്ലാസിൽ നിങ്ങൾ പഠിച്ച കഥകൾ ഏതൊക്കെ?

| **കേരള പാഠാവലി** | **അടിസ്ഥാന പാഠാവലി** |
|---|---|
| - ആർട്ട് അറ്റാക്ക്<br>- പട്ടാളക്കാരൻ<br>- .............................. | - എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ<br>- ആടുജീവിതം (നോവൽ ഭാഗം) |

ഓരോ കഥയിലെയും പ്രധാന കഥാപാത്രങ്ങൾ ആരൊക്കെ?

| ആർട്ട് അറ്റാക്ക് | പട്ടാളക്കാരൻ | ........................ | ......................... |
|---|---|---|---|
| ശിവരാമൻ | ...................... | ......................... | ......................... |
| മകൾ | ........................ | ......................... | ......................... |
| ...................... | ......................... | .......................... | ......................... |

ഓരോ കഥാപാത്രത്തിന്റെയും സ്വഭാവ സവിശേഷതകൾ എന്തൊക്കെയാണെന്ന് കണ്ടെത്തണം.

## അടുത്തൂൺ

‘പറഞ്ഞുനോക്കുക വെറുതെ നിങ്ങൾ-
ക്കെത്ര കിളിയുടെ പാട്ടറിയാം
എത്രമരത്തിൻ തണലറിയാം
എത്ര പുഴയുടെ കുളിരറിയാം
...............................................................
...............................................................
അറിഞ്ഞിടുമ്പോളറിയാം നമ്മൾ-
ക്കറിയാനൊത്തിരി ബാക്കി
ഒത്തിരിയൊത്തിരി ബാക്കി’

*പി. മധുസൂദനൻ*

ചെറിയ ക്ലാസിൽ വച്ച് നാം പരിചയപ്പെട്ട ഈ കവിത നമ്മെ എന്തൊക്കെ കാര്യങ്ങളാണ് ഓർമ്മിപ്പിക്കുന്നത്?

- നമ്മുടെ ചുറ്റുപാടുകളെക്കുറിച്ച് അറിയുന്നതാണ് യഥാർത്ഥ അറിവ്
- അതാണ് വലിയ അറിവ്, സന്തോഷം നൽകുന്ന അറിവ്
- പ്രകൃതിയെക്കുറിച്ച് അറിയാത്തവൻ ശൂന്യൻ
- പ്രകൃതിയെക്കുറിച്ച് അറിയുന്തോറും കൂടുതൽ അറിയാൻ ബാക്കി

പ്രകൃതിയെക്കുറിച്ച് നേടിയ അറിവുകൾ അടുത്തൂൺ എന്ന കവിതയിലെ ആഖ്യാതാവി ലുണ്ടാക്കിയ മനോവികാരം എന്തൊക്കെയാണ്?

- കരളിൽത്തുടിപ്പ്
- മുക്തകണ്ഠം ഘോഷം

ആഖ്യാതാവിന് ഇതുവരെയായി ഇത്തരം അനുഭവങ്ങൾ ലഭിക്കാതെ പോയത് എന്തുകൊണ്ടാവും?

- നഗരജീവിതം
- ഔദ്യോഗിക തിരക്കുകൾ
- ..............................
- ..............................

ഗ്രാമജീവിതത്തെക്കുറിച്ച് നഗരത്തിന്റെ പുച്ഛം എങ്ങനെയാണ് കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത്?

- മടുപ്പൻ വൈചിത്ര്യരാഹിത്യം
- ഏകാന്തനിദ്രാണത്വം
- മൂകവേദന
- ഏകതാനത

ഈ പുച്ഛഭാവത്തെ എങ്ങനെയാണ് കവി നേരിടുന്നത്?

- പറവൂ നിസ്സന്ദേഹമിന്നു ഞാൻ മുക്കുറ്റിപ്പൂ
  കരളിൽ തുടിപ്പോലുമഞ്ചിതളുകളത്രേ
- ......................................................................

'ഗതിമുട്ടിയ ഞാനൊരുത്തരം കണ്ടെത്തുന്നു
മനസ്സിൽപ്പരക്കം പാഞ്ഞൊടുവിൽപ്പറയുന്നു'

അടിവരയിട്ട പദങ്ങൾ കവിയുടെ ഏതു മാനസികാവസ്ഥയെയാണ് കാണിക്കുന്നത്?

- ഉത്തരം പറയാൻ പ്രയാസം നേരിടുന്നു.
- മനസ്സിലിപ്പോഴും നഗരത്തോടുള്ള താല്പര്യം ബാക്കി കിടക്കുന്നുണ്ടോ എന്ന സംശയം
- പട്ടണത്തിന്റെ തിരിച്ചുള്ള വിളിയെ നേരിടാൻ വിഷമം

'കവിയെ തിരിച്ചുവിളിക്കുന്ന പട്ടണം അദ്ദേഹത്തിന്റെ മനസ്സ് തന്നെയാണ്' - ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

കവിയുടെ മനസ്സിനകത്ത് നടക്കുന്ന സംഘർഷം തന്നെയായിരിക്കാം ഗ്രാമം നഗരം എന്നീ ദ്വന്ദ്വങ്ങളായി അദ്ദേഹത്തിന്റെ ഉള്ളിൽ കിടക്കുന്നത്. ഗ്രാമജീവിതം തുടരാൻ ആഗ്രഹിക്കുമ്പോഴും പഴയ ഓർമ്മകൾ അദ്ദേഹത്തെ നഗരത്തിലേക്ക് തിരികെ വിളിക്കുന്നു. നീണ്ടകാലം ജീവിച്ച പട്ടണത്തിലെ സുഖസൗകര്യങ്ങൾ അദ്ദേഹത്തെ പ്രചോദിപ്പിക്കുന്നുണ്ടാവാം. എന്നാൽ ആ സൗകര്യങ്ങൾക്കപ്പുറം ഗ്രാമം നല്കുന്ന സൗഖ്യം, നന്മ, അവിടെ ലഭിക്കുന്ന കുളിർമ, ലാളിത്യം, ഏകാന്തത തുടങ്ങിയവ അദ്ദേഹത്തെ ഗ്രാമത്തിൽ പിടിച്ചുനിർത്തുന്നു. പ്രകൃതിയെക്കുറിച്ച് അതുവരെ ലഭിക്കാത്ത കൊച്ചുകൊച്ചു അറിവുകൾ വലിയ നേട്ടങ്ങളായി അദ്ദേഹം തിരിച്ചറിയുന്നുമുണ്ട്.

## കടലിന്റെ വക്കത്ത് ഒരു വീട്

സ്വയം ഏതു പ്രതിസന്ധി നേരിടുമ്പോഴും മറ്റുള്ളവരെ സന്തോഷിപ്പിക്കാൻ സാധിക്കുക എന്നത് ജീവിതത്തിലെ ഏറ്റവും വലിയ നന്മയാണ്. അതാണ് കടലിന്റെ വക്കത്ത് ഒരു വീട് എന്ന കഥയിലെ യുവാവ് ചെയ്യുന്നത്.

യുവാവിന്റെ വ്യക്തിത്വം അനാവരണം ചെയ്യുന്ന സന്ദർഭങ്ങൾ ഏതെല്ലാം?

- നിങ്ങളെക്കണ്ടാൽ ആരും പറയില്ല വീടില്ലാത്തവരാണെന്ന്.
- ഗൃഹലക്ഷ്മി, ഒന്നാന്തരം ഗൃഹലക്ഷ്മി
- ആയയായി ജോലിചെയ്തിരുന്ന അമ്മ സുഖജീവിതം നയിച്ചിരുന്നുവെന്ന ഓർമ്മ
- പാട്ടുകേട്ട് ഉണരുവാനും കുറച്ചുഭാഗ്യം വേണം

- കടലിന്റെ വക്കത്തു പാർക്കുവാനും ഭാഗ്യം വേണം. രാത്രിയിൽ കടലിന്റെ പാട്ടുംകേട്ട് നക്ഷത്രങ്ങളും നോക്കിക്കൊണ്ട് മലർന്നുകിടക്കാനുള്ള ഭാഗ്യം
- നിങ്ങൾ ശരിക്കും മഹാലക്ഷ്മിയുടെ അവതാരമാണ്.

ഈ സന്ദർഭങ്ങളിൽ തെളിയുന്ന അയാളുടെ മനോഭാവത്തിലെ സവിശേഷതകൾ എന്തൊക്കെ?

- സംസാരത്തിലെ പ്രസാദാത്മകത
- പ്രതീക്ഷയുണർത്തുന്ന വർത്തമാനം
- പ്രതികൂല സാഹചര്യങ്ങളെപ്പോലും അനുഗ്രഹമാക്കി മാറ്റാമെന്ന ചിന്ത
- ................

അറുമുഖത്തെക്കുറിച്ച് കഥയിൽ നിന്ന് കിട്ടുന്ന ചിത്രങ്ങൾ എന്തൊക്കെയാണ്?

- പണമുണ്ടായിരുന്നപ്പോൾ അഹംഭാവിയായിരുന്നു
- മദ്യപാനം മൂലം ഉണ്ടായിരുന്ന ജോലി കളഞ്ഞു
- യാചകർക്കു നൽകുന്ന പഴകിയ ഭക്ഷണം ഭാര്യയ്ക്ക് കൊണ്ടുകൊടുക്കുന്നു.
- സംഗീതത്തെക്കുറിച്ച് ഭാര്യയും യുവാവും സംസാരിച്ചു തുടങ്ങുമ്പോൾ മുഷിപ്പനായി തോന്നി ചുരുണ്ടുകൂടി കിടന്നു.
- യുവാവിന് ഭാര്യ പുതപ്പു നൽകിയപ്പോൾ നഷ്ടത്തെക്കുറിച്ച് വേവലാതിപ്പെടുന്നു.

ചർച്ചയിൽ നിന്നും ലഭിച്ച ആശയങ്ങൾ ഉപയോഗപ്പെടുത്തി രണ്ടുകഥാപാത്രങ്ങളുടേയും സവിശേഷതകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ആരൊക്കെയാണ് ഈ യൂണിറ്റിലെ പാഠഭാഗങ്ങളിലൂടെ നാം പരിചയപ്പെട്ടത്.

- 'വിണ്ടകാലടികളി'ലെ സ്വാതന്ത്ര്യ സമരസേനാനിയായ കവി
- ഉതുപ്പാൻ
- 'അടുത്തൂണി'ലെ കവി
- 'കടലിന്റെ വക്കത്ത് ഒരു വീടി'ലെ യുവാവ്

ഈ നാലു പേരുടേയും മനോഭാവങ്ങളിൽ എന്തൊക്കെ സാദൃശ്യങ്ങൾ കണ്ടെത്താനാവും. ഓരോ പാഠഭാഗവും വിശകലനം ചെയ്തപ്പോൾ ലഭിച്ച ആശയങ്ങൾ ഉപയോഗപ്പെടുത്തി 'ഇത്തിരിവട്ടത്തിലൊതുങ്ങാത്ത മനുഷ്യർ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

(മുൻയൂണിറ്റുകളിൽ ഉപന്യാസത്തെക്കുറിച്ച് സൂചിപ്പിച്ച കാര്യങ്ങൾ ആവർത്തിക്കേണ്ടല്ലോ)

## എന്റെ ചങ്ങലയുടെ താക്കോൽ

**ഐശ്വര്യ പി.**

ഈ ചങ്ങല - ഇതെനിക്ക് പാരമ്പര്യമായി കിട്ടിയതാണ്. ഒരുപാട് പെൺജന്മങ്ങളുടെ ഏക സമ്പാദ്യം. പക്ഷേ ആരുടെ കൈയിലാണ് ഈ ചങ്ങലയുടെ താക്കോൽ? അതറിയില്ല. ഒരിക്കൽ അയാളെ കാണുമ്പോൾ ചോദിക്കണം. എന്തിനാ എന്നെയും ചങ്ങലക്കിട്ടതെന്ന്.

ആദ്യമൊന്നും എന്റെ കാലിലെ ചങ്ങല ഞാൻ കണ്ടിട്ടേയില്ലായിരുന്നു. ഒരിക്കൽ ഭംഗിയുള്ള ഒരു പൂമ്പാറ്റയ്ക്ക് പിറകെ ഉറക്കെ ചിരിച്ച് ഓടിയപ്പോഴാണ് ആദ്യമായി ആ ചങ്ങല എന്റെ കാലിൽ വലിഞ്ഞു മുറുകിയത്. അപ്പോഴാണ് ആദ്യമായി ഞാനത് കണ്ടത്. പിന്നെപ്പിന്നെ അതിനെക്കാൾ ഭംഗിയുള്ള കാഴ്ചകൾക്കും സ്വപ്നങ്ങൾക്കും നേരെ ഞാൻ ഓടിയടുത്തപ്പോഴൊക്കെ അതെന്നെ പിറകിലേക്ക് വലിച്ചു. അപ്പോഴൊന്നും അതിന്റെ താക്കോൽ സൂക്ഷിപ്പുകാരനെ ഞാൻ കണ്ടില്ല. കണ്ടിരുന്നെങ്കിൽ അയാളെ അടിച്ചിട്ട് ആ താക്കോൽ അയാളുടെ കൈയിൽ നിന്ന് ഞാൻ തട്ടിപ്പറിച്ചേനെ. അദൃശ്യനായ ആ ശത്രുവിനെ തോല്പിക്കാൻ ഞാൻ ശ്രമിച്ചപ്പോഴെല്ലാം ആരൊക്കെയോ ചേർന്നെന്നെ ബന്ധിച്ചു കൊണ്ടേയിരുന്നു.

ഒടുവിൽ ഒരു ദിവസം അയാൾ ആ താക്കോൽ മറ്റൊരാൾക്ക് കൈമാറി. എന്റെ പുതിയ ഉടമസ്ഥന്. അളവും തൂക്കവും ഗുണവും നോക്കി വാക്ക് പറഞ്ഞുറപ്പിച്ച് അയാളെന്നെ വിലക്കു വാങ്ങുകയായിരുന്നു. അന്ന് അയാളെന്റെ കഴുത്തിൽ ഒരു പുതിയ ചങ്ങലയിട്ടു. അതിന്റെ താക്കോൽ അരയിൽ ഭദ്രമാക്കി വെക്കുകയും ചെയ്തു. പുതിയ ശത്രുവിനെ കണ്ടിട്ടും അറിഞ്ഞിട്ടും ആ താക്കോൽ തട്ടിപ്പറിച്ചെടുക്കാനായില്ല. കാരണം ഞാനിപ്പോൾ ചങ്ങലകളാൽ മൂടപ്പെട്ട കാഴ്ചവസ്തുവാണല്ലോ.

ഇന്ന് പുതിയ അനന്തരാവകാശി എത്തിയിരിക്കുന്നു. എന്റെ ചങ്ങലയുടെ ഭാഗം പറ്റാൻ ഒരു പെൺജന്മം. ഇനിയെനിക്ക് ഈ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് പറക്കണം. ചങ്ങലകളും താക്കോലുകളും ഉടമസ്ഥരുമില്ലാത്ത ലോകത്തിലേക്ക്. പെൺജന്മങ്ങളുടെ പറുദീസയിലേക്ക്...

ഇല്ല. അതിനുമെനിക്കാവുന്നില്ല. ആരോ പിന്നിൽ നിന്ന് പിടിച്ചുവലിക്കുന്നു. ചങ്ങല മുറുകി ശരീരം നോവുന്നു. ഇല്ല, സാധിക്കില്ല. കാരണം എന്റെ ചങ്ങലയുടെ താക്കോലുകൾ അയാളുടെ കൈയിലാണല്ലോ.

കഥ വായിച്ചല്ലോ. ഇനി പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കുറിച്ചുവെക്കണം.

- ചങ്ങല എന്ന പ്രയോഗം കൊണ്ട് കഥാകൃത്ത് അർത്ഥമാക്കുന്നതെന്താണ്?
- 'പൂമ്പാറ്റയ്ക്ക് പിറകെ ഓടുമ്പോൾ ചങ്ങല മുറുകി' എന്ന പ്രയോഗത്തിൽ തെളിയുന്ന സാമൂഹ്യയാഥാർത്ഥ്യമെന്താണ്?

- ‘പുതിയതും പഴയതു’മായ ഉടമസ്ഥർ ആരായിരിക്കും?
- ‘വിലയ്ക്ക് വാങ്ങി’ ‘കഴുത്തിൽ വീണ ചങ്ങല’ എന്നീ പ്രയോഗങ്ങൾ നൽകുന്ന സൂചനയെന്ത്?
- ചങ്ങലകൾ കൈമാറ്റം ചെയ്യപ്പെടുകയല്ലാതെ അതു പൊട്ടിച്ചെറിയാൻ സാധിക്കുന്നില്ല. ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്?
- കഥയുടെ സമകാലിക പ്രസക്തി എന്തൊക്കെ?
- ഈ സാമൂഹികാവസ്ഥയ്ക്ക് കാരണങ്ങൾ ആരൊക്കെ?

ഉത്തരം കുറിച്ചുവച്ചുവല്ലോ. ഇനി കഥയ്ക്ക് ആസ്വാദനം തയ്യാറാക്കാം.

താഴെപറയുന്ന സൂചകങ്ങൾ ഉപയോഗിച്ച് സ്വയം വിലയിരുത്തി നോക്കൂ.

- കഥയിലെ ആശയം ഗ്രഹിച്ചിട്ടുണ്ട്.
- പ്രയോഗഭംഗികൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- സമകാലിക പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്.
- സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്.
- ഉചിതമായ ഭാഷ സ്വീകരിച്ചിട്ടുണ്ട്.

തുടർന്ന് സുഹൃത്തുക്കളുമായി കൈമാറി ചർച്ചചെയ്യുകയും ആവശ്യമായ മെച്ചപ്പെടുത്തൽ വരുത്തുകയും വേണം.

## യൂണിറ്റ് 5

# പാഠങ്ങൾ

പൊന്നാനി - നമ്പൂതിരി, തട്ടകം, കോവിലൻ, കടമ്മനിട്ട - കടമ്മനിട്ട രാമകൃഷ്ണൻ, ഉരുളികുന്നത്തിന്റെ ലുത്തിനിയ - സക്കറിയ

ചവുട്ടിനിൽക്കുന്ന മണ്ണാണ് നമ്മുടെ ശക്തിയും വളർച്ചയുടെ ഊർജ്ജവും. ദേശവും ദേശീയബോധവും സാഹിത്യലോകത്തെയും ശക്തമായി സഹായിച്ചിരുന്നു. സ്വന്തം ദേശത്തെ പാടിപ്പുകഴ്ത്താത്ത കവിയോ കലാകാരനോ ഉണ്ടാകില്ല. ദേശം എന്ന പദം അനുഭവവും അഭിമാനവുമാണ്.

| **എഴുത്തുകാർ** | **കൃതികൾ** | **മേഖല** |
|---|---|---|
| നമ്പൂതിരി | രേഖകൾ | ചിത്രകല |
| കോവിലൻ | തോറ്റങ്ങൾ, തട്ടകം, എ മൈനസ്, ജന്മാന്തരങ്ങൾ, ഭരതൻ | കഥ, നോവൽ |
| കടമ്മനിട്ട | കടമ്മനിട്ട, കാട്ടാളൻ, കുറത്തി, ശാന്ത | കവിത |
| സക്കറിയ | ആർക്കറിയാം, പ്രൈസ് ദ ലോഡ്, ഭാസ്ക്കരപട്ടേലരും എന്റെ ജീവിതവും | ചെറുകഥ |

**പൊന്നാനി - നമ്പൂതിരി**

**വിശകലനം**

ഒരു വ്യക്തിയെ സൃഷ്ടിക്കുന്നതിൽ ദേശത്തിന്റെ സ്വാധീനം ശക്തമാണ്. അതിനാൽ ദേശത്തെ ആവിഷ്ക്കരിക്കൽ സ്വത്വാവിഷ്ക്കാരമായി മാറുന്നു. 'രേഖകൾ', നമ്പൂതിരി എന്ന ചിത്രകാരന്റെ ദേശമായ പൊന്നാനിയുടെ വൈവിധ്യങ്ങളുടെ രേഖപ്പെടുത്തലാണ്. നമ്പൂതിരിയുടെ ചിത്രങ്ങളുടെ സവിശേഷതകൾ കണ്ടെത്തി പ്രസ്താവനയെ വിശകലനം ചെയ്യുക.

☞ നമ്പൂതിരിയുടെ വരകളെ എങ്ങനെ നോക്കിക്കാണാം.

☞ വരയിലെ വൈവിധ്യം

ഗ്രാമദൃശ്യം, പഴയമാതൃകയിലുള്ള കെട്ടിടങ്ങൾ, വായനശാല

☞ ചിത്രങ്ങളുടെ പ്രത്യേകതകളായി കാണാൻ കഴിയുന്നത്?

വലിയ രൂപങ്ങളായി വരക്കൽ, മനുഷ്യരൂപത്തിന്റെ ശരീരശാസ്ത്രാനുപാതം തെറ്റിച്ച് വരക്കൽ.

- കഥാപാത്രങ്ങൾക്ക് ലഭിക്കുന്ന വ്യക്തതയും വ്യത്യസ്തതയും

☞ ചിത്രങ്ങളിൽ നിന്നും കണ്ടെത്താവുന്നത്.

കാലഘട്ടത്തിന്റെ വ്യത്യസ്ത ജീവിതരീതികളെ തിരിച്ചറിയാൻ കഴിയുന്നു.

☞ വരയിൽ പഴമ തെളിയുന്ന രീതിയിലുള്ള പഴയകാലത്തെ വരച്ചിടൽ

പഴയകാല യാത്രാരീതികൾ എങ്ങനെ ചിത്രകാരൻ വ്യക്തമാക്കുന്നു?

- വള്ളങ്ങളുടെയും മറ്റും ചിത്രീകരണം
- ജലപാതയുടെ ചിത്രീകരണം
- കെട്ടിടങ്ങളുടെ ചിത്രീകരണം

കൂട്ടുകാരുമായി ചർച്ചചെയ്ത് കൂടുതൽ കാര്യങ്ങൾ കണ്ടെത്തൂ.

☞ കൂടുതൽ പ്രത്യേകതകൾ കൂട്ടിച്ചേർത്ത് കുറിപ്പ് പൂർത്തിയാക്കുക.

## ലഘുകുറിപ്പ്

☞ ദേശത്തെ ആവിഷ്ക്കരിക്കുമ്പോൾ വരയിലും ഭാഷാപ്രയോഗത്തിലും നമ്പൂതിരി ഏതൊക്കെ ഘടകങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്? ലഘുകുറിപ്പ് തയ്യാറാക്കുക.

വരയിൽ - യാത്രാമാർഗ്ഗങ്ങൾ, കെട്ടിടങ്ങളുടെ രൂപകല്പന

തുറമുഖം, ക്ഷേത്രം, വഴികൾ, തോടുകൾ, കെട്ടിടങ്ങൾ, വസ്ത്രധാരണ രീതി, അനുഷ്ഠാനങ്ങൾ, ജീവിതരീതി.

☞ പശ്ചാത്തലത്തിന്റെ വിശദീകരണത്തിലേക്ക് ചെല്ലാത്ത വര

☞ വാമൊഴിയുടെ താളം അനുഭവപ്പെടുന്ന വര

ഭാഷയിൽ

☞ ചിത്രങ്ങളെ പൂരിപ്പിക്കുന്ന തരത്തിലുള്ള ഭാഷ

☞ വിശേഷണങ്ങൾ ഒഴിവാക്കിയുള്ള ഭാഷ

☞ വാമൊഴിയുടെ താളം അനുഭവപ്പെടുന്ന വിവരണം

**ശ്രദ്ധിക്കേണ്ടത്**

- നമ്പൂതിരിയുടെ രചനാരീതിയുടെ പ്രത്യേകതകൾ
- വരയും ഭാഷയും തമ്മിലുള്ള ബന്ധം
- ഉചിതഭാഷ

## തട്ടകം - കോവിലൻ

മൂപ്പിലശ്ശേരി ദേശത്തിന്റെ അറുന്നൂറിൽപ്പരം വർഷത്തെ ചരിത്രകഥനം. സ്വന്തം ദേശമായ കണ്ടാണിശ്ശേരി തന്നെയാണ് നോവലിലെ മൂപ്പിലശ്ശേരി. ദേശചരിത്രം നോവലാകുമ്പോൾ, ചരിത്രവസ്തുതകൾ സത്യാത്മകമായും യുക്തിപൂർവ്വമായും രേഖപ്പെടുത്തുമ്പോൾ അത് സർഗ്ഗാത്മക രചനയാകില്ല. തട്ടകം മൂപ്പിലശ്ശേരി ദേശത്തെ സൃഷ്ടിച്ച അനേകം മനുഷ്യരുടെ ജീവിതഭൂമിയാണ്. പുരാവൃത്തസമൃദ്ധമാണ് തട്ടകം. സമൂഹം വളർത്തിയെടുത്ത പ്രാദേശിക പുരാവൃത്തവും ചരിത്രസംഭവങ്ങളുടെ നാടകീയതയും പുരാണകഥകളിലെ സന്ദർഭസൂചനയും നോവലിസ്റ്റ് സൃഷ്ടിച്ച കല്പിത കഥകളും ഇതിൽ കാണാം. നാട്ടുജന്മങ്ങളും ചരിത്രപുരുഷന്മാരും കഥാപാത്രങ്ങളായി നിറഞ്ഞാടുന്ന തട്ടകം. ആഖ്യാനത്തിന്റെ അനന്യതയാലും താളത്തനിമയുള്ള ഭാഷാശൈലി കൊണ്ടും ശ്രദ്ധേയമാണ്.

## വിശകലനക്കുറിപ്പ്

- കാർഷിക ജീവിതവും ഗ്രാമീണ സംസ്കാരത്തിന്റെ മുദ്രയും പഴയകാലത്തിന്റെ മിഴിവും പുന:സൃഷ്ടിക്കാൻ ആഖ്യാനമികവുകൊണ്ട് 'തട്ടക'ത്തിലൂടെ കോവിലന് കഴിഞ്ഞിട്ടുണ്ട്.

പാഠഭാഗത്തെ ആശയങ്ങൾ മുൻനിർത്തി പ്രസ്താവനയെ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

☞ കാർഷിക ജീവിതത്തിന്റെ അടയാളങ്ങളായി എന്തൊക്കെ കണ്ടെത്താം?

പാളപ്പൊതി, പാണക്കോൽ

☞ ഗ്രാമീണ സംസ്കാരത്തിന്റെ മുദ്രകളായി അവതരിപ്പിച്ച പ്രാദേശിക ദ്രാവിഡദേവതകൾ.

പറക്കുട്ടി, മലവായി

☞ കഥാപാത്രങ്ങളുടെ അവതരണം

ചെമ്പൻ, കാരി

☞ പ്രയോഗങ്ങൾ-സവിശേഷതകൾ

വാൽക്കുടം, വാഴക്കുടപ്പനോളം

> **ശ്രദ്ധിക്കേണ്ടത്**
> - ആശയങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.
> - പ്രയോഗങ്ങളും സവിശേഷതകളും കണ്ടെത്തിയിട്ടുണ്ട്.
> - ആശയവിശകലനം നടത്തണം.
> - ആസ്വാദനാംശങ്ങളും സ്വന്തം നിരീക്ഷണങ്ങളും

☞ നാട്ടറിവിന്റെ സൂക്ഷ്മത കാണാൻ കഴിയുന്ന വിവരങ്ങൾ

- കൊമ്പിന്റെയും വാലിന്റെയും ലക്ഷണം നോക്കി കന്നിനെ തെരഞ്ഞെടുക്കൽ

തണ്ണീർപ്പന്തൽ

- വഴിയാത്രക്കാർക്ക് ദാഹമകറ്റാനുള്ള ഗ്രാമമനസ്സിന്റെ നന്മ

☞ മനുഷ്യബന്ധങ്ങളുടെ ആഴവും ഉദാരതയും വ്യക്തമാക്കുന്ന ഭാഗങ്ങൾ

- ഉണ്ണീരുകുട്ടിയുടെയും കമ്മളുട്ടിയുടെയും ചങ്ങാത്തം
- അച്ഛനമ്മമാരോടും ഗുരുക്കന്മാരോടുമുള്ള ആദരം
- കബളിപ്പിക്കാൻ ശ്രമിച്ചവരോടുള്ള പെരുമാറ്റം.

## വിലയിരുത്തൽ കുറിപ്പ്

☞ തട്ടകത്തിലെ പ്രയോഗങ്ങളും വർണ്ണനകളും രചനാശൈലിയും ഭാഷയുടെ സൗന്ദര്യത്തിന് കൂടുതൽ മിഴിവ് പകരുന്നു.

പാഠത്തിൽ നിന്നും വർണ്ണനകളും പ്രയോഗങ്ങളും കണ്ടെത്തി കോവിലന്റെ രചനാരീതിയും ഭാഷാപ്രയോഗത്തിന്റെ പ്രത്യേകതയെയും കുറിച്ച് വിലയിരു ത്തൽ കുറിപ്പ് തയ്യാറാക്കുക.

☞ പ്രയോഗങ്ങൾ

പുറപ്പാടൊരുങ്ങുക, തൂണകൂട്ടുക, കണ്ട് തൊഴുത് കുമ്പിടുക

ഇത്തരം പ്രയോഗങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തണം.

പുറപ്പാടൊരുങ്ങുക - യാത്രോദ്ദേശ്യത്തിന്റെ വിശുദ്ധി

-

-

☞ വർണ്ണനകൾ, സവിശേഷതകൾ

- പാളപ്പൊതിയും പറക്കോലും, ചെമ്പനും കാരിക്കും വട്ടക്കൊമ്പ്
- വാൽക്കുടം, വാഴക്കുടപ്പനോളം
- തണ്ണീർപ്പന്തലിൽ കയറി കത്തലടക്കി

☞ ശൈലി

☞ വടക്കൻപാട്ടിന്റെ രീതി

☞ ഉണ്ണീരി മുത്തപ്പന്റെ പുറപ്പാട്

**ശ്രദ്ധിക്കേണ്ടത്**
- പ്രയോഗസവിശേഷതകൾ കണ്ടെത്തണം.
- രചനാശൈലികൾ തിരിച്ചറിയണം
- ഭാഷാരീതിയുടെ പ്രത്യേകത മനസ്സിലാക്കണം

- ഏഴരവെളുപ്പിനെണീറ്റ് കുളിച്ച് കുറിയിട്ട് കുടുമയിൽ തെച്ചിപ്പൂ ചൂടി ഉണ്ണീരിക്കുട്ടി പുറപ്പാടൊരുങ്ങി.

☞ കളരിപ്പുറപ്പാടിന്റെ രീതി

കളരി അഭ്യാസത്തിന്റെ താളം കണ്ടെത്താൻ കഴിയുന്ന വർണ്ണന

- അരമടിശ്ശീലകെട്ടി അരിവാൾ ചുറ്റി,
- അച്ഛനെ വണങ്ങി അമ്മയെ വണങ്ങി
- പറക്കുട്ടിയെ കുമ്പിട്ട് മലവായിയെ തൊഴുത്

കൂട്ടുകാരുമായി ചർച്ചചെയ്ത് കൂടുതൽ ആശയങ്ങൾ കണ്ടെത്തുക. നിങ്ങളുടെ ആസ്വാദന ശേഷിയും നിരീക്ഷണങ്ങളും ഉപയോഗിച്ച് നൽകിയിരിക്കുന്ന പ്രവർത്തനത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കുമല്ലോ.

## കടമ്മനിട്ട - കടമ്മനിട്ട രാമകൃഷ്ണൻ

നാഗരീക ജീവിതത്തിലലിയുമ്പോഴും ഒരു കുളിർതെന്നലിന്റെ തലോടൽപോലെ ഗ്രാമജീവിതത്തിന്റെ ഓർമ്മ മനസ്സിന് ഊർജ്ജം പകരുന്നു. ക്രമം തെറ്റിയ ഓർമ്മകൾ പോലെ ജീവിതം മുന്നോട്ട് പായുമ്പോഴും ഗ്രാമജീവിതം തളിരണിഞ്ഞുനിൽക്കും. അത്തരത്തിൽ ദേശത്തിന്റെ മുദ്രകൾ ആഴത്തിൽ പതിഞ്ഞുകിടക്കുന്ന കവിതയാണ് കടമ്മനിട്ട. ഗ്രാമത്തിലൂടെയുള്ള നടത്തത്തിൽ, ജന്മനാടിന്റെ സജീവമായ ഓർമ്മ പുതുക്കുകയാണ് കവി. ഓർമ്മകളുടെ ആവിഷ്ക്കാരമായും ഓർമ്മകളിലൂടെയുള്ള യാത്രയുടെ ആവിഷ്ക്കാരമായും കവിതയെ വായിക്കാം.

### വരികളുടെ വിശകലനം

☞ 'എണ്ണം തെറ്റിയ ഓർമ്മകൾ വീണ്ടും

കുന്നിൻചരിവിൽ മാവിൻകൊമ്പിൽ

ഉണ്ണികളായി ഉറങ്ങിയെണീക്കെ'

വരികളിൽ തെളിയുന്ന പ്രയോഗഭംഗി വിശകലനം ചെയ്ത് കുറിപ്പെഴുതുക.

☞ നാടിനെക്കുറിച്ചുള്ള മായാത്ത ഓർമ്മകൾ കവി ഏതൊക്കെ വാക്കുകളിലൂടെയാണ് അവതരിപ്പിക്കുന്നത്?

കുന്നിൻചെരുവ്, മാവിൻകൊമ്പ് (ബാല്യകാലം)

☞ പ്രയോഗസവിശേഷത

എണ്ണം തെറ്റിയ ഓർമ്മകൾ

☞ ഇത്തരം പ്രയോഗത്തിന്റെ സവിശേഷതയെന്താകാം?

☞ ഓർമ്മയുടെ ക്രമം തെറ്റുക

പ്രായമേറുക

ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നീ അവസ്ഥകൾ

☞ നാടിന്റെ വ്യത്യസ്ത കാഴ്ചകൾ

**ശ്രദ്ധിക്കേണ്ടത്**
- ആശയം കണ്ടെത്തിയിട്ടുണ്ട്.
- പ്രയോഗസവിശേഷത മനസ്സിലാക്കണം.
- വരികൾ വിശകലനം ചെയ്യണം
- ആസ്വാദനാംശങ്ങൾ കണ്ടെത്തണം

ഇത്തരം കൂടുതൽ കണ്ടെത്തലുകൾ നടത്താൻ ശ്രമിക്കൂ. അവ കൂട്ടുകാരുമായി ചർച്ചചെയ്ത് കൂടുതൽ വ്യക്തതവരുത്തി തന്നിരിക്കുന്ന പ്രവർത്തനത്തിന് ഉത്തരം നൽകാൻ ശ്രമിക്കുമല്ലോ.

## ആസ്വാദനം

☞ ദേശത്തിന്റെ മുദ്രകൾ ആഴത്തിൽ പതിഞ്ഞുകിടക്കുന്ന 'കടമ്മനിട്ട'യ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

☞ ദേശത്തിന്റെ വർണ്ണനയായി കവിതയിൽ നിന്നും കണ്ടെത്താവുന്ന വരികൾ.

നെല്ലിൻതണ്ട് മണക്കുന്ന വഴി....

ഓലഞ്ഞാലിക്കിളി

കുന്നിൻചരുവ്

ഇടിഞ്ഞുപൊളിഞ്ഞ കുളപ്പടവ്

**ശ്രദ്ധിക്കേണ്ടത്**
- ആശയം വ്യക്തമാക്കണം
- വിലയിരുത്തൽ നടക്കണം
- വ്യക്തമായ നിരീക്ഷണം
- ഉചിതമായ അവതരണം

ഈ പ്രയോഗത്തിലൂടെ കവി നാടിനെ നമ്മുടെ മുൻപിൽ എങ്ങനെയൊക്കെ വ്യക്തമാക്കുന്നുണ്ട് എന്ന് കണ്ടെത്തണം.

☞ ഓർമ്മകൾ

കവി ഓർമ്മകൾക്ക് നൽകിയിരിക്കുന്ന വിശേഷണവും അതിന്റെ പ്രയോഗഭംഗിയും കണ്ടെത്താൻ ശ്രമിക്കണം.

ക്രമം തെറ്റിയ ഓർമ്മകൾ

☞ ജീവിത നിരാശ

നഷ്ടപ്രണയം

☞ ഇന്ദ്രിയാനുഭവവിവരണം

വെറും മാനസീകമായ ആഹ്ലാദം മാത്രമാണോ ഗ്രാമം കവിക്ക് നൽകിയിരിക്കുന്നത്.

ഗ്രാമത്തിന്റെ നിറം, പ്രകൃതി, ഭംഗി

വയൽ

മണം - നെല്ലിൻ തണ്ടിന്റെ മണം

ഇനിയുമെന്തൊക്കെ കണ്ടെത്താം?

-

-

-

☞ ആവിഷ്ക്കാരഭംഗി

ഭൂതകാലം - കല്പടവാകെയിടിഞ്ഞുപൊളിഞ്ഞ കുളം

വർത്തമാനകാലം - നാടിൻ നന്മ കുടിച്ചുമരിച്ചകുളം

☞ കൂടുതൽ കണ്ടെത്തലുകൾ നടത്തി ആശയപൂർണ്ണത നൽകുക. വ്യക്തതയുള്ള ഭാഷയിലൂടെ ഒരു മികച്ച ആസ്വാദനമെഴുതാൻ കൂട്ടുകാർ ശ്രമിക്കുമല്ലോ.

**കുറിപ്പ് തയ്യാറാക്കുക.**

'കല്പടവാകെയിടിഞ്ഞുപൊളിഞ്ഞ

കുളത്തിൻ കടവിൽ

തള്ളത്തവളകൾ നാമം ചൊല്ലി

.....................................................

നാടിൻ നന്മകുടിച്ചു മരിച്ച കുളത്തിൽ

ഭഗവതിമാത്രം പാതിരനോക്കി നീരാട്ടാടി'

തന്നിരിക്കുന്ന വരികൾ വിശകലനം ചെയ്ത് കുളത്തിന്റെ വർണ്ണനയിലൂടെ ഭൂത-വർത്തമാനകാലത്തെ കവി എങ്ങനെയൊക്കെ അവതരിപ്പിച്ചിരിക്കുന്നു. നിങ്ങളുടെ നിരീക്ഷണം വ്യക്തമാക്കുന്ന ഒരു കുറിപ്പ് തയ്യാറാക്കുക.

☞ ആവിഷ്കരണരീതിയുടെ സവിശേഷതകളായി കണ്ടെത്താവുന്നവ

ഭൂതകാലവർണ്ണന

പുലരി-പുലരിയെ കഴിഞ്ഞകാലത്തിന്റെ പ്രതീകമായി കവി എങ്ങനെയായിരിക്കാം കണ്ടിരിക്കുന്നത്?

ഇതുപോലെ തള്ളത്തവള, താമര, പാതിര എന്നീ പ്രയോഗങ്ങളെയും വ്യക്തമാക്കാൻ ശ്രമിക്കണം.

വർത്തമാനകാലം, പായൽ, പാഴ്ച്ചെടി

- സജീവത നഷ്ടപ്പെട്ട ഗ്രാമം

- ഗ്രാമത്തിന്റെ പരുക്കൻ അനുഭവങ്ങൾ

നിങ്ങളുടെയും കൂട്ടുകാരുടെയും കൂടുതൽ വ്യക്തതയ്ക്കായി അധ്യാപകരുടെ സഹായം തേടുമല്ലോ.

## ഉരുളികുന്നത്തിന്റെ ലുത്തിനിയ - സക്കറിയ

ലുത്തിനിയ എന്നാൽ സ്രഷ്ടാവിനോട് ഉരുവിട്ടുള്ള പ്രാർത്ഥന. സക്കറിയയെ സൃഷ്ടിച്ചത് ദേശവും അയൽദേശങ്ങളുമാണ്. അത്തരത്തിലാകുമ്പോൾ ഉരുളികുന്നത്തിന്റെ ലുത്തിനിയ സക്കറിയയുടെ ദേശസങ്കീർത്തനമാണ്. നാടിന്റെ പാർശോൽപന്നമാണ് താൻ എന്ന് എഴുത്തുകാരൻ തന്നെ വ്യക്തമാക്കുന്നു.

## വിലയിരുത്തൽകുറിപ്പ്

☞ 'ഞാൻ വേറൊന്നുമല്ല; ഉരുളികുന്നത്തിന്റെ കല്ലിന്റെയും മണ്ണിന്റെയും കാറ്റിന്റെയും മുള്ളിന്റെയും മേഘത്തിന്റെയും വെള്ളത്തിന്റെയും ഒരു പാർശ്വോല്പന്നം മാത്രമാണ്.'

പാഠഭാഗത്തെ ആശയങ്ങൾ മുൻനിർത്തി ഉരുളികുന്നത്തെക്കുറിച്ചുള്ള സക്കറിയയുടെ കാഴ്ചപ്പാട് വിലയിരുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

☞ തന്നെ സൃഷ്ടിച്ചതിൽ നാടിനുള്ള പ്രാധാന്യത്തെ സക്കറിയ വെളിവാക്കിയത് വ്യക്തമാക്കുക.

☞ താൻ നാട്ടിൻപുറത്തിന്റെ ഉപോല്പന്നമാണെന്ന തിരിച്ചറിവ്

☞ തന്റെ ഗ്രാമത്തിലെ കൃഷി

☞ ഗ്രാമഭാഷ - ജീവിത ഭാഷ

☞ ഗ്രാമീണ ജീവിതത്തിന്റെ താളം, ഹൃദയൈക്യം

☞ കൂടുതൽ കണ്ടെത്തലുകൾ നടത്തിയും അവയുടെ ഉള്ളടക്കം വ്യക്തമാക്കിയും പ്രവർത്തനത്തിന് ഉത്തരം തയ്യാറാക്കുമല്ലോ.

**നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.**

'ഉരുളികുന്നത്തെ മനുഷ്യർ ചിരിക്കാനും സന്തോഷിപ്പിക്കാനും പഠിപ്പിച്ചു. ആടയാഭരണങ്ങളില്ലാത്ത ഒരു ഭാഷ എനിക്ക് തന്നു. ആ ഭാഷയുടെ പിന്നിൽ ഒരു

ജീവിതലാളിത്യമുണ്ടായിരുന്നു.'

ദേശവും ദേശഭാഷയുമാണ് തന്റെ പൂർണ്ണതയെന്ന് സക്കറിയ പറയാതെ പറയുന്നു. നാടിനെ സക്കറിയ നോക്കിക്കാണുന്നത് തന്നിലൂടെ തന്നെയാണ്. ഒരു വ്യക്തിയുടെ വളർച്ചയെ നാട് എത്രമാത്രം സ്വാധീനിക്കുന്നുണ്ട്. പാഠഭാഗത്തിന്റെ ആശയങ്ങൾ കൂടി പ്രയോജനപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

- ജീവിതത്തിന്റെ വളർച്ച രേഖപ്പെടുത്തിയത്
- ഒരു വ്യക്തിയുടെ വളർച്ചയിൽ നാട് എങ്ങനെ സ്വാധീനിക്കുന്നു എന്നത് തന്റെ വളർച്ചയിലൂടെ സക്കറിയ വെളിപ്പെടുത്തിയത്.
- ഗ്രാമീണ നന്മയുടെ ഐക്യം.

  ബന്ധം, സ്നേഹം
- ഗ്രാമഭാഷയുടെ പ്രത്യേകത

  ഉച്ചാരണം

**ശ്രദ്ധിക്കേണ്ടത്**

- ആശയം തിരിച്ചറിയണം
- വ്യക്തമായ നിരീക്ഷണം
- ഉചിതമായ അവതരണം

പാഠഭാഗത്തുനിന്നും കൂടുതൽ ആശയങ്ങൾ കണ്ടെത്തി നിങ്ങളുടെ നിരീക്ഷണത്തിന് കൂടുതൽ വ്യക്തത ഉണ്ടാക്കുക. കൂട്ടുകാരുമായി ചർച്ചചെയ്ത് ഉത്തരം എഴുതാൻ ശ്രമിക്കുമല്ലോ.

***

# കേരള പാഠാവലി

ആകെ സ്കോർ : 40 സമയം : $1\frac{1}{2}$ മണിക്കൂർ

**പൊതുനിർദ്ദേശങ്ങൾ**

- ആകെ 11 ചോദ്യങ്ങളാണ് നൽകിയിരിക്കുന്നത്.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചുമനസ്സിലാക്കിയതിനുശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.

---

1. 'ഉതുപ്പാന്റെ കിണർ' എന്ന കഥയിൽ ഉതുപ്പാന്റെ ദുരന്തമാണ് ആവിഷ്കരിക്കുന്നത്. എങ്കിലും നന്മയുടെയും മനുഷ്യത്വത്തിന്റെയും പ്രകാശം ഇവിടെ വ്യാപിച്ചുകിടക്കുന്നു.

   *- അക്ബർ കക്കട്ടിൽ*

   – ഈ നിരീക്ഷണത്തിന് യോജിച്ച രണ്ട് കഥാസന്ദർഭങ്ങൾ എഴുതുക. (സ്കോർ 2)

2. നിനക്ക് വിദ്യാലയത്തിലേക്ക് <u>പോകാം</u>

   – അടിവരയിട്ട പദത്തിനുപകരം 'പോകണം' എന്ന പദം ചേർത്ത് വാക്യം മാറ്റിയെഴുതി അർത്ഥവ്യത്യാസം കുറിക്കുക. (സ്കോർ 2)

3. താൻ വരുന്നില്ലെന്നും തനിക്കവധിവേണ്ടെന്നും രാമൻ നായർ പറഞ്ഞു

   ഈ വാക്യത്തെ ആവശ്യമായ ചിഹ്നം ചേർത്ത് സംഭാഷണ രൂപത്തിൽ മാറ്റിയെഴുതുക. (സ്കോർ 2)

4. 'അങ്ങാണ് അതിനു നല്ലത് ന്നാ എല്ലാവരും കൂടി നിശ്ചയിച്ചത്'

   'അതുകേട്ട് എനിക്ക് ക്ഷരസായി'

   – വാമൊഴിയുടെ തനിമയാണ് കൂത്തിലെ ഭാഷയെ ആകർഷകമാക്കുന്നത്. സന്ദർഭം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക (സ്കോർ 4)

5. അതുമല്ലയി!സാനുഭൂവിലെ–

   പ്പുതുരത്നാവലി ധാതുരാശിയും

   കുതുകം തരുമെന്നുമല്ലഹോ!

   പൊതുവിൽ <u>സർവ്വമതെന്റെയായിടും</u>!

   – അടിവരയിട്ട പദം നൽകുന്ന അർത്ഥതലം കാവ്യഭാഗത്തിന് എത്രത്തോളം അനുയോജ്യമാണ്? വ്യാഖ്യാനിക്കുക. (സ്കോർ 4)

6. ‘തീവ്രമായ യുദ്ധാനുഭവത്തിനപ്പുറം ഒറ്റപ്പെടുന്ന ഒരു വ്യക്തിയുടെ അനുഭവം കൂടിയാണ് പട്ടാളക്കാരൻ എന്ന കഥ.’

– ഈ അഭിപ്രായത്തോട് പാഠസന്ദർഭങ്ങൾ പ്രയോജനപ്പെടുത്തി നിങ്ങളുടെ പ്രതികരണം കുറിക്കുക. (സ്കോർ 4)

7. ‘പട്ടണമോടിക്കിതച്ചെന്റെ വാതിലിൽ വന്നുമുട്ടി’

‘ജീപ്പിൽനിന്നിറങ്ങുന്നു നഗരം വീണ്ടും’

– *അടുത്തൂൺ*

– കവിതയിലെ ഈ പ്രയോഗങ്ങൾ നഗരജീവിതത്തെ എങ്ങനെയെല്ലാം ധ്വനിപ്പിക്കുന്നു? (സ്കോർ 4)

**8 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.**

8. മണ്ണുമായുള്ള ബന്ധമാണ് തന്റെ ശക്തിയെന്ന് കവി ‘വിണ്ടകാലടികൾ’ എന്ന കവിതയിലൂടെ വെളിപ്പെടുത്തുന്നു. എന്നാൽ മണ്ണിൽ നിന്ന് മനുഷ്യൻ അകലുന്നുണ്ടോ? ഇന്നത്തെ സാമൂഹികാവസ്ഥയിൽ ‘വിണ്ടകാലടികൾ’ എന്ന കവിതയിലെ പ്രമേയത്തെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക. (സ്കോർ 6)

9. താഴെകൊടുത്തിരിക്കുന്ന സൂചനകൾ പ്രയോജനപ്പെടുത്തി കടലിന്റെ വക്കത്ത് ഒരു വീട് എന്ന കഥയിലെ യുവാവിനെക്കുറിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുക.

- പ്രതീക്ഷയോടുകൂടി നോക്കികാണുന്നു.
- ദുരിതങ്ങൾക്കിടയിലും പ്രസാദാത്മക
- ജീവിതത്തെ നോക്കികാണുന്ന വ്യത്യസ്തത
- ഇടപെടലുകളിലെ രീതി (സ്കോർ 6)

10. മനുഷ്യന്റെ സാംസ്കാരിക വളർച്ചയ്ക്ക് കലാപ്രവർത്തനവും കലാസ്വാദനവും മുഖ്യപങ്കുവഹിക്കുന്നു. ‘കേരളത്തിന്റെ കലകൾ നൽകുന്ന സാംസ്കാരിക മൂല്യങ്ങൾ’ എന്ന വിഷയത്തെക്കുറിച്ച് ലഘുഉപന്യാസം തയ്യാറാക്കുക. (സ്കോർ 6)

11. **ആസ്വാദനം തയ്യാറാക്കുക**

**സീതാകഥ**

- പൈതൽ ചോദിപ്പൂ "ചൊല്ലൂ മുത്തശ്ശി, എന്തേ രാമൻ
സീതയെക്കളഞ്ഞത്? കഷ്ടമാണല്ലേ കഷ്ടം!
ഉത്തരമില്ലാ സ്നേഹം വാരിവാരി ഞാൻ കാൽക്ക-
ലർപ്പിച്ചതില്ലേ? ജീവനെന്നപോൽ കരുതീലേ?
എത്രമേൽ കരഞ്ഞു ഞാൻ പുണർന്നു യാചിച്ചിട്ടു-
മെത്രനിസ്സാരം! കൈകൾ തട്ടിയെങ്ങനെ പോയി!
മുപ്പതുവർഷം! കണ്ണീർ നിറഞ്ഞു കുമ്പിടുന്നൂ
വൃദ്ധനേത്രങ്ങൾ, കുട്ടിശഠിപ്പൂ മിണ്ടാത്തെന്തേ
മുത്തശ്ശി? അയ്യേ കണ്ണീർ! സീതയെയോർത്തിട്ടാണോ?"

***

# ഉള്ളടക്കം

## മലയാളം - II
## അടിസ്ഥാന പാഠാവലി


| യൂണിറ്റ് | പാഠങ്ങൾ |
|---|---|
| 1. വാക്കാം വർണ്ണക്കുടചൂടി | എന്റെ ഭാഷ<br>വാക്കിന്റെ കൂടെരിയുന്നു<br>സൗന്ദര്യപൂജ<br>മലയാളം |
| 2. വേണമീസ്നേഹബന്ധങ്ങളൂഴിയിൽ | കൊച്ചുദു:ഖങ്ങളുറങ്ങൂ!<br>ബ്രഹ്മാലയം തുറക്കപ്പെട്ടു<br>തോരാമഴ<br>എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ |
| 3. അലയും മലയും കടന്നവർ | ആടുജീവിതം<br>ആസ്സാംപണിക്കാർ |

## യൂണിറ്റ് 1

## വാക്കാം വർണക്കുടചൂടി

**പാഠഭാഗങ്ങൾ**

| **കൃതി** | **ഗ്രന്ഥകർത്താവ്** | **കൃതികൾ** |
|---|---|---|
| എന്റെ ഭാഷ | വള്ളത്തോൾ | ബന്ധനസ്ഥനായ അനിരുദ്ധൻ<br>മഗ്ദലനമറിയം<br>ശിഷ്യനും മകനും<br>അച്ഛനും മകളും, ചിത്രയോഗം,<br>സാഹിത്യ മഞ്ജരി 11 ഭാഗങ്ങൾ |
| വാക്കിന്റെ കൂടെരിയുന്നു | ഗുഗിവാതിഓംഗോ | എനിക്കുതോന്നുമ്പോൾ വിവാഹിതനാകും<br>കെയ്താനി മുത്ഹർബയിനി<br>വീപ് നോട്ട് ചൈൽഡ്<br>ദ റിവർ ബിറ്റ്വീൻ. |
| സൗന്ദര്യപൂജ | പി. കുഞ്ഞിരാമൻ നായർ | കളിയച്ഛൻ, പൂമൊട്ടിന്റെ കെണി,<br>നരബലി, ആ മലനാടൻ മങ്കമാർ,<br>ചന്തപിരിഞ്ഞിട്ടും, പുള്ളുവപ്പെൺകൊടി,<br>മൺകുടത്തിന്റെ വില, താമരത്തോണി,<br>താമരത്തേൻ, വസന്തോത്സവം |
| മലയാളം | സച്ചിദാനന്ദൻ | അഞ്ചുസൂര്യൻ, എഴുത്തച്ഛനെഴുതു<br>മ്പോൾ, കവിബുദ്ധൻ, പീഢനകാലം,<br>വീടുമാറ്റം, ഇവനെകൂടി, മലയാളം,<br>ദേശാടനം. |

## 1) എന്റെ ഭാഷ - വള്ളത്തോൾ നാരായണ മേനോൻ

- വള്ളത്തോൾ നാരായണമേനോന്റെ സാഹിത്യമഞ്ജരി ഏഴാംഭാഗത്തിൽ നിന്നെടുത്ത കവിതയാണ് എന്റെ ഭാഷ.
  - ☞ ഭാഷയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെ വികാരനിർഭരമായ ആവിഷ്ക്കാരമാണ് ഈ കവിത.
  - ☞ മാതൃഭാഷതന്നെയാണ് എന്റെ ഭാഷ, ഇത് ആത്മഭാഷ തന്നെ.

**ആശയംതലം**

ഈ കവിതയിൽ നിന്നും കണ്ടെത്താവുന്ന മാതൃഭാഷയുടെ പ്രത്യേകതകൾ

- ☞ അമ്മിഞ്ഞപ്പാലോടൊപ്പം നുകരുന്ന ഭാഷ
- ☞ പെറ്റമ്മയാകുന്ന ഭാഷ
- ☞ അമൃതായിത്തീരുന്ന ഭാഷ
- ☞ ഹൃദയത്തിലേക്ക് പതിയുന്ന ഭാഷ
- ☞ ഉൾത്തേനായിത്തീരുന്ന ഭാഷ
- ☞ കാവ്യങ്ങളും വേദങ്ങളും ഉപനിഷത്പൊരുളുകളും പഠിപ്പിച്ച ഭാഷ

ഇത്തരത്തിലൊരു ഭാഷ ശ്രേഷ്ഠഭാഷ തന്നെയല്ലേ?

പാടി സ്വകീയരെ കേൾപ്പിച്ച കൈരളി
പാടവഹീനയെന്നാർ പറയും?

അതുകൊണ്ട് തന്നെ മാതൃഭാഷയെ 'പാടവഹീന' എന്നുപറയാൻ കഴിയില്ല.

(പാടവഹീന - സാമർത്ഥ്യം കുറഞ്ഞവൾ)

- ☞ പാടവഹീനയെന്ന് പറയാൻ കഴിയുന്നത് ആർക്കൊക്കെയാണ്?
- ☞ ഇതുമാറേണ്ടതല്ലേ?

**ഔചിത്യഭംഗി**

'മാതാവിൻ വാത്സല്യദുഗ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണവളർച്ചനേടൂ'

- ഔചിത്യബോധം കുറിക്കാൻ ആവശ്യപ്പെടുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം.
  - ☞ വാത്സല്യ ദുഗ്ധം, പൈതങ്ങൾ, പൂർണവളർച്ച എന്നീ വാക്കുകളുടെ ആശയപരവും ചിന്താപരവുമായ പ്രത്യേകതകൾ എഴുതണം.
  - ☞ കുട്ടികൾ പൂർണവളർച്ച നേടുവാൻ അമ്മിഞ്ഞപ്പാലുതന്നെ വേണം.
  - ☞ മാതൃഭാഷയിലൂടെ പഠനം നടക്കുമ്പോൾ മാത്രമാണ് പൂർണമായ ആശയം ലഭിക്കുന്നത്.

☞ രണ്ടിലും പൂർണതയുണ്ട്. ശാരീരികവളർച്ചയും മാനസിക വളർച്ചയും പ്രധാനം തന്നെ. ഇത്തരം സൂചനകൾ ഉത്തരമെഴുതുമ്പോൾ പരിഗണിക്കുമല്ലോ? ഔചിത്യം എന്നതുകൊണ്ട് സന്ദർഭത്തിന് ഉചിതമായത് എന്നർത്ഥം.

ഇത്തരത്തിൽ കൂടുതൽ ഉദാഹരണങ്ങൾ പരിശോധിക്കുക.

☞ ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നും താൻ കേൾക്കണം

(വക്ത്രം - മുഖം)

☞ ഹൃദ്യം സ്വഭാഷതൻ ശീകരമോരോന്നു-
മുൾത്തേനായ്ച്ചേരുന്നു ചിത്തത്താരിൽ
അന്യബിന്ദുക്കളോ, തൽബഹിർഭാഗമേ
മിന്നിച്ചുനിൽക്കുന്ന തൂമുത്തുകൾ

(അന്യബിന്ദുക്കൾ - മറ്റുഭാഷകൾ, ശീകരം - ജലകണിക, ചിത്തം - മനസ്സ്)

☞ മറ്റു ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷതാൻ

ഇത്തരം ഉദാഹരണങ്ങൾ കൂട്ടുകാരുമായി ചർച്ചചെയ്ത് ഉത്തരം കണ്ടെത്തുക.

**ഭാഷാഭംഗി**

'എന്റെ ഭാഷ' എന്ന കവിതയിൽ ഭാഷാപരമായ എന്തെല്ലാം പ്രത്യേകതകൾ ഉണ്ടെന്ന് നോക്കാം.

'മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിൻമേലമ്മിഞ്ഞപ്പാലോടൊപ്പം'

രണ്ടാമത്തെ അക്ഷരം 'ണ്ട' ആവർത്തനം കവിതയ്ക്ക് ശബ്ദഭംഗി വർദ്ധിപ്പിക്കുന്നു.

(ദ്വിതീയാക്ഷരപ്രാസം)

ഇത്തരത്തിലുള്ള കൂടുതൽ വരികൾ കണ്ടെത്തുമല്ലോ?

**വിശകലനം**

വിശകലനസാധ്യതയുള്ള വരികൾക്ക് കൂടുതൽ ആശയതലങ്ങൾ കണ്ടെത്തേണ്ടതില്ലേ?

'കേരളത്തിന്നീയിരുകൾക്കുണ്ടിൽ നിന്നൊന്നു
കേറാൻ പിടിക്കയറെന്തു വേറെ?'

– വിശകലനം ചെയ്യുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം.

ഇരുൾക്കുണ്ട്, പിടിക്കയർ എന്ന പദങ്ങൾ നൽകുന്ന അർത്ഥവും ആശയവും വിശകലനം ചെയ്യണം.

ഇരുൾക്കുണ്ട് എന്നത് കൊണ്ടർത്ഥമാക്കുന്നതെന്ത്?

- കേവലം ഇരുൾമൂടിയ കുഴി മാത്രമാണോ?
  - ☞ ഇരുൾമൂടിയ കഴിഞ്ഞകാലം
  - ☞ സംസ്കാരം
  - ☞ ഭാഷയ്ക്കുമേലുള്ള കടന്നുകയറ്റം (സംസ്കൃതഭാഷയ്ക്ക് പ്രാധാന്യം)
  - ☞ ഭാഷയുടെ അപചയം
  - ☞ ഭാഷ തരം താഴ്ത്തപ്പെടുന്നു.

ഇത്തരം അർത്ഥതലങ്ങൾ ഈ പ്രയോഗത്തിൽ നിന്നും ലഭിക്കുന്നില്ലേ?

ഇത്തരം ഇരുൾക്കുണ്ടിൽ നിന്നും കരകയറാനുള്ള 'പിടിക്കയർ' ഏതാണ്?

☞ മാതൃഭാഷതന്നെയാണ്.

☞ ഭാഷ എങ്ങനെയാണ് പിടിക്കയറുന്നത്?

തലമുറകളിൽ നിന്നും തലമുറകളിലേക്ക് സംസ്കാരങ്ങളുടെ കൈമാറ്റം, അറിവിന്റെ കൈമാറ്റം, വ്യത്യസ്ത ചിന്തകൾ ഉൾക്കൊള്ളാൻ കഴിയൽ, ഇതിന് മാതൃഭാഷ ആവശ്യമാണ്.

ഇരുൾക്കുണ്ട്, പിടിക്കയർ എന്നീ പ്രയോഗഭംഗി വിശദമാക്കുമ്പോൾ വിശകലനം പൂർണമാകുന്നു. ഈ ആശയങ്ങൾ ലളിതമായും ക്രമമായും ആവിഷ്ക്കരിക്കുവാൻ ശ്രദ്ധിക്കണം. എഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

## 2) വാക്കിന്റെ കൂടെരിയുന്നു – ഗൂഗി വാ തിഓംഗോ

കെനിയൻ എഴുത്തുകാരനായ ഗൂഗി വാ തിഓംഗോ സ്വന്തം ഭാഷ നഷ്ടമാകുന്നതിന്റെ അനുഭവപാഠങ്ങളാണ് ലേഖനത്തിൽ പങ്കുവെയ്ക്കുന്നത്.

പാഠഭാഗത്ത് പരാമർശിക്കുന്ന പ്രധാന ആശയങ്ങൾ എന്തെല്ലാമാണ്?

☞ ഗൂഗിവാതി ഓംഗോവിന്റെ കുടുംബം

☞ ഗികുയു എന്ന ഭാഷ

☞ മാതൃഭാഷയിൽ കേട്ട കഥകൾ, അവയുടെ പ്രത്യേകതകൾ

☞ സ്കൂളിലെ പഠനഭാഷ

☞ വിദ്യാഭ്യാസത്തിന്റെ ഭാഷ, സംസ്കാരത്തിന്റെ ഭാഷ

☞ ഇംഗ്ലീഷ് ഭാഷയിലൂടെ വിദ്യാഭ്യാസം നടത്തുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ

☞ മാതൃഭാഷ സംസാരിക്കുമ്പോൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ

☞ മാതൃഭാഷയ്ക്കും സാഹിത്യത്തിനും സംഭവിച്ച അടിച്ചമർത്തൽ

**വിശകലനം**

വിശകലനത്തിന് ഏറെ സാധ്യതയുള്ള ഭാഗമാണിത്.

- ശരീരത്തെ കീഴ്പ്പെടുത്താനേ വെടിയുണ്ടകൾക്കാവൂ

  ആത്മീയമായ കീഴ്പ്പെടുത്തലിന്റെ മാധ്യമം ഭാഷയാണ്

  ☞ കീഴടക്കാൻ വരുന്നവർ ആദ്യം ഭാഷയെ കീഴടക്കുന്നു.

  ☞ സ്വന്തം ഭാഷ ഉപേക്ഷിച്ച് അന്യഭാഷ സ്വീകരിക്കുമ്പോൾ സംസ്കാരവും നശിക്കുന്നു.

  ☞ അറിവിൽ നിന്നകറ്റി ആത്മീയമായി കീഴ്പ്പെടുത്തിയ മനുഷ്യനെ എളുപ്പം അടിമത്തത്തിലേക്ക് നയിക്കാം.

  ☞ സ്വന്തം സംസ്കാരത്തിൽ നിന്ന് അടർത്തി മാറ്റാൻ ഭാഷാപരമായ അധിനിവേശത്തിലൂടെ സാധിക്കുന്നു.

ഇത്തരത്തിൽ സ്വന്തം അഭിപ്രായങ്ങൾ അവതരിപ്പിക്കണം.

കീഴ്പ്പെടുത്തൽ; അക്രമത്തിലൂടെയും, ആശയപ്രചരണത്തിലൂടെയും അധികാരത്തിലൂടെയും ധനത്തിലൂടെയും സാധിക്കുന്നു.

ഭാഷയിലൂടെയും വിദ്യാഭ്യാസത്തിലൂടെയും ആത്മീയമായ കീഴ്പ്പെടുത്തൽ നടക്കുന്നു. ഇത് ആയുധങ്ങൾ കൊണ്ട് സാധ്യമല്ല.

**വിലയിരുത്തൽ കുറിപ്പ്**

മാതൃഭാഷയ്ക്ക് വരുന്ന അപചയത്തെക്കുറിച്ച് സ്വാഭിപ്രായം പ്രകടിപ്പിക്കുവാൻ കഴിയണം.

ഇവിടെ സ്വാഭിപ്രായ കുറിപ്പിനും സാധ്യതയുണ്ട്.

ഗികിയു ഭാഷയ്ക്ക് സംഭവിച്ച അവസ്ഥ മലയാള ഭാഷയ്ക്കുണ്ടോ?

ഇതിൽ എന്തൊക്കെ പരിഗണിക്കാം.

☞ മലയാളം പഠനഭാഷയല്ലാതെയാകുക.

☞ മലയാളം പഠിക്കാതെയും പഠനംപൂർത്തിയാക്കാം എന്ന അവസ്ഥ

☞ മലയാളം ആർക്കും എങ്ങനെയും പറയാം എന്ന ധാരണ

☞ മലയാളം സംസാരിക്കുന്നതും പഠിക്കുന്നതും അപമാനമാണെന്ന തോന്നൽ.

**പ്രഭാഷണം**

'മാതൃഭാഷയെ നിഷേധിക്കുന്നവർ സ്വയം നിഷേധിക്കുകയാണ് ചെയ്യുന്നത്' എന്ന കാഴ്ചപ്പാടിനെ സാധൂകരിച്ച് കേരളപ്പിറവി ദിനത്തിൽ പ്രഭാഷണം തയ്യാറാക്കാനാവശ്യപ്പെടുകയാണെങ്കിൽ എന്തൊക്കെ ശ്രദ്ധിക്കണം.

പ്രഭാഷണത്തിന്റെ ഘടന പ്രധാനമാണ്.

- ☞ എവിടെവച്ചാണോ പ്രഭാഷണം നടത്തുന്നത് അവരെ അഭിസംബോധന ചെയ്യണം.
- ☞ ആമുഖമായി മാതൃഭാഷയെക്കുറിച്ച് സൂചിപ്പിക്കുക
- ☞ മാതൃഭാഷ നശിക്കാനിടയാകുന്ന സാഹചര്യങ്ങൾ, സന്ദർഭങ്ങൾ എഴുതണം.
- ☞ ആധികാരികതയുണ്ടാകണം.
- ☞ പ്രഭാഷണം നടത്തുന്ന വ്യക്തി കൂടുതൽ അറിവുള്ളവരാണ്
- ☞ ആശയങ്ങൾ ക്രമമായി എഴുതണം.
- ☞ ആശയങ്ങൾ ഖണ്ഡിക തിരിച്ച് അവതരിപ്പിക്കാം.
- ☞ ഉള്ളടക്കം സമഗ്രമായിരിക്കണം.
- ☞ സ്വന്തമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാം
- ☞ ഉപസംഹാരം നിർബന്ധമാണ്.

**ഭാഷാജ്ഞാനം**

ഒന്നോ രണ്ടോ മാർക്കിന്റെ ചോദ്യങ്ങളാണ് ഭാഷാപരമായ അറിവിന് ചോദിക്കുന്നത്. ഇവയ്ക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതാൻ കഴിയണം.

- ഒരുവശത്ത് ഞങ്ങളുടെ ഭാഷകളെയും സാഹിത്യങ്ങളെയും അടിച്ചമർത്തി. മറുവശത്ത് <u>ഇംഗ്ലീഷ് ഭാഷയെയും സാഹിത്യത്തെയും</u> ആകാശത്തോളം ഉയർത്തുകയും ചെയ്തു. ഇതിന്റെ പ്രത്യാഘാതം വലുതായിരുന്നു.
- ആശയങ്ങൾ ചോരാതെ ഒറ്റവാക്യമാക്കുക.
- അടിവരയിട്ട വാക്യത്തിൽ തുടങ്ങി വാക്യം മാറ്റിയെഴുതുക.

ആശയങ്ങൾ ചോരാതെ ഇതിൽ കൊടുത്തിരിക്കുന്നവ മാത്രം ഉപയോഗിച്ച് ഒറ്റവാക്യത്തിൽ ഉത്തരമെഴുതിയാൽ മതി.

- എന്റെ വിദ്യാഭ്യാസത്തിന്റെ ഭാഷ എന്റെ സംസ്കാരത്തിന്റെ ഭാഷയായിരുന്നില്ല.

  'എന്റെ' എന്ന പദം ഒരു പ്രാവശ്യം മാത്രം ഉപയോഗിച്ച് വാക്യം മാറ്റിയെഴുതുക.

  എന്റെ വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും ഭാഷ വ്യത്യസ്തമായിരുന്നു.

  <u>ക്രമേണ</u> സ്വന്തം ഭാഷയും സാഹിത്യവും ഞങ്ങൾക്കില്ലാതെയായി.

  (അടിവരയിട്ട പദം നൽകുന്ന അർത്ഥം)

  (ഘട്ടംഘട്ടമായാണ് ഭാഷയെ അടിച്ചമർത്തിയത്, പെട്ടെന്ന് സംഭവിച്ചതല്ല)

വാക്കുകൾ വെറുതെ കോർത്തിട്ട ചരടല്ല ഭാഷ

വാക്കുകൾ കോർത്തിട്ട ചരടല്ല ഭാഷ

- ആദ്യത്തേതിൽ വെറുതെ എന്ന പദം ചേർക്കുമ്പോഴുള്ള അർത്ഥതലം കുറിക്കുക.
- ഇത്തരം ചോദ്യങ്ങൾ ഒന്നോ രണ്ടോ തവണ വായിച്ച് അർത്ഥം ഗ്രഹിക്കുവാൻ ശ്രദ്ധിക്കണം.
- 'വെറുതെ' എന്നതിന് നിസ്സാരമായി, അലസമായി ഭാഷ കൈകാര്യം ചെയ്യുന്നതിന്റെ സൂചനകൾ കാണാം.
- രണ്ടാമത്തെ വാക്യത്തിൽ അങ്ങനെ സൂചനകൾ ഇല്ല.

**ലഘുകുറിപ്പ്**

ഭാഷയുടെ വശീകരണശക്തി ഞങ്ങൾക്ക് ഗ്രഹിക്കാൻ കഴിഞ്ഞു.

ഉള്ളടക്കത്തിനപ്പുറം വിഹരിക്കുന്ന ഭാഷയുടെ സംഗീതം ഞങ്ങൾ മനസ്സിലാക്കി.

ബിംബങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഭാഷ ഞങ്ങൾക്ക് ലോകത്തിന്റെ കാഴ്ച സമ്മാനിച്ചു. അവയ്ക്ക് അവയുടേതായ സൗന്ദര്യം ഉണ്ടായിരുന്നു. അങ്ങനെ വീടും വയലും ഞങ്ങൾക്ക് പ്രാഥമിക വിദ്യാലയങ്ങളായി.

മറ്റു ഭാഷയ്ക്കില്ലാത്ത പ്രത്യേകതകൾ മാതൃഭാഷയ്ക്കുണ്ട് എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. അടിവരയിട്ട പദങ്ങളിൽ നിന്നും കൂടുതൽ അർത്ഥതലങ്ങൾ കണ്ടെത്തി മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

- ☞ ലഘുകുറിപ്പിന് കൂടുതൽ എഴുതേണ്ട ആവശ്യമില്ല.
- ☞ 4 മാർക്കിനാണെങ്കിൽ അരപേജിൽ കവിയരുത്
- ☞ കാച്ചിക്കുറുക്കി ഉത്തരമെഴുതണം.
- ☞ മാതൃഭാഷയിലൂടെ കേൾക്കുമ്പോൾ മനസ്സിലാകുന്നതും അപ്പോഴുണ്ടാകുന്ന സംതൃപ്തിയും അന്വേഷണത്വരയും സംസ്കാരിക നേട്ടം ഇവ പ്രതിപാദിക്കാൻ ശ്രമിക്കണം.

**തലക്കെട്ട്/ഔചിത്യം വ്യക്തമാക്കുക**

'വാക്കിന്റെ കൂടെരിയുന്നു' എന്ന തലക്കെട്ട് പാഠഭാഗത്തെ ആശയങ്ങളുമായി എത്രമാത്രം യോജിക്കുന്നു.

- ☞ ഇതിൽ 'വാക്ക്' എന്നത് എന്താണ്?
- ☞ ഇത് കേവലം വാക്കിനപ്പുറം മാതൃഭാഷ തന്നെയല്ലേ?
- ☞ എരിയുക എന്ന പദത്തിന് നീറുക എന്ന അർത്ഥത്തിൽ വ്യാഖ്യാന സാധ്യതയുണ്ടോ?

☞ 'കൂടെരിയുക' എന്ന പദത്തെ ഏതർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു.

☞ഘട്ടംഘട്ടമായി ഇല്ലാതാകുന്നു.

☞ നീറിത്തീരുന്നപോലെ

☞ ഭാഷയുടെ നാശം ഈ തരത്തിലല്ലേ?

ഈ അർത്ഥത്തിൽ 'വാക്കിന്റെ കൂടെരിയുന്നു' എന്ന തലക്കെട്ടിന്റെ ഔചിത്യം എഴുതിനോക്കൂ.

ആശയക്രമീകരണവും ഉചിതമായ ഭാഷയും ശ്രദ്ധിക്കുമല്ലോ.

**എഡിറ്റോറിയൽ**

മലയാള ഭാഷയ്ക്ക് സമകാലിക സാഹചര്യത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയത്തെ ചെറുത്തു തോല്പിക്കേണ്ടതല്ലേ? കേരളപ്പിറവി ദിനത്തിൽ 'മലയാളം മരിക്കാതിരിക്കാൻ' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിക്കാൻ എഡിറ്റോറിയൽ തയ്യാറാക്കാം.

എഡിറ്റോറിയൽ തന്നെയാണ് മുഖപ്രസംഗം.

മുഖപ്രസംഗം തയ്യാറാക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?

☞ പഠിച്ച ആശയങ്ങൾ പ്രയോജനപ്പെടുത്തണം.

☞ എഡിറ്റോറിയൽ പത്രാധിപരുടെ അഭിപ്രായമാണ്

☞ ഖണ്ഡിക തിരിച്ചെഴുതണം.

ഒന്നാം ഖണ്ഡികയിൽ മലയാളഭാഷയുടെ നിലവിലെ സ്ഥിതി ചെറിയതോതിൽ കുറിക്കാം.

രണ്ടാംഭാഗത്ത് (ഖണ്ഡികയിൽ) മലയാള ഭാഷയ്ക്ക് എന്തു സംഭവിക്കുന്നു, എന്താണ് ആവശ്യം എന്നിവ ശക്തമായ ഭാഷയിൽ അവതരിപ്പിക്കണം.

(പഠിച്ച ആശയങ്ങൾ പ്രയോജനപ്പെടുത്താം.)

മൂന്നാം ഖണ്ഡികയിൽ ഇതിനു പരിഹാര നിർദ്ദേശങ്ങൾ നൽകാം.

ഒന്നരപ്പുറത്തിൽ വരുന്ന ഒരു മുഖപ്രസംഗം എഴുതുനോക്കൂ.

ശക്തമായ ഭാഷ, ആശയക്രമീകരണം എന്നിവ ശ്രദ്ധിക്കണം.

ഉചിതമായ ഭാഷയിൽ എഴുതണം.

എഴുതിയവ കൂട്ടുകാരുമായി ചർച്ചചെയ്ത് മെച്ചപ്പെടുത്തുക.

## 3) സൗന്ദര്യപൂജ - പി. കുഞ്ഞിരാമൻ നായർ

കുഞ്ഞിരാമൻ നായർ പ്രകൃതിയുടെ ഗായകനാണ്. കവിത പ്രകൃതിഗാനമാണ്. സൗന്ദര്യത്തെ അതിന്റെ കേവല രൂപത്തിൽ സാക്ഷാത്കരിക്കുകയാണ് 'സൗന്ദര്യപൂജ'യിലൂടെ.

ഭാഷാപഠനം സംസ്കാരപഠനമാണ്. കേവലം ആശയവിനിമയത്തിനപ്പുറം ഭാഷയ്ക്ക് മറ്റു ലക്ഷ്യങ്ങളുണ്ട്. ഭാഷയുടെ സൗന്ദര്യതലം വെളിപ്പെടുത്തുന്നതാണ് കവിതാഭാഗം.

ചിങ്ങമാസത്തിന്റെ യാത്രയും കന്നിയുടെ വരവും കവിതയിൽ കാണാം. അത്

ആലങ്കാരികമായി പറയുകയാണ് കവി.

"കുളിച്ചു പൂപ്പൊലിപ്പാട്ടിൽ
വിളിച്ചു മലനാടിനെ
ഒളിച്ചു പൂക്കളം തീർത്തു
കളിച്ച പുലർവേളകൾ"

**ഭാഷാപരമായ പ്രത്യേകതകൾ**

- കുളിച്ചു, വിളിച്ചു, ഒളിച്ചു, കളിച്ച എന്നീ ക്രിയാപദങ്ങളുടെ പ്രയോഗം - സൗന്ദര്യതലം.
- രണ്ടാമത്തെ അക്ഷരം ആവർത്തിക്കുന്നു.
- പൂപ്പൊലിപ്പാട്ട്, പൂക്കളം തീർത്തു, പുലർവേളകൾ തുടങ്ങിയ പദങ്ങളുടെ സവിശേഷതകൾ എന്നിവ കുറിക്കാം.

**ആശയതലത്തിൽ**

- ചിങ്ങമാസത്തിന്റെ പ്രത്യേകതകൾ
- ഒളിക്കുകയും കളിക്കുകയും ചെയ്യുന്ന പുലർവേളകൾ
- പൂക്കൾ കൊണ്ട് കുളിച്ചുനിൽക്കുന്ന മലനാട്
- ചിങ്ങമാസം പോയ് മറയുന്ന കാഴ്ചകളാണ് കവി ചിത്രീകരിക്കുന്നത്.
- കുമ്പിളേന്തുന്ന സന്ധ്യകൾ
- കണ്ണീരണിഞ്ഞുനിൽക്കുന്ന ഗ്രാമലക്ഷ്മി
- വഞ്ചികേറിപ്പോയ രാവുകൾ
- വരമ്പുകളിൽ കാൽവെച്ച് പൂനിരത്തുന്ന ശാരദകന്യക
- നിശാകാവ്യം തിരുത്തുന്ന സൂര്യരശ്മികൾ
- അരിവാളേന്തിനിൽക്കുന്ന കന്യക

(മനുഷ്യരുടെ, ക്രിയാപദങ്ങളുടെ പ്രതിബിംബങ്ങൾ)

പ്രകൃതി ദൃശ്യങ്ങൾക്ക് മനുഷ്യരൂപം കൈവരുന്നു.

ഇതൊരു ഭാഷാബിംബമായി മാറുന്നു.

**ഭാവതലം/ഔചിത്യം**

ഭാവതലം, ഔചിത്യഭംഗി എന്നിവ കണ്ടെത്തുവാൻ ആവശ്യപ്പെടുമ്പോൾ.

- ഓണക്കാലത്തിന്റെ സൗഭാഗ്യങ്ങൾ അയവിറക്കുന്ന കാഴ്ചകൾ കുറിക്കണം. ഓണക്കുമ്പിളേന്തിയ സന്ധ്യകളെ കുട്ടികളുടെ പ്രതിനിധിയായി കാണാം.

പഞ്ചവർണക്കിളിപോലെ മായുന്ന സന്ധ്യ കന്നിയെ വരവേൽക്കുന്നു.

പഞ്ചവർണക്കിളിയുടെയും സന്ധ്യയുടെയും ആകർഷണീയത

- ☞ പൂക്കളം തീർക്കുന്ന പുലർവേളകൾ - പുലർക്കാലത്ത് കുട്ടികൾ പൂക്കളം തീർക്കുന്ന കാഴ്ച പ്രകൃതിയിലാകെ കാണുന്നു. ജീവൻ തുളുമ്പുന്ന മനോഹരമായ വർണനകൾ എഴുതണം.
- ☞ ഓണനിലാവ് കേവഞ്ചികേറിപ്പോകുന്നു എന്നത് ചിങ്ങമാസത്തിന്റെ യാത്രയാണ്. ഓണസൗഭാഗ്യങ്ങൾ നാട്ടിലെത്തിച്ച കേവുവഞ്ചി അകന്നുപോകുന്നു. പൗർണമി നാൾതൊട്ട് ശോഷിച്ചുപോകുന്ന ചന്ദ്രന്റെ ആകൃതിയും കേവുവഞ്ചിയുടെ ആകൃതിയും.
- ☞ വരമ്പിൻ വക്കിലൂടെ നടന്നുനീങ്ങുന്ന ശാരദകന്യയ്ക്ക് ലാവണ്യം കൈവരുന്നത് ഗ്രാമീണ കന്യകയെന്ന പ്രയോഗം തന്നെ. അതിസുന്ദരമായ ഒരു ദൃശ്യവിഷയമായി ശാരദകന്യകപ്രകാശിക്കുമ്പോൾ തൊട്ടടുത്ത് കൊയ്ത്തിന്റെ കാലമായ കന്നി അരിവാളേന്തിയ കർഷക കന്യകയായി അധ്വാനിക്കുന്നു.
- ☞ സമയം സന്ധ്യകഴിഞ്ഞു. കന്നിനിലാവ് പരക്കുന്നു, കന്നിനിലാവിനപ്പുറം സങ്കല്പക്ഷേത്രം ഉയരുന്നു. സ്വയമുണ്ടായ പ്രകൃതി, ആരോ ഉണ്ടാക്കിയ പത്തനത്തിന്റെ സാദൃശ്യത്തിൽ അവതരിപ്പിക്കുന്നു. (പ്രകൃതി ദൃശ്യങ്ങൾ മനുഷ്യരുണ്ടാക്കിയ പത്തനങ്ങൾ പോലെ കാണാറാവുന്നു)

**ആസ്വാദനക്കുറിപ്പ്**

കവിത/കഥ എന്നിവയ്ക്ക് ആസ്വാദനക്കുറിപ്പ് പ്രധാന പ്രവർത്തനമാണ്.

ആസ്വാദനക്കുറിപ്പിൽ ഏറ്റവും പ്രധാനം സാമാന്യമായ അർത്ഥം സവിശേഷമായ ആവിഷ്കാരമായി മാറുന്നതെങ്ങനെയെന്ന പരിശോധന തന്നെ.

? എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?

- ☞ കവിതയുടെ ആശയം കണ്ടെത്തണം.
- ☞ ആശയത്തെ വിശകലനം ചെയ്യണം.
- ☞ വിശകലനത്തിൽ

ഭാഷയുടെ പ്രത്യേകത

ആവിഷ്ക്കാരത്തിന്റെ പ്രത്യേകത, അർത്ഥതലങ്ങൾ

ഈ ആവിഷ്കാരത്തിന് ആശയവുമായുള്ള പൊരുത്തം/ഇണങ്ങിച്ചേരൽ

ആസ്വാദകൻ എന്ന നിലയിൽ കവിത വായനക്കാരനിൽ ഉണ്ടാക്കിയ വികാരങ്ങൾ സ്വന്തം നിലയിൽ ആവിഷ്കരിക്കൽ.

ബിംബകല്പനകൾ, വ്യാഖ്യാനങ്ങൾ

ആഖ്യാനരീതി, ഉചിതമായ ഭാഷ എന്നിവയും പരിഗണിക്കണം.

സൗന്ദര്യപൂജയുടെ കേവലാശയം കണ്ടെത്തിയല്ലോ?

കേവലാശയത്തിനപ്പുറത്ത് എന്തൊക്കെ കണ്ടെത്താം?

- ☞ ക്രിയാപദങ്ങൾ (കുളിച്ചു, വിളിച്ചു, ഒളിച്ചു, കളിച്ച) പ്രയോഗ സവിശേഷത
- ☞ ഓണക്കാലത്ത് പൂക്കളം തീർക്കുന്ന കുട്ടികളുടെ സവിശേഷതകൾ

കുളിച്ചു പൂപ്പൊലിപ്പാട്ട്

കളിച്ച പുലർവേളകൾ

കുമ്പിളേന്തിയ സന്ധ്യകൾ

പഞ്ചവർണക്കിളിക്കൂട്ടങ്ങൾ പറന്നുപോയതുപോലെ

ഇത്തരം വാക്യങ്ങൾ നൽകുന്ന അർത്ഥതലങ്ങൾ കണ്ടെത്തണം.

'കാവിമണ്ണിഴകും കൊമ്പു...

.....................................................

ചിങ്ങപ്പൂത്തേരിൽപ്പൂട്ടിയ കാളകൾ'

പ്രകൃതിയുമായി ബന്ധപ്പെടുത്തി വ്യാഖ്യാനങ്ങൾ നൽകുവാൻ കഴിയുമല്ലോ?

ഓണത്തിന്റെ ആഹ്ലാദങ്ങൾ ഗ്രാമത്തിലെത്തിച്ച കേവുവഞ്ചി അകലുന്നു.

ചിങ്ങത്തിൽ നിന്നും കന്നിയിലേക്ക് എന്നതിനപ്പുറം

'കേവുവഞ്ചി' എന്ന പദം തരുന്ന അർത്ഥം വ്യാഖ്യാനിക്കണം.

കസ്തൂരികുറിപ്പൂശുന്ന വരമ്പ്

കാൽവെപ്പിനാൽ പൂനിരത്തിയ രമ്യശാരദകന്യക

- ☞ കൃഷിയിറക്കുന്ന സമയത്ത് വരമ്പ് കസ്തൂരിക്കുറിപൂശി ഒരുങ്ങിയിരിക്കുക.
- ☞ ഈ വരമ്പിൽ പൂക്കൾ നിരത്തുന്ന സുന്ദരിയായ ശാരദ കന്യക

എന്നിങ്ങനെ സവിശേഷാർത്ഥങ്ങൾ കുറിക്കണം.

നിശതൻ ഖണ്ഡകാവ്യം

അരിവാളേന്തി നിൽക്കുന്ന കർഷകകന്യക

പ്രകൃതിയുടെ ദൃശ്യസൗന്ദര്യം ഇതിൽ കണ്ടെത്താൻ കഴിയണം.

കൂട്ടുകാരുമായി ചർച്ചചെയ്ത് സവിശേഷമായ അർത്ഥം കണ്ടെത്താൻ കഴിയണം.

## 4) മലയാളം - സച്ചിദാനന്ദൻ

വള്ളത്തോളിന്റെ 'എന്റെ ഭാഷ'യിൽ നിന്നും സച്ചിദാനന്ദന്റെ 'മലയാള'ത്തിലേക്ക് വരുമ്പോൾ എന്തൊക്കെ പ്രത്യേകതകൾ കണ്ടെത്തുവാൻ കഴിയും?

**കുറിപ്പ് തയ്യാറാക്കുക**

അമ്മയുടെ ഗർഭാശയത്തിൽ തുടിച്ചു തുടങ്ങുമ്പോൾ മുതൽ ഭാഷയും സ്പന്ദിച്ചു തുടങ്ങുന്നു എന്ന് വ്യക്തമാക്കുന്ന എന്തെല്ലാം സൂചനകൾ കാവ്യഭാഗത്ത് നിന്ന് കണ്ടെത്താം.

- ☞ അമൃതൂട്ടിയ പൊക്കിൾക്കൊടി
- ☞ വേദനയുടെ ധന്യമൂർച്ഛയാൽ
- ☞ ഉലുവയുടെയും വെളുത്തുള്ളിയുടെയും തീക്ഷണ സുഗന്ധം

**വ്യാഖ്യാനിക്കുക.**

പൊന്നും വയമ്പും കൊണ്ട് എന്റെ നാവിൻതുമ്പിൽ
ഖനികളുടെ ആഴവും വനങ്ങളുടെ സാന്ദ്രതയും പകർന്നവൾ

- ☞ ഖനികളുടെ ആഴം - പൊന്ന്
- ☞ വനങ്ങളുടെ സാന്ദ്രത - വയമ്പ്

ആദ്യാക്ഷരം കുറിക്കുന്ന കുട്ടികളുടെ ചിത്രം എന്നിവ സൂചിപ്പിക്കണം.

ഇതുപോലെ ചുവടെ ചേർത്തിരിക്കുന്ന വരികൾ വ്യാഖ്യാനിക്കണം.

- ☞ എന്റെ സ്ളെയിറ്റിൽ വിടർന്ന വടിവുറ്റ മഴവില്ല്
  എന്റെ പുസ്തകത്താളിൽ പെറ്റുപെരുകിയ മയിൽപ്പീലി
- ☞ സ്വരങ്ങളിലൂടെ തേനും വ്യഞ്ജനങ്ങളിലൂടെ ഇരുമ്പുമൊഴുകുന്ന
  അമ്പത്തൊന്നു കമ്പികളുള്ള വീണ
- ☞ അറിവും ആടലോടകവും മണക്കുന്ന
  പഴമൊഴികളുടെ നിറനിലാവ്
- ☞ പാമ്പിൻ മാളങ്ങൾ നിറഞ്ഞ കടങ്കഥകളുടെ
  നൂണുപോകേണ്ട മൈലാഞ്ചി വഴികൾ
- ☞ പച്ചയും കിരീടവുമണിഞ്ഞ് അരമണിയും ചിലമ്പും കിലുക്കി
  ഞങ്ങൾ നേടിയ വാടാത്ത കല്ല്യാണ സൗഗന്ധികം.

കൂട്ടുകാരുമായി ചർച്ചചെയ്ത് ആശയങ്ങളെ വ്യാഖ്യാനിക്കുക

മലയാളഭാഷയുമായി ബന്ധപ്പെട്ട എന്തെല്ലാം ഓർമ്മകളാണ് കവിതാഭാഗത്ത് നിന്നും കണ്ടെത്താൻ കഴിയുന്നത്?

- ☞ ആദ്യാക്ഷരം കുറിക്കുന്ന അനുഭവങ്ങൾ
- ☞ ഹരിശ്രീ കുറിക്കൽ
- ☞ താരാട്ടുപാട്ടുകൾ
- ☞ പ്രയാസകരമായ വ്യാകരണങ്ങൾ
- ☞ പ്രാഥമിക വിദ്യാലയത്തിലെ അനുഭവങ്ങൾ
- ☞ പഴമൊഴികൾ, പഴഞ്ചൊല്ലുകൾ
- ☞ സ്വരങ്ങൾ, വ്യഞ്ജനങ്ങൾ
- ☞ എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, സ്വാതിതിരുനാൾ എന്നിവരുടെ കൃതികൾ
- ☞ ബൈബിൾ കഥകൾ

## യൂണിറ്റ് - 2

# വേണമീ സ്നേഹബന്ധങ്ങളൂഴിയിൽ

| പാഠഭാഗം | രചയിതാവ് | പുസ്തകം | വിഭാഗം | മറ്റുകൃതികൾ |
|---|---|---|---|---|
| കൊച്ചു ദു:ഖങ്ങളുറങ്ങൂ | ഒ.എൻ.വി. കുറുപ്പ് | അഗ്നിശലഭങ്ങൾ | ഭാവഗീതം | ഒരു തുള്ളിവെളിച്ചം, മയിൽപ്പീലി, ഉജ്ജയിനി, ഭൂമിക്കൊരുചരമഗീതം, അക്ഷരം, ഉപ്പ്, സ്വയംവരം |
| ബ്രഹ്മാലയം തുറക്കപ്പെട്ടു. | വി.ടി. ഭട്ടതിരിപ്പാട് | കർമ്മവിപാകം | ആത്മകഥ | കണ്ണീരും കിനാവും, അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, വെടിവട്ടം, കാലത്തിന്റെ സാക്ഷി |
| തോരാമഴ | റഫീഖ് അഹമ്മദ് | തോരാമഴ | കവിത | പാറയിൽ പണിതത്, സ്വപ്നവാങ്മൂലം, ആൾമറ, ചീട്ടുകളിക്കാർ ഗ്രാമവൃക്ഷത്തിലെ വവ്വാൽ, ശിവകാമി |
| എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ | ഇ. ഹരികുമാർ | അനിതയുടെ വീട് | ചെറുകഥ | ദിനോസറിന്റെ കുട്ടി, ഋഷഭത്തിന്റെ കണ്ണ്, കുങ്കുമം വിതറിയ വഴികൾ, പച്ചപയ്യിനെ പിടിക്കാൻ... |

പ്രയോജനവാദം, ഉപഭോഗാസക്തി, സ്വാർത്ഥത, വിഭാഗീയത എന്നിങ്ങനെ മനുഷ്യബന്ധങ്ങളെ ശിഥിലമാക്കുന്ന ആധുനിക പ്രവണതകളെ തുറന്നുകാണിക്കുന്ന യൂണിറ്റ്. ബന്ധങ്ങളെ അമൂല്യമായി കാണുമ്പോഴാണ് മനുഷ്യാവസ്ഥയുടെ ആന്തരികചൈതന്യം തിരിച്ചറിയാൻ കഴിയുന്നത്. ആ ബോധം ജനിപ്പിക്കാനുതകുന്ന പാഠങ്ങളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നാടുനീങ്ങുന്ന നന്മകളെക്കുറിച്ചും അവയെ തിരിച്ചുപിടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും 'കൊച്ചു ദു:ഖങ്ങളുറങ്ങൂ' എന്ന ഭാവഗീതത്തിലൂടെ ഒ.എൻ.വി. നമ്മെ ഓർമ്മിപ്പിക്കുന്നു. സാമൂഹ്യജീവിയായ മനുഷ്യൻ സമൂഹത്തിന്റെ ഉന്നമനവും ഏകഭാവവും ഉൾക്കൊള്ളണമെന്ന് വി.ടി. അദ്ദേഹത്തിന്റെ ആത്മകഥയിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നു. മാതൃപുത്രീ ബന്ധത്തിന്റെ വൈകാരിക തീവ്രതയിൽ ഊന്നിയ 'തോരാമഴ' യിൽ റഫീഖ് അഹമ്മദ് വിയോഗത്തിന്റെ വ്യഥ അനുഭവവേദ്യമാക്കുന്നു. മധ്യവർഗമനുഷ്യന്റെ നഷ്ടങ്ങളിലേക്കും

നിസ്സംഗതയിലേക്കും വിരൽ ചൂണ്ടുന്ന 'എന്തൊക്കെയോ നഷ്ടപ്പെട്ടൊരാൾ' എന്ന ഇ. ഹരികുമാറിന്റെ കഥ പൊങ്ങച്ച സംസ്കാരത്തിന്റെ പട്ടപൊളിക്കുന്നു.

## 5. കൊച്ചുദു:ഖങ്ങളുറങ്ങൂ – ഒ.എൻ.വി.

തന്റെ കൊച്ചുദു:ഖങ്ങൾ ഉറങ്ങാൻ പറയുമ്പോൾ കവി നാടിന്റെ ദു:ഖങ്ങളിലും നഷ്ടങ്ങളിലും വിലപിക്കുകയാണ്. നാടിന്റെ ദു:ഖങ്ങളായി കവി ചൂണ്ടിക്കാണിക്കുന്നതെന്തൊക്കെയാണ്?

☞ ഗ്രാമസംസ്കാരവും പൈതൃകവും

☞ ഗ്രാമസൗന്ദര്യവും പ്രകൃതിയുടെ നൈർമ്മല്യവും

..........................................................................................

മറ്റെന്തൊക്കെയാണെന്ന് കവിത വായിച്ച് കൂട്ടുകാരുമായി ചർച്ചചെയ്യൂ.

- എന്തൊക്കെ കാവ്യബിംബങ്ങളാണ് ഈ കവിതയിൽ തെളിയുന്നത്?

☞ മണിത്തംബുരുവാക്കിയ മൺകുടം

☞ നാഗഫണം വിതിർത്താടുന്ന പുള്ളവവീണ

☞ വെണ്ണിലാവാകുന്ന ഇളനീർക്കുടം

മറ്റു ബിംബകല്പനകൾ കൂടി കണ്ടെത്തു...

ഈ കാവ്യബിംബങ്ങൾ കവിതയുടെ ഭാവത്തെയും സൗന്ദര്യത്തെയും സ്വാധീനിക്കുന്നുണ്ടോ? എങ്ങനെ?

☞ ആശയഗാംഭീര്യം നൽകുന്നു

☞ അലങ്കാരഭംഗി വർദ്ധിപ്പിക്കുന്നു.

☞ വാങ്മയ ചിത്രങ്ങൾ സൃഷ്ടിക്കുന്നു.

..................................................................

ജീവിതത്തെക്കുറിച്ചുള്ള കവിയുടെ കാഴ്ചപ്പാടുകൾ കവിതയെ മുൻനിർത്തി ചർച്ചചെയ്യൂ.

☞ ഗ്രാമജീവിതത്തോടുള്ള ആസക്തി

☞ പ്രകൃതിക്കിണങ്ങി നിൽക്കുന്ന ജീവിത വീക്ഷണം

☞ പാരമ്പര്യത്തോടും പൈതൃകത്തോടുമുള്ള അഭിനിവേശം

☞ ............................................

മറ്റെന്തൊക്കെ?

ആ കൊച്ചു <u>ശാരിക</u> ഭൂമി കന്യക്കെഴും

ദു:ഖങ്ങൾ പാടിയ തയ്യൽ

<u>നാടുവെടിഞ്ഞുപോം</u> <u>നന്മകൾ</u> <u>തൻകഥ</u>

പാടിയ <u>പൈങ്കിളി</u>പ്പൈതൽ

അടിയിൽ വരയിട്ട പദങ്ങൾ സൂചിപ്പിക്കുന്ന പുരാവൃത്തങ്ങളും അത് കവിതയ്ക്ക് നൽകുന്ന അർത്ഥവ്യാപ്തിയും ശ്രദ്ധിച്ചല്ലോ?

തുഞ്ചത്തെഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ..

(ശാരികപ്പൈതലേ ചാരുശീലേ

വരികാരോമലേ കഥാശേഷവും ചൊൽക നീ)

കൈകേയിയുടെ പ്രേരണയിൽ ദശരഥൻ, രാമനെ കാട്ടിലേക്കയക്കുന്നു. പിന്നീട് അതേ രാമൻ സീതയെ യുദ്ധാനന്തരം കാട്ടിലേക്കയക്കുന്നു.

ഇങ്ങനെ നന്മകൾ കാട്ടിലേക്കയക്കപ്പെടുന്നു.

അതുതന്നെയല്ലേ ഇന്നും സംഭവിക്കുന്നത് എന്ന് കവി വ്യംഗ്യമായി സൂചിപ്പിക്കുന്നു.

## 6. ബ്രഹ്മാലയം തുറക്കപ്പെട്ടു - വി.ടി. ഭട്ടതിരിപ്പാട്

- ആത്മകഥകളുടെ സവിശേഷതകൾ എന്ത്?
- വ്യക്തിപരമായ അനുഭവങ്ങൾക്ക് സാമൂഹികമാനം നൽകി വൈകാരിമാക്കാൻ വി.ടി.ക്ക് കഴിഞ്ഞോ?

☞ സ്വാതന്ത്ര്യസമരാനുഭവങ്ങൾ - ലളിതമായി അവതരിപ്പിച്ചിരിക്കുന്നു.

☞ സംഭവങ്ങളെ ആകാംക്ഷ ഉണർത്തുന്ന രീതിയിൽ അവതരിപ്പിച്ചു.

ഉദാ:- തീയ്യകുട്ടികളെ വീട്ടിലെത്തിക്കുന്നത്

അച്ഛനെ ആകസ്മികമായി അഭിമുഖീകരിക്കുന്നത്.

ഒഴുക്കും, മിതത്വവുമുള്ള ഭാഷ

'കൊഴിഞ്ഞുവീണ പൂക്കാലം ഓർക്കുന്ന താമരക്കുളം ജീവിതമരണങ്ങളുടെ തോളിൽ കൈവെച്ചു ചിരിച്ചു നിൽക്കുന്ന അന്തിനക്ഷത്രം. പനിനീർപ്പൂവിന്റെ ഹൃദയത്തുടിപ്പ് മുല്ലയോട് യാത്രപറഞ്ഞു. കോളേജ് പൂട്ടി. ഞാൻ നാട്ടിലേക്ക് പോകുന്നു. ഉടൻ തിരിച്ചുവരൂ ഞാൻ കാത്തിരിക്കും. അന്തിക്കാറ്റു പറഞ്ഞു. ഞാൻ നടന്നു. എത്തിയില്ല. എത്തിക്കുന്നില്ല. കണ്ടു. മിണ്ടിയില്ല. ഭൂമി ഉദയം കാത്തിരിക്കുന്നു. രാത്രി ചന്ദ്രനെ കാത്തിരിക്കുന്നു. ആമ്പൽപ്പൂ മണിയറയിൽ, പാതിരാകാറ്റിന്റെ പദന്യാസം കാത്തിരിക്കുന്നു.'

*കവിയുടെ കാല്പാടുകൾ - പി. കുഞ്ഞിരാമൻ നായർ*

- ഗദ്യഭാഷയിൽ ഇത്തരമൊരു കാവ്യാത്മകത സൃഷ്ടിക്കാൻ വി.ടി. ഭട്ടതിരിപ്പാടിനു കഴിയുന്നുണ്ടോ?

പാഠഭാഗത്ത് നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി വിശകലനം ചെയ്തുനോക്കൂ.

'പശ്ചിമ ചന്ദ്രൻ ദക്ഷിണചക്രവാളത്തിൽ ചരിഞ്ഞുതൂങ്ങി നിന്നു'

'വയലിൽ ശീതക്കാറ്റ് വട്ടം ചുറ്റിക്കളിച്ചു'

'വാടിയ തുളസിപ്പൂവിനെ പച്ചവെള്ളം തളിച്ചുണർത്തുന്നപോലെ ഞങ്ങളെ പുനരുജ്ജീവിപ്പിച്ചു.'

ഇത്തരത്തിൽ കാവ്യാത്മകമായ ഗദ്യഭാഗങ്ങൾ ഈ കൃതിയിലുടനീളം കാണാൻ കഴിയും.

പി.യുടേതിൽ നിന്നും വ്യത്യസ്തമാണെങ്കിലും രചയിലെ കാവ്യാത്മകത ഈ ആത്മകഥയെ വായനക്കാരന്റെ ഇഷ്ടവിഭവമാക്കി മാറ്റുന്നു.

- മറ്റെന്തൊക്കെയാണ് വി.ടി.യുടെ ഗദ്യഭാഷയുടെ സവിശേഷതകൾ? കണ്ടെത്തി കുറിക്കൂ.
  - ☞ ചിരപരിചിതമായ സംസ്കൃതപദങ്ങളുടെ ധാരാളിത്തം
  - ☞ നമ്പൂതിരിഭാഷയുടെ പ്രത്യേകതകൾ ഉൾക്കൊള്ളുന്ന ശൈലികളും പ്രയോഗങ്ങളും

    ഉദാ: വെടിവട്ടം, പട്ടപൊളിയുക, ചുട്ടുപൊട്ടിക്കുക, ദുർമുഖം കാണിക്കുക

സംഭവങ്ങളെയും സന്ദർഭങ്ങളെയും കൂടുതൽ തിളക്കവും മിഴിവും നൽകി അവതരിപ്പിക്കാൻ ഈ രചനാശൈലി സഹായിക്കുന്നില്ലേ?

'ബ്രഹ്മാലയം തുറക്കപ്പെട്ടു' ഈ തലക്കെട്ടിന്റെ ധ്വന്യാത്മകതയെ വിശകലനം ചെയ്യൂ.

'ബ്രാഹ്മണ്യത്തിന്റെ ലക്ഷണം പൂണൂലല്ല ബ്രഹ്മജ്ഞാനമാണ്

ഈശ്വരാഭിമുഖമായി ചെയ്യുന്ന സേവനം ബ്രഹ്മജ്ഞാനത്തിലേക്കുള്ള രാജവീഥിയാണ്.'

അങ്ങനെയെങ്കിൽ വി.ടി.യുടെ അച്ഛന്റെ മനസ്സ്/ഹൃദയം ബ്രഹ്മാലയം തന്നെയല്ലേ?

ക്ലാസിൽ ചർച്ചചെയ്യൂ.

സാമൂഹ്യനവീകരണത്തിൽ വി.ടിയുടെ പങ്കാളിത്തം മനസ്സിലാക്കിയല്ലോ.

☞ സമകാലിക സാമൂഹ്യാന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ ഇന്നേവരെ നടന്ന ശ്രമങ്ങളെ അടിസ്ഥാനമാക്കി ഒരു ഉപന്യാസം തയ്യാറാക്കി നോക്കൂ.

## 7. തോരാമഴ - റഫീഖ് അഹമ്മദ്

കവിതയിൽ കവി അവതരിപ്പിക്കുന്ന പ്രതീകങ്ങളും ബിംബങ്ങളും ദു:ഖപൂർണമായ അന്തരീക്ഷവും മാനസികാവസ്ഥയും സൃഷ്ടിക്കാൻ പര്യാപ്തമാണോ?

കാവ്യബിംബങ്ങൾ പട്ടികപ്പെടുത്തൂ.

- ☞ ഗ്യാസ്‌ലൈറ്റ്
- ☞ പായകൾ
- ☞ ചിമ്മിനികൊച്ചുവിളക്ക്
- ☞ ഇത്തിരിപ്പിഞ്ഞിയ കുഞ്ഞുടുപ്പ്
- ☞ വില്ലൊടിഞ്ഞ പുള്ളിക്കുട

  ...................................................

വീട്ടിലെ ഏകാന്തത, ദാരിദ്ര്യം, മാതൃപുത്രീ ബന്ധത്തിന്റെ പവിത്രത, വൈകാരികാവസ്ഥ ഇവ വായനക്കാരന്റെ മനസ്സിലേക്കു പകരാൻ ഈ ബിംബങ്ങളും പ്രതീകങ്ങളും സഹായിക്കുന്നില്ലേ?

'തോരാമഴ'യിലെ ഉമ്മയും 'ഗാന്ധാരീവിലാപ'ത്തിലെ ഗാന്ധാരിയും മാതൃത്വത്തിന്റെ ദയനീയ മുഖങ്ങളാണ്. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

ഒരു താരതമ്യ വിശകലനം നടത്താം.

- ഏകമകളായ ഉമ്മുക്കുലുസുവിനെ നഷ്ടപ്പെട്ട ഉമ്മ.
- തന്റെ നൂറു പുത്രന്മാരെയും നഷ്ടപ്പെട്ട് യുദ്ധഭൂമിയിൽ വിലപിക്കുന്ന ഗാന്ധാരി.
- രണ്ടുപേരുടെയും അനാഥത്വവും, ഏകാന്തതയും
- ....................................................

കൂടുതൽ സാജാത്യവൈജാത്യങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കൂ.

'ഉമ്മയോ ചിക്കെന്നകത്തു തിരഞ്ഞുചെന്നു
വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ
പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു
പള്ളിപ്പറമ്പിൽ പുതുതായി കുമിച്ചിട്ട
മണ്ണട്ടി മേലെ നിവർത്തി വെച്ചു'

*തോരാമഴ – റഫീഖ് അഹമ്മദ്*

'പുരതോനിസ്തബ്ധയായി തെല്ലിട നിന്നിട്ടുതൻ
ദുരിതഫലം പോലുള്ളപ്പഴമെടുത്തവൾ
തന്നുണ്ണിക്കിടാവിന്റെ താരുടൽ മറചെയ്ത
മണ്ണിൽ താൻ നിക്ഷേപിച്ചു മന്ദമായേവം ചൊന്നാൾ:
"ഉണ്ണിക്കയ്ക്കെടുക്കുവാനുണ്ണിവായ്ക്കുണ്ണാൻ വേണ്ടി
വന്നതാണീ മാമ്പഴം വാസ്തവമറിയാതെ"

*മാമ്പഴം – വൈലോപ്പിള്ളി*

'തോരാമഴ'യിലെയും 'മാമ്പഴ'ത്തിലെയും വരികൾ തമ്മിൽ എന്തെങ്കിലും സാമ്യം അനുഭവപ്പെടുന്നണ്ടോ?

'അമ്മമാർ ജീവിച്ചിരിക്കുവോളം മക്കൾക്ക് മരണമില്ല.' അവരുടെ മനസ്സിൽ നിന്നും മക്കളെ മായ്ച്ചുകളയാൻ കഴിയില്ല.

നൽകിയ വരികളിലെ ആശയം താരതമ്യം ചെയ്ത് നിങ്ങളുടെ പ്രതികരണം കുറിക്കൂ.

☞ മകളുടെ ശരീരം അടക്കം ചെയ്ത മണ്ണിൽ അവളുടെ വില്ലൊടിഞ്ഞ കുട നിവർത്തിവെക്കുന്ന ഉമ്മ – അവൾക്ക് മഴ നനയാതിരിക്കാൻ–

പൂങ്കുല അടർത്തികളഞ്ഞതിന് കുഞ്ഞിനെ ശാസിച്ച അമ്മ, കുഞ്ഞിനെ മരണശേഷം അടക്കം ചെയ്ത മണ്ണിൽ മാമ്പഴം കൊണ്ടുവെക്കുന്നു.

അമ്മമാരുടെ പ്രതികരണത്തിലെ സമാനത നോക്കൂ. മനസ്സിനെ തകർക്കുന്ന ഒരന്തരീക്ഷത്തിൽ അമ്മമാർ അസ്വഭാവികമായി പ്രതികരിക്കുന്നത് അവരുടെ വികാരവിക്ഷോഭങ്ങളുടെ സമനില തെറ്റിയ പ്രകടനം തന്നെയല്ലേ? വായനക്കാരനെ പിടിച്ചിരുത്താൻ വികാരസാന്ദ്രമായ രംഗം സഹായിക്കുന്നില്ലേ?

മാതൃപുത്രബന്ധത്തിന്റെ മറ്റൊരു മുഖം നോക്കൂ.

## ആശ്വാസം

**- കല്പറ്റ നാരായണൻ**

അമ്മ മരിച്ചപ്പോൾ
എനിക്കാശ്വാസമായി
ഇനിയെനിക്കത്താഴപ്പഷ്ണി കിടക്കാം
ആരും സ്വൈരം കെടുത്തില്ല
ഇനിയെനിക്ക് ഉണങ്ങിപ്പാറുന്നതു വരെ
തല തുവർത്തണ്ട
ആരും ഇഴ വിടർത്തിനോക്കില്ല
ഇനിയെനിക്ക് കിണറിന്റെ ആൾ മറയിലിരുന്നു
ഉറക്കം തൂങ്ങിക്കൊണ്ട് പുസ്തകം വായിക്കാം
പാഞ്ഞെത്തുന്ന ഒരു നിലവിളി
എന്നെ ഞെട്ടിച്ചുണർത്തില്ല
സന്ധ്യാസമയത്ത് പുറത്തിറങ്ങാൻ
ടോർച്ചെടുക്കണ്ട.
പാമ്പു കടിയേറ്റ്
രോമത്തുളകളിലൂടെ ചോര വന്നു ചത്ത
അയൽക്കാരനെ ഓർത്ത്
ഉറക്കത്തിൽ എണീറ്റിരുന്ന മനസ്സ്
ഇന്നലെ ഇല്ലാതായി
ഇനിയെനിക്ക് എത്തിയേടത്തുറങ്ങാം
ഞാൻ എത്തിയാൽ മാത്രം
കെടുന്ന വിളക്കുള്ള വീട്
ഇന്നലെ കെട്ടു

തന്റെ കുറ്റമാണ്
ഞാനനുഭവിക്കുന്നതത്രയും
എന്ന ഗർഭകാലത്തോന്നലിൽ നിന്ന്
അമ്മ ഇന്നലെ മുക്തയായി
ഒടുവിൽ അമ്മയെന്നെ
പെറ്റു തീർന്നു
ഭൂമിയിൽ
ശരീരവേദന കൊണ്ട ല്ലാതെ
ദുഃഖം കൊണ്ട്
ഇനിയാരും കരയുകയില്ല

**കവിത വായിച്ചല്ലോ. ഇനി താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക**

- ☞ എപ്പോഴാണ് കവിക്ക് ആശ്വാസമായത്?
- ☞ അമ്മ മരിച്ചാൽ ആർക്കെങ്കിലും ആശ്വാസം തോന്നുമോ?
- ☞ പിന്നെന്തുകൊണ്ടാണ് കവി അങ്ങനെ പറഞ്ഞത്?
- ☞ ഇങ്ങനെ വിരുദ്ധാർത്ഥത്തിൽ വാക്കുകൾ പ്രയോഗിക്കുമ്പോൾ ഭാഷ കൈവരിക്കുന്ന ഭംഗി എന്താണ്?

  പറയുന്ന ആശയത്തിന്റെ ആവിഷ്കാര ഭംഗി

☞ അമ്മയ്ക്ക് മകനോടുള്ള ആത്മബന്ധം വ്യക്തമാക്കുന്ന വരികൾ ഏതൊക്കെ?

- ☞ ഇനിയെനിക്കത്താഴപ്പഷ്ണി കിടക്കാം
- ☞ ഉറക്കം തൂങ്ങികൊണ്ട് കിണറ്റിൻ കരയിലിരുന്ന് പുസ്തകം വായിക്കാം.

  ..............................................................................

  ..............................................................................

☞ 'ഞാൻ എത്തിയാൽ മാത്രം കെടുന്ന വിളക്കുള്ള വീട്' എന്ന വരിയിൽ നിന്ന് മനസ്സിലാകുന്നതെന്ത്?

- ☞ മകൻ എത്ര വൈകിയാലും കാത്തിരിക്കുന്ന അമ്മ.

☞ കവിയുടെ ശിഥില ജീവിതം വ്യക്തമാക്കാൻ

"ഇനിയെനിക്ക് ഉണങ്ങിപ്പാറുന്നതു വരെ തലതുവർത്തണ്ട
ആരും ഇഴ വിടർത്തിനോക്കില്ല"

എന്ന വരികൾ എത്ര മാത്രം സഹായകമാണ്?

- ‘ഒടുവിൽ അമ്മയെന്നെ പെറ്റുതീർന്നു’ എന്ന വരിയിൽ തെളിയുന്ന അമ്മയുടെ മാനസികാവസ്ഥ എന്ത്?
    - ഗർഭപാത്രത്തിലെന്ന പോലെ മകനെ ശുശ്രൂഷിക്കുന്ന അമ്മ
    - മകനക്കുറിച്ച് എപ്പോഴും വേവലാതികൊള്ളുന്ന അമ്മ
    - മാതൃത്വം എന്ന ഭാവം മരണത്തിൽ മാത്രമേ അവസാനിക്കുന്നുള്ളൂ.

- ‘ശരീര വേദന കൊണ്ടല്ലാതെ ഇനിയാരും കരയുകയില്ല’
  ഇവിടെ തെളിയുന്ന സാമൂഹിക യാഥാർത്ഥ്യമെന്ത്?
    - ഉള്ളറിഞ്ഞ് സങ്കടപ്പെടാൻ പോലും കഴിയാത്ത തരത്തിൽ മാറിപ്പോയവർ.

‘അത്താഴപ്പട്ടിണി എന്ന പദത്തിനുപകരം അത്താഴപ്പഷ്ണി’ എന്നു പ്രയോഗിക്കുമ്പോൾ കവിതയ്ക്കുണ്ടാവുന്ന സൗന്ദര്യം എന്ത്?

കണ്ടെത്തിയ ആശയങ്ങളുടെ അടിസ്ഥാനത്തിൽ കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.

**ആസ്വാദനം തയ്യാറാക്കുമ്പോൾ**

- കവിത പൂർണമായി ഉൾക്കൊള്ളാൻ പാകത്തിൽ മൂന്ന് നാലാവൃത്തി വായിക്കണം.
- വരികൾക്കിടയിലും വരികൾക്കപ്പുറവും ഒളിച്ചിരിക്കുന്ന ആശയങ്ങൾ കണ്ടെത്തണം..
- കാവ്യഭംഗി വർദ്ധിപ്പിക്കുന്ന അലങ്കാര പ്രയോഗങ്ങൾ ബിംബകല്പനകൾ, പ്രയോഗസവിശേഷതകൾ, ശൈലികൾ, ആഖ്യാനഭംഗി തുടങ്ങിയ ഘടകങ്ങൾ കണ്ടെത്തി അവതരിപ്പിക്കണം.
- ധ്വന്യാത്മക ആശയങ്ങൾ കണ്ടെത്തണം.
- ഉള്ളടക്കത്തെ സംക്ഷിപ്തമായി അവതരിപ്പിക്കണം.
- നിങ്ങളുടെ വിലയിരുത്തലുകളും വിമർശനങ്ങളും അവതരിപ്പിക്കണം.
- ശ്രദ്ധേയവരികളും ഇഷ്ടപ്പെട്ടവരികളും ഉദ്ധരിക്കണം.
- കവിയെക്കുറിച്ചും കൃതിയെക്കുറിച്ചും ഒരു ഖണ്ഡിക ,കവിതയുടെ ഉള്ളടക്കം ഒരു ഖണ്ഡിക, നിങ്ങളുടെ കണ്ടെത്തലുകൾക്കും വിലയിരുത്തലുകൾക്കും ഒരു ഖണ്ഡിക എന്നിങ്ങനെയുള്ള ഘടന പാലിക്കുന്നത് നന്നായിരിക്കും.
- കവിതയടെ ഉള്ളടക്കവുമായി ബന്ധപ്പെട്ട തലക്കെട്ട് നൽകണം

**ചുവടെ കൊടുത്തിരിക്കുന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക**

**കടങ്കഥ**

“അമ്മ കറുത്തത്, മകളു വെളുത്തത്
മകളുടെ മകളൊരു സുന്ദരിപ്പെണ്ണ്
നല്ല കടംകഥയാ,ണിതിനുത്തരം
വെള്ളിലവള്ളിയെന്നാണത്രേ
പച്ചില, വെള്ളില, പൂവും പാർത്താൽ
നിശ്ചയമിക്കഥ യോജിക്കും
സമ്മതമാണെനിക്കെല്ലാമെങ്കിലു-
മമ്മയൊടാണെൻ വാത്സല്യം
അമ്മയടുക്കളവേലയിൽ മുങ്ങാൻ
മകളുടെ പൊൻമകൾ ചുണ്ടിൽച്ചായം
ചൊകചൊകയിട്ടു കുണുങ്ങാനും!
അമ്മ കറുത്തിട്ടായാലെന്താ-
ണമ്മയ്ക്കത്രേ സൗന്ദര്യം”

*- വൈലോപ്പിള്ളി ശ്രീധരമേനോൻ*

## 8. എന്തൊക്കെയോ നഷ്ടപ്പെട്ടൊരാൾ - ഇ. ഹരികുമാർ

“പ്രശാന്തമായി ഒഴുകുന്ന ഒരരുവിപോലെയാണ് ഇ. ഹരികുമാറിന്റെ എന്തൊക്കെയോ നഷ്ടപ്പെട്ടൊരാൾ എന്ന കഥ- അനുക്രമമായി വികസിക്കുന്ന കഥ - ലളിത സുന്ദരമായ ഒരു ആവിഷ്കാരമാണ്” നിങ്ങളുടെ പ്രതികരണം കുറിക്കൂ.


- ☞ ആർക്കും മനസ്സിലാകുന്ന ഭാഷ
- ☞ മിഴിവാർന്ന കഥാപാത്ര സൃഷ്ടി

.......................................................

.......................................................

വിരുദ്ധമായ ജീവിതാവസ്ഥയുടെ ആവിഷ്കാരം.

രമണി എന്ന കഥാപാത്രത്തെ വിശകലനം ചെയ്ത് കൂടുതൽ പ്രത്യേകതകൾ കണ്ടെത്തൂ.



'കഥാനായകൻ' നമ്മുടെ ചുറ്റുപാടും കാണുന്ന മധ്യവർഗമനുഷ്യന്റെ പ്രതിനിധി തന്നെയല്ലേ? ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

### ബാക്കി വല്ലതുമുണ്ടോ?

***- എൻ.വി. കൃഷ്ണവാരിയർ***

"ബാക്കി വല്ലതുമുണ്ടോ?
ദയപോയ് ദാക്ഷിണ്യം പോയ്
ലോഹ്യം പോയ്, മര്യാദ പോയ്
ബാക്കി വല്ലതുമുണ്ടോ?"

വാതിലൊക്കെയും പൂട്ടി താഴിട്ടിരിക്കുന്നു
നാലയൽപക്കത്തന്യജനത്തിൽ നിസ്സംഗത്വം
നമ്മൾക്കു നാമേ തീർത്ത ചങ്ങല, കാലിന് കൈയിൽ
നെഞ്ചത്തിൽ മർമ്മങ്ങളിൽ കുരുങ്ങിക്കനക്കുന്നു.
ബാക്കിവല്ലതുമുണ്ടോ? പുഞ്ചിരിമാഞ്ഞു, കണ്ണീർ
വറ്റി ഹൃത്സ്പന്ദം മന്ദം ബാക്കി വല്ലതുമുണ്ടോ?

കവിതയിലെ പ്രമേയവും എന്തൊക്കെയോ നഷ്ടപ്പെട്ടൊരാൾ എന്ന കഥയിലെ പ്രമേയവും താരതമ്യം ചെയ്ത് ആസ്വാദനം തയ്യാറാക്കൂ.

### ശീർഷകത്തിന്റെ പൊരുൾ തേടി...

'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥയിലെ ശീർഷകം നിങ്ങളെങ്ങനെ വായിച്ചെടുക്കുന്നു.

എന്തൊക്കെ പരിഗണിക്കണം?

☞ ശീർഷകത്തിന്റെ കേവലാശയം
- ☞ കഥാനായകന് 'എന്തൊക്കെയോ' നഷ്ടപ്പെടുന്നു
- ☞ എന്തൊക്കെയായിരിക്കാം?
  - സ്നേഹം
  - വാത്സല്യം
  - വ്യക്തിത്വം
  - സ്വാതന്ത്ര്യം
  - സഹാനുഭൂതി
  - ചിന്ത
  - ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കാൻ കഴിയുന്നില്ല

വികസിപ്പിച്ചല്ലോ? കഥാസന്ദർഭവുമായി സൂചനകളെ ബന്ധിപ്പിച്ചുനോക്കൂ.

- ബാല്യകാലാനുഭവങ്ങൾ (പൂച്ചക്കുട്ടിയെ ഉപേക്ഷിക്കേണ്ടിവന്നത്)
- സാഹചര്യങ്ങൾ

ഇതുതന്നെയല്ലേ ശീർഷകത്തിന്റെ പൊരുൾ?

**പരിഗണിക്കേണ്ടവ**

ശീർഷകത്തിന്റെ കേവലാശയം

സവിശേഷാശയം

കഥാസന്ദർഭവുമായുള്ള ബന്ധം

ഉചിതമായ ഭാഷ

**ഭാഷാവസ്തുതകൾ**

- എണ്ണമയമില്ലാത്ത തലമുടിയും നരച്ച ഫ്രോക്കുമണിഞ്ഞ ആറോ ഏഴോ വയസ്സുള്ള പെൺകുട്ടി.
- ഈ വാക്യത്തെ ലഘുവാക്യങ്ങളായി എഴുതി നോക്കൂ.

എണ്ണമയമില്ലാത്ത് തലമുടി.

**ശ്രദ്ധിക്കേണ്ടവ**

ഓരോ വാക്യത്തിനും പൂർണ ആശയം ഉണ്ടാകണം

ദീർഘവാക്യത്തിന്റെ പൂർണാശയം ലഭിക്കണം

ആറോ ഏഴോ വയസ്സുള്ള പെൺകുട്ടി

നരച്ച ഫ്രോക്കണിഞ്ഞ പെൺകുട്ടി

ഇതുപോലെ ചുവടെ കൊടുത്തിരിക്കുന്നവയെ മാറ്റിയെഴുതാം

- കൂലിവേല ചെയ്തുജീവിക്കുന്നവരായ പാവപ്പെട്ട അമ്മയും മകനും നടന്നു വരുന്നു.
- ഞാൻ പേപ്പർ മടക്കുകയും കണ്ണടച്ചിരിക്കുകയും കുറെസമയം കരയുകയും ചെയ്തു.

***

# യൂണിറ്റ് 3
# അലയും മലയും കടന്നവർ

| പാഠ ഭാഗങ്ങൾ | രചയിതാവ് | പ്രധാന കൃതികൾ |
|---|---|---|
| ആടുജീവിതം | ബെന്യാമിൻ | പ്രവാചകന്മാരുടെ രണ്ടാം പുസ്തകം<br>മഞ്ഞവെയിൽ മരണങ്ങൾ<br>അബീശഗിൻ (നോവലുകൾ) |
| ആസ്സാം പണിക്കാർ | വൈലോപ്പിള്ളിൽ ശ്രീധരമേനോൻ | മാമ്പഴം, സഹ്യന്റെ മകൻ, കണ്ണീർപാടം, പന്തങ്ങൾ, കന്നിക്കൊയ്ത്ത്, ശ്രീരേഖ, വിത്തും കൈക്കോട്ടും, കടൽകാക്കകൾ, കുടിയൊഴിക്കൽ. |

**9. ആടുജീവിതം**

ആടുജിവിതം എന്ന നോവൽ വായിച്ചതിനു ശേഷം ഗൾഫുകാരെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിൽ എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടോ?

വായിക്കുന്നതിനു മുമ്പ് അവരെക്കുറിച്ച് നിങ്ങൾക്കുണ്ടായിരുന്ന ധാരണകൾ എന്തൊക്കെ യായിരുന്നു? വായനയ്ക്കുശേഷം അതിനെന്തു സംഭവിച്ചു?

ഒന്നെഴുതി നോക്കാം

| വായനക്കു മുമ്പ് | വായനക്കു ശേഷം |
|---|---|
| • സുഖലോലുപത | • കഷ്ടപ്പാട് |
| • പണം കായ്കുന്ന മരം | • അടിമത്തം |
| • ......................... | • ......................... |
| • ............................ | • ......................... |

നിങ്ങളുടെ ധാരണകൾ തിരുത്തിക്കുറിക്കുന്നതിന് പാഠഭാഗത്തുള്ള ഏതൊക്കെ സന്ദർങ്ങൾ കാരണമായിട്ടുണ്ട്?

- മരുഭൂമിയിൽ ഒറ്റപ്പെട്ട അവസ്ഥ
- സഹായാഭ്യർഥന പരിഗണിക്കാത്ത ഡ്രൈവർ

- അപരിചിതനെ ശപിച്ചു പോകുന്ന സന്ദർഭം
- കിട്ടില്ലെന്നറിഞ്ഞിട്ടും കത്തെഴുതുന്നു.

ഈ സന്ദർഭങ്ങൾ അവതരിപ്പിക്കുന്നതിന് നോവലിസ്റ്റ് എന്തെങ്കിലും പ്രത്യേക തന്ത്രം സ്വീക രിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

- അപൂർണങ്ങളായ വാക്യങ്ങൾ (എന്റെ നെഞ്ച് തകർന്നു പോയ വിധം.........)
- ദീർഘങ്ങളായ വാക്യങ്ങൾ (ഞാനും ഒരു അർബാബും...................... ലോറിയുമാണ്)
- കൊച്ചു കൊച്ചു വാക്യങ്ങൾ (ഞാൻ പേപ്പർ മടക്കി. പിന്നെ കണ്ണടച്ചിരുന്നു. കുറേ കരഞ്ഞു)
- ................................

ഇങ്ങനെ അവതരിപ്പിച്ചപ്പോൾ സന്ദർഭത്തിനു കൈവന്ന സവിശേഷതകൾ എന്തൊക്കയാണ്?

- വികാര തീവ്രത
- സന്ദർഭത്തിനൊത്ത ഭാവം
- ....................................

ഇതു വരെ നടത്തിയ വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രവർത്തന ങ്ങൾ ചെയ്തുനോക്കൂ.

1. " അയാളുടെ വിയർപ്പിനു പോലും ഒരു മണമുണ്ടെന്ന് എനിക്കു തോന്നിപ്പോയി"
   നജീബിന്റെ ഏതു മാനസികാവസ്ഥയാണ് ഇവിടെ വെളിവാക്കപ്പെടുന്നത്?

ഈ ചോദ്യത്തിന് എങ്ങനെ ഉത്തരം തയ്യാറാക്കാമെന്നു നോക്കാം.

ഒറ്റപ്പെട്ടു കഴിയുന്ന കഥാനായകന്റെ മാനസികാവസ്ഥയാണല്ലോ ഇവിടെ അവതരിപ്പിക്ക പ്പെടുന്നത്. ഇവിടെ അയാളും ഞാനും ആരാണെന്ന് വ്യക്തമാക്കണം. (നജീബും പാക്കി സ്ഥാനി ഡ്രൈവറും) സാധാരണഗതിയിൽ വിയർപ്പിനു നാറ്റമാണ്. അതിനു പകരം മണമു ണ്ടെന്നു തോന്നുന്നത് എന്തു കൊണ്ടാണെന്ന് വിശദമാക്കണം. (ഏറെക്കാലത്തിനു ശേഷ മാണ് ഒരു മനുഷ്യന്റെ സാമീപ്യം ഇയാളറിയുന്നത്. കുളിക്കാതെ വൃത്തിഹീനമായ പരിസ രങ്ങളിൽ ആടുകൾക്കും ഒട്ടകങ്ങൾക്കുമൊപ്പം കഴിയുന്ന നജീബിന്റെ പരിതാപകരമായ അവസ്ഥ ഇവിടെ വ്യക്തമാക്കപ്പെടുന്നു. വിയർപ്പിന്റെ ചെറിയ നാറ്റം പോലും മണമായി അനുഭവപ്പെടുന്നു.)

2. " എന്നെ അകലത്താക്കി ആ വണ്ടികൾ പൊടിപറത്തി ദൂരേക്ക് ഓടി മറയുമ്പോൾ എന്നിൽ നിന്ന് ഒരു ലോകം തന്നെ ഓടി മറയുന്നതായിട്ടാണ് എനിക്കു തോന്നുക. അന്നേരം ഹൃദയം വാർന്നൊഴുകിയതു പോലെ ഒരു തളർച്ച എന്നെ ബാധിക്കും"

"ഇതാ ആ നിമിഷം വന്നിരിക്കുന്നു എന്നായിരുന്നു അപ്പോഴത്തെ വിചാരം. പക്ഷേ അയാളുടെ ഒരൊറ്റ നിസംഗനോട്ടം കൊണ്ട് ആ പ്രതീക്ഷയെല്ലാം എന്നിൽ നിന്ന് അപ്പാടെ വാർന്നൊഴുകിപ്പോയി"

അടിവരയിട്ട പ്രയോഗങ്ങൾ ധ്വനിപ്പിക്കുന്ന ആശയങ്ങൾ വിശകലനം ചെയ്യുക.

രണ്ട് സന്ദർഭങ്ങളിലായി 'വാർന്നൊഴുകിപ്പോയി' എന്നു പ്രയോഗിച്ചിരിക്കന്നതിലെ ധ്വനി വിശകലനം ചെയ്യാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നജീബിനുണ്ടായ നിരാശയുടെ ആഴം എത്രമാത്രം വലുതാണെന്ന് ഈ രണ്ടു സന്ദർഭങ്ങളും വ്യക്തമാക്കുന്നു. ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന കാര്യങ്ങൾ രണ്ടു സന്ദർഭങ്ങളിലും അയാളിൽ നിന്ന് അകന്നു പോവുകയാണ്. ഇതു ശക്തമായി ആവിഷ്കരിക്കാൻ ഈ പ്രയോഗത്തിനു കഴിയുന്നു.

3. "ആ ഒറ്റമുറിയുടെ മൾട്ടിസാധ്യത കണ്ട് ഞാൻ അന്തം വിട്ടു. നേരം പുലർ ന്ന് പായയും തലയണയും അയയിലിടുന്നതോടെ അത് ബാത്ത്റൂമാവുന്നു. പിന്നെ അലക്കും കുളിയുമെല്ലാം അവിടെത്തന്നെ. അതു തീർന്നാലുടൻ വലിയ ഫാനിട്ട് ഉണക്കുകയായി. അവിടം കിച്ചണാവുകയായി. സ്റ്റൗവിൽ ചായയും ഉപ്പുമാവും ഒരുങ്ങന്നതോടൊപ്പം രണ്ടുനേരത്തേക്കുള്ള ചോറും കറിയും റെഡി. അയയിലുള്ള പായയും തലയണയും വീണ്ടും താഴെയിറങ്ങുകയായി. ബെഡ് റൂമായി രൂപാന്തരപ്പെടുകയായി. പല വഴിക്കുള്ള പകലലച്ചിലുകൾക്കൊടുവിൽ, വറചട്ടിയിൽ മീനടുക്കിവച്ച പോലെ രാത്രി പതിനാറുപേർ അവിടെ അട്ടിയിട്ട് കിടന്നുറങ്ങുന്നു" - സഗീർ

" ലേബർ ക്യാമ്പുകളിലെ കട്ടിലുകൾക്കരികിലെ ചുവരിൽ എഴുതിവച്ചിരുന്ന വാക്കുകളും വാചകങ്ങളും ഞാനൊരു ഡയറിയിൽ പകർത്തി വച്ചിരുന്നു. ഒരു വാചകം ഇതാണ്. 'ഹാപ്പി ബർത്ത് ഡേ, റോഷ്നി - നിനക്കിന്ന് അഞ്ചു വയസ്സായി' കൂടെ ഒരു നക്ഷത്രവും. നക്ഷത്രത്തിൽ ഞാത്തിയ ബലൂണും. മകളുടെ അഞ്ചാം പിറന്നാളിന് ആ ലേബർ ക്യാമ്പിന്റെ കട്ടിലിന്റെ താഴത്തെ നിലയിൽ കണ്ണീരണിഞ്ഞ കണ്ണുകളുമായി കിടക്കുന്ന ഒരച്ഛനെ ആ ചിത്രങ്ങളും വാചകങ്ങളും എന്റെ മനസ്സിലേക്കു കൊണ്ടു വന്നു" ബാബു ഭരദ്വാജ്.

മുകളിൽ കൊടുത്ത ഉദ്ധരണികളും ആടുജീവിതത്തിലെ ആശയങ്ങളും ഉപയോഗപ്പെടുത്തി 'പ്രവാസി ജീവിതം - സ്വപ്നങ്ങളും യാഥാർഥ്യവും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

ഉപന്യാസമെഴുതിത്തുടങ്ങുന്നതിനു മുമ്പ് ഇത് വിലയിരുത്തുന്നത് എന്തൊക്കെ സൂചനകൾ വച്ചു കൊണ്ടാണെന്ന് ഓർക്കുന്നത് ഉചിതമായിരിക്കും.

- തന്നിരിക്കുന്ന ഉദ്ധരണികളിലെയും ആടുജീവിതത്തിലെയും ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- ആശയങ്ങളുടെ സമകാലിക പ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ആശയങ്ങൾ ക്രമമായി അവതരിപ്പിച്ചിട്ടുണ്ട്.
- ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്.

തന്നിരിക്കുന്ന ഉദ്ധരണികൾ മനസ്സിരുത്തി വായിച്ചാൽ പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അവതരിപ്പിക്കാൻ എളുപ്പമാണ്. ഒപ്പം നജീബിലൂടെ നോവലിസ്റ്റ് ചൂണ്ടിക്കാട്ടിയ കാര്യങ്ങളും ഉൾപ്പെടുത്താം. പ്രവാസികളായ മലായളികളോടുള്ള കേരളീയരുടെ നിലപാടെന്താണ്? അവരെ പരമാവധി ചൂഷണം ചെയ്ത് ആഡംബര ജീവിതം നയിക്കുകയെന്നതും സമ്പത്തുള്ള കാലത്ത് ഉപയോഗപ്പെടുത്തി അവർ നിസ്സഹായരായി മാറുമ്പോൾ തിരിഞ്ഞു നോക്കാതിരിക്കുകയും ചെയ്യൽ തുടങ്ങിയവയൊക്കെ ചൂണ്ടിക്കാട്ടാനാവും. സർക്കാരുകൾ പ്രവാസികളോടു കാട്ടുന്ന നിലപാടുകളും ചർച്ച ചെയ്യപ്പെടണം. സ്വന്തം നിരീക്ഷണങ്ങൾ ഉപന്യാസത്തിൽ വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുൾപ്പെടുത്താൻ മറക്കരുത്.

ഉപന്യാസത്തിന്റെ ഘടനയെക്കുറിച്ച് അറിയാമല്ലോ. ആശയങ്ങളെ അടുക്കും ചിട്ടയോടും കൂടി ക്രമമായി അവതരിപ്പിക്കാൻ ഏറെ ശ്രദ്ധ വേണം. ഖണ്ഡികാകരണമാണ് ഇതിനായി ഉപയോഗപ്പെടുത്തേണ്ടത്. മികച്ച രീതിയിലുള്ള തുടക്കവും ഒടുക്കവും ഒപ്പം ആശയസമ്പുഷ്ടമായ തലക്കെട്ടുമായാൽ ഉപന്യാസത്തിന് മുഴുവൻ സ്കോറും നേടാൻ സാധിക്കും.

## 10. ആസ്സാംപണിക്കാർ

"കല്ലുകെട്ടാനും കോൺ കോൺക്രീറ്റു പണിയാനും ഉരുകിയൊലിക്കുന്ന ടാറു പുരട്ടി റോഡു പണിയും ടെലിഫോണിനു കേബിൾ കുഴിക്കാനും തെങ്ങുകയറാനുമൊക്കെയായി തമിഴനും ആന്ധ്രാക്കാരനും ബംഗാളിയുമെല്ലാം കുടിയേറുന്ന കേരളത്തിന്റെ ഇപ്പോഴത്തെ പൊതുമനസ്സിന് പണ്ട് പണി തേടി അസമിലേക്ക് നടത്തിയ ആ കുടിയേറ്റം ഒരു കെട്ടു കഥയായി തോന്നിയേക്കാം"
*- പി.ടി. കുഞ്ഞുമുഹമ്മദ്*

ആസ്സാം പണിക്കാർ എന്ന കവിതയെക്കുറിച്ചുള്ള ഈ നിരീക്ഷണത്തിന്റെ പ്രസക്തിതിരിച്ചറിയണമെങ്കിൽ കവിത മുഴുവനായും വായിക്കേണ്ടതുണ്ട്. ഇനിയും അതു ചെയ്യാത്ത കൂട്ടുകാരുണ്ടെങ്കിൽ അതിനവസരം കണ്ടെത്തണം. പ്രസ്താവനയിൽ പറയുന്നതു പോലെ ഇന്നു നമ്മുടെ നാട്ടിലെ ഏതു തൊഴിൽ മേഖലയെടുത്താലും നല്ലൊരു പങ്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്നു കാണാം.

അവരോട് നമ്മുടെ നാട്ടുകാരുടെ മനോഭാവം എങ്ങനെയുള്ളതാണ്? അവരെ മനുഷ്യരായി കാണാൻ നാം തയ്യാറാവാറുണ്ടോ? നജീബിന്റെ അർബാബിന്റെ നേർപ്പകർപ്പുകളെ നമുക്കിട യിലും കാണാറില്ലേ? അത്തരം വാർത്തകളില്ലാതെ ഒരു ദിവസം പോലും പത്രങ്ങൾ പുറത്തിറ ങ്ങാറില്ല. വാർത്തകൾ ശേഖരിച്ച് അന്യ സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ നേരിടുന്ന പ്രയാസങ്ങൾ എന്തൊക്കെയാണെന്ന് വിശകലന വിധേയമാക്കണം.

ഗൾഫ് പ്രവാസം തുടങ്ങുന്നതിനു മുമ്പ് മലായാളികൾ മറ്റു സംസ്ഥാനങ്ങളിൽ ജോലിതേ ടിപോയിരുന്ന ഒരു കാലമുണ്ടായിരുന്നുവെന്ന് നേരത്തെ പറഞ്ഞുവല്ലോ. നാട്ടിലെ പട്ടിണിയും വറുതിയും സഹിക്കാനാവാതെ പെറ്റനാടിനെ തള്ളിപ്പറഞ്ഞ് മറുനാട്ടിലെത്തിയവർ. പക്ഷെ അകലെ നിന്ന് നാടിനെ തിരുഞ്ഞു നോക്കുമ്പോൾ നാടവർക്ക് സ്വർഗമായനുഭവപ്പെട്ടു. തിരിച്ചു വരുന്ന വന്റെ ആഹ്ലാദമാണ് പാഠഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത്. ഏതൊക്കെ വരികളിൽ ഇതു തെളിഞ്ഞു കാണുന്നുവെന്ന് കണ്ടെത്താമല്ലോ.

- കുതിച്ചു തീവണ്ടി കിതച്ചു പായുന്നു.
- ................................................................
- മലനാടെത്രമേൽ മധുര ദർശനം
- പുഞ്ചിരിപൊഴിക്കും വീടുകൾ
- .........................................................
- .........................................................

കേരളത്തിന്റെ മനോഹര ചിത്രം വരച്ചു വച്ചിരിക്കുന്ന വരികൾ ഏതൊക്കെയാണ്?

- തുരുതുരെ കൊക്കു പറക്കും പാടങ്ങൾ

  ..........................................................................
- ..........................................................................

നാട്ടിൽ നിന്നു മാറിനിന്നപ്പോൾ പ്രവാസികളുടെ മനോവികാരത്തിലുണ്ടായ മാറ്റങ്ങൾ എങ്ങനെയൊക്കെയാണ് അവതരിപ്പിച്ചിരിക്കുന്നത്?

- ഇവിടെ ഞങ്ങൾക്കീപ്പഴയ മണ്ണിൽത്താ - നിനിയും ജീവിതം പടർത്തുകിൽ പോരും.
- ഇവിടെ സ്നേഹിപ്പാ നിവിടെയാശിപ്പാ -

നിവിടെ ദു:ഖിപ്പാൻ കഴിവതേ സുഖം.

- ..........................................................
- ..........................................................

ആസ്വാദനപരമായ എന്തൊക്കെ പ്രത്യേകതകൾ ഈ കവിതയിൽ നിന്നു കണ്ടെത്താ നാവും.

- പ്രാസം - (ഉദാഹരണങ്ങൾ കണ്ടെത്തൂ........)
- താളം - കുതിച്ചു തീവണ്ടി..............................
- ..........................................................

ഇതു വരെ നടത്തിയ വിശകലനങ്ങളുടെ വെളിച്ചത്തിൽ താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം നൽക്കാം.

1. "ഉദരത്തിൻ പശി കെടുത്താൻ പോയ് ഞങ്ങൾ

ഹൃദയത്തിൻ വിശപ്പടക്കുവാൻ പോന്നു"

ഇവിടെ പരാമർശിക്കുന്ന വിശപ്പുകൾ തമ്മിലുള്ള വ്യത്യാസം എന്തൊക്കെ? ഹൃദയത്തിന്റെ വിശപ്പ് എന്നു വിളിക്കാവുന്നത് എന്തിനെയൊക്കെയാണ്? വിശകലനം ചെയ്യുക.

(സ്വന്തം കാര്യം തന്നെ എടുത്തു നോക്കൂ. നിങ്ങൾക്ക് ഉദരത്തിന്റെ (വയറിന്റെ) വിശപ്പ് മാത്രമാണോ ഉള്ളത്. മറ്റെന്തൊക്കെ കാര്യത്തിൽ നിങ്ങൾക്ക് വിശപ്പു തോന്നാറുണ്ട്. ദരിദ്ര നായ ഒരു കുട്ടിയെ സംബന്ധിച്ച് അതിൽ നിന്നു മുക്തനാവാനുള്ള വിശപ്പായിരിക്കും ഉണ്ടാ വുക. കളിക്കാനും സുഖസൗകര്യത്തോടെ ജീവിക്കാനു ആഗ്രഹമുണ്ടാവും. പ്രവാസിയെ സംബന്ധിച്ചും ഇതൊക്കെ തന്നെ ബാധകം. മറുനാട്ടിൽ ജോലി ചെയ്താൽ പണം ലഭിക്കുമാ യിരിക്കും. പക്ഷെ ഇവിടത്തെ സൗഹൃദങ്ങളും ബന്ധുക്കളോടൊപ്പമുള്ള ജീവിതവും സാംസ്കാരിക പ്രവർത്തനങ്ങളും സാമൂഹിക ഇടപെടലുകളുമൊക്കെ അയാൾക്ക് നഷ്ടപ്പെ ടുന്നു. അതു നഷ്ടപ്പെടുമ്പോഴുള്ള വിശപ്പിന് പരിഹാരം തേടിയാണ് അവർ തിരികെ നാട്ടി ലേക്കു മടങ്ങുന്നത്.)

2. "ഒരൊറ്റതെങ്ങുകണ്ടിടത്തിലൊക്കെയും

സ്മരിച്ചു ഞങ്ങളീ പിറന്ന നാടിനെ

വെളുത്ത വസ്ത്രമൊന്നുടുത്തു കണ്ടിട -

ത്തലിവോടോർത്തതീയമല നാടിനെ" - *ആസ്സാം പണിക്കാർ*

പുതിയ കാലത്തെ പ്രവാസികൾക്ക് ഓർക്കാനായി ഇത്തരം സ്മരണകൾ ഇനിയും കേരള ത്തിൽ ബാക്കിയുണ്ടോ?

"കണ്ണീരണിഞ്ഞു കുഗ്രാമ-

ലക്ഷ്മി നോക്കിയിരിക്കവെ

കേവഞ്ചികേറിപ്പോയോണ-

വെണ്ണിലാവണി രാവുകൾ" - 'സൗന്ദര്യപൂജ'യിലെ ഈ വരികളുടെ പശ്ചാത്തലത്തിൽ പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

ആസ്സാം പണിക്കാരിലെ പ്രവാസികളായ മലയാളികൾക്ക് ഓർക്കാൻ നാടിന്റെ മനോഹര മായ പ്രകൃതിയും വസ്ത്രധാരണരീതികളുമുണ്ടായിരുന്നു. എന്നാൽ ഇന്ന് അതൊക്കെ അതേ പടി നിലനിൽക്കുന്നുണ്ടോ എന്നു പരിശോധിക്കണം. 'സൗന്ദര്യപൂജ'യിൽ പി ചൂണ്ടിക്കാട്ടുന്നതു പോലെ അവയൊക്കെ നാടുകടന്നു പോയിരിക്കയല്ലേ?

ഈ ആശയങ്ങളെ വിശകലന വിധേയമാക്കി നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക യാണ് ചെയ്യേണ്ടത്.

***

# അടിസ്ഥാനപാഠാവലി

ആകെ സ്കോർ : 40 സമയം : 1½ മണിക്കൂർ

**പൊതുനിർദ്ദേശങ്ങൾ**

- ആകെ 11 ചോദ്യങ്ങളാണ് നൽകിയിരിക്കുന്നത്.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചുമനസ്സിലാക്കിയതിനുശേഷം മാത്രം ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം
- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.

1. താഴെ നൽകിയിരിക്കുന്നവയിൽ നിന്നും എഴുത്തുകാരൻ, കൃതി, സാഹിത്യരൂപം ഈ രീതിയിൽ ക്രമപ്പെടുത്തുക.

ആറ്റൂർ രവിവർമ്മ, കർമവിപാകം, നോവൽ, ഇ. ഹരികുമാർ, ആത്മകഥ, മേഘരൂപൻ, ബെന്ന്യാമിൻ, ചെറുകഥ, വി.ടി. ഭട്ടതിരിപ്പാട്, യുത്തനേസിയ, കവിത, ദിനോസറിന്റെ കുട്ടി

(സ്കോർ 4)

2. ഒരു പ്രദേശത്തെയോ നശിപ്പിക്കാൻവേണ്ടിയോ അല്ലെങ്കിൽ ഒരു ജനതയുടെ ആത്മവീര്യം കെടുത്താൻ ഉചിതമായ ഏറ്റവും നല്ലത് ആ ഭാഷയെ താഴ്ത്തികെട്ടുക എന്നുള്ളതാണ്.
- ഭാഷാപരമായ അഭംഗികൾ പരിഹരിച്ച് മാറ്റിയെഴുതുക. (സ്കോർ 2)

3. "കണ്ണീരണിഞ്ഞുകുഗ്രാമ-
ലക്ഷ്മിനോക്കിയിരിക്കവെ
കേവഞ്ചികേറിപ്പോയോണ-
വെണ്ണിലാവണിരാവുകൾ"
- അടിവരയിട്ട പദം നൽകുന്ന അർത്ഥഭംഗി കുറിക്കുക. (സ്കോർ 2)

4. പ്രാഥമികവിദ്യാഭ്യാസത്തിൽ നിന്ന് രണ്ടാംഘട്ട വിദ്യാഭ്യാസത്തിന് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തിരുന്നത് പരീക്ഷയിലൂടെയാണ്.
വിദ്യാർത്ഥികൾ - വിദ്യ അർത്ഥിക്കുന്നവർ
ഇതുപോലെ അടിവരയിട്ട പദങ്ങളെ മാറ്റിയെഴുതുക. (സ്കോർ 2)

5. "മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം-
ചുണ്ടിൻമേലമ്മിഞ്ഞപ്പാലോടൊപ്പം"
- വള്ളത്തോൾ

"ഭൂമിയുടെ പുഴകൾക്കും കനികൾക്കും മുമ്പേ
എന്നെ അമൃതൂട്ടിയിരുന്ന പൊക്കിൾക്കൊടി"
- *സച്ചിദാനന്ദൻ*

- ഭാഷാ വളർച്ചയുടെ രണ്ട് വ്യത്യസ്ത ഘട്ടങ്ങളാണ് വള്ളത്തോളും സച്ചിദാനന്ദനും വിവരിക്കുന്നത്. കാവ്യഭാഗത്തെ ആശയങ്ങൾ പ്രയോജനപ്പെടുത്തി താരതമ്യക്കുറിപ്പ് തയ്യാറാക്കുക (സ്കോർ 4)

6. "പെട്ടെന്നുവന്നൂ പെരുമഴ, ഉമ്മയോ
ചിക്കെന്നകത്തു തിരഞ്ഞുചെന്നു
വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ
പുള്ളിക്കുട ചെന്നെടുത്തുപാഞ്ഞു"
- കവിതയിലെ 'വില്ലൊടിഞ്ഞു' 'ചിണുങ്ങി' എന്നീ പദങ്ങൾ കവിതയ്ക്ക് നൽകുന്ന ആശയതലവും ഭാവതലവും കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക (സ്കോർ 4)

7. 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' - എന്ന കഥയിലെ ശീർഷകത്തിന്റെ ഔചിത്യം കുറിക്കുക (സ്കോർ 4)

8. "ഉദരത്തിൻ പശി കെടുത്താൻ പോയ് ഞങ്ങൾ;
ഹൃദയത്തിൻ വിശപ്പടക്കുവാൻ പോന്നു"
- ഉദരത്തിൽപശി, ഹൃദയത്തിൻ വിശപ്പ് എന്നീ പദങ്ങളിൽ തെളിയുന്ന ജീവിതാവസ്ഥകൾ വ്യക്തമാക്കുക. (സ്കോർ 4)

9. യാഥാർത്ഥ്യങ്ങൾ കെട്ടുകഥകളേക്കാൾ വിചിത്രമാണ് എന്നതാണ് 'ആടുജീവിതം' എന്ന നോവൽ നൽകുന്ന തിരിച്ചറിവ്. സമകാലികാവസ്ഥയിൽ ഇത്തരം പ്രശ്നങ്ങൾ നമ്മൾ നേരിടുന്നുണ്ടോ? 'തിരികെ വരുന്ന പ്രവാസികളും ജീവിതവും' എന്ന വിഷയത്തെ അവലംബിച്ച് എഡിറ്റോറിയൽ തയ്യാറാക്കുക. (സ്കോർ 6)

10. 'അസ്വതന്ത്രമാക്കണമെന്നുണ്ടെങ്കിൽ അടിമകളാക്കണമെന്നുണ്ടെങ്കിൽ അവരിൽ നിന്ന് ഭാഷ നീക്കം ചെയ്യുക എന്നുള്ളതാണ് മാർഗ്ഗം.' - എം.ടി. വാസുദേവൻ നായർ.
- ഈ നിരീക്ഷണവും 'വാക്കാംവർണക്കുടചൂടി' എന്ന യൂണിറ്റിലെ പ്രസക്തഭാഗങ്ങളും പ്രയോജനപ്പെടുത്തി 'മാതൃഭാഷ വെല്ലുവിളി നേരിടുന്നുണ്ടോ?' എന്ന വിഷയത്തെക്കുറിച്ച് ലഘു ഉപന്യാസം എഴുതുക. (സ്കോർ 6)

**11. ആസ്വാദനം തയ്യാറാക്കുക.**

# പ്രകൃതി

*പി. സുരേന്ദ്രൻ*

***കഥ***

അവസാന മിനുക്കുപണി കഴിഞ്ഞ് ശില്പത്തെ മൂന്നുതവണ വലംവെച്ചു. ഉളിമുനയേറ്റ മുറിവുകളിൽ തലോടി അതിന്റെ മനോഹാരിത മുഴുവൻ തിരിച്ചറിഞ്ഞു. പിന്നെ ശില്പത്തോട് അയാൾ ചോദിച്ചു : 'ഞാൻ നിന്നെ പാറയിൽ നിന്നു മോചിപ്പിച്ചു കഴിഞ്ഞു. പറയൂ ഇനിയെന്താണ് നിന്റെ മോഹം? ഈ പ്രപഞ്ചത്തിൽ എവിടെയാണ് ഞാൻ നിന്നെ പ്രതിഷ്ഠിക്കേണ്ടത്?'

ശില്പം പറഞ്ഞു:

'എനിക്കെന്റെ തനിമയിലേക്കുതന്നെ തിരിച്ചുപോയാൽ മതി. എനിക്ക് വെറുമൊരു പാറയായാൽ മതി. എന്നിട്ട് ഒരു കാട്ടരുവിയുടെ വക്കത്തു കിടക്കണം. ഈ ഭൂമിയെ പ്രളയം വിഴുങ്ങുന്ന കാലംവരെ.'

അയാൾ ഉളി വലിച്ചെറിഞ്ഞു കരയാൻ തുടങ്ങി.

***